KNANAYADEEPAM
SINCE 1989

# ക്നാനായദീപം

Vol: 33 / Issue: 10 October 2022 ₹:10/-



## 2nd Death Anniversary

16-10-2022



# P. S. Abraham (Kunjumon)

## Puthenveettil, Chingavanam

Advt -G

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

By Sorrowing Family

# ക്നാനായ ദീപം

SINCE 1989

2022 ഒക്ടോബർ പുസ്തകം 33 ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കൂദോശ് ഈത്തോയും വിശ്വാസജീവിതവും 08
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

ദേശത്തിന്റെ ദയനീയ അവസ്ഥ 09
ജെയിനമ്മ മർക്കോസ്

ഒരു വാക്ക് ഒരു ജീവിതം മാറ്റിമറിച്ചു 10
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

ചെന്നൈ സെന്റ് മേരീസ് ക്നാനായപള്ളി 19

പരി. കന്യക മറിയം 22
ലീലാമ്മ ഏബ്രഹാം പാലക്കുടി

എഡേസ്സായിലെ വിശുദ്ധ അഫ്രേം 24
ജോബിൻ പാലക്കുടി

ഹൃദയംഗമമായ അദ്ധ്യാപനം 25
സുനിൽ ഡി. കുരുവിള

മാറുന്ന സമൂഹം 27
റ്റി.സി. തോമസ് തോപ്പിൽ

20-ാം ശ്രാദ്ധപ്പെരുന്നാൾ 28
റ്റിംസ് തോമസ് കൊച്ചുപറമ്പിൽ

29 ഏവൻഗേലിയോൻ ദീപം
ഡീ. സ്റ്റെവിൻ ഏബ്രഹാം ജോസഫ് പുളിമൂട്ടിൽ

32 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

37 മല്പാനോട് ചോദിക്കാം

38 സൂര്യനെ അണിഞ്ഞ സ്ത്രീ
ഫാ. ജിനു കുരുവിള കിഴക്കേമുട്ടത്തിൽ

42 കാല്പ്പാടുകൾ
എബി

43 കനാൻ ദേശം
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

45 മാട്രിമോണിയൽ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയരെ,**

ലോകോൽപ്പത്തിക്കുശേഷം ലോകം കണ്ടിട്ടുള്ളതിലേക്കും ഏറ്റവും കൂടുതൽ മതപരമായ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടമാടുന്നത് ഈ നൂറ്റാണ്ടിലാണെന്നുള്ളതിന് സംശയമില്ല. എന്നാൽ അക്രമം, അനീതി, അസമാധാനം, അട്ടിമറി, കടൽക്കൊള്ള, കൊള്ളിവെയ്പ്, ഹൈജാക്കിംഗ്, ഭവനഭേദനം, ബലാൽസംഗം, പീഡനം തുടങ്ങിയ ക്രിമിനൽ കുറ്റങ്ങൾ ഇത്രമാത്രം വർദ്ധിച്ചുവരുന്ന ഒരു കാലയളവും വേറെ ഇല്ലെന്ന് സമ്മതിച്ചേ തീരുകയുള്ളു. മതപ്രവർത്തനങ്ങളിൽ ഇന്നു കാണുന്ന പ്രകടന പ്രവണത രാഷ്ട്രീയ ലോകത്തേയും കവിയുന്നതാണ്. മതം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധമാണ്. ആ ബന്ധം വ്യക്തിയിലും, കുടുംബത്തിലും, സമുദായത്തിലും വരുത്തിയ, വരുത്തുന്ന ആന്തരികവും ബാഹ്യവുമായ പരിവർത്തനമാണ്. മതത്തിന്റെ പ്രകടനം അത് തെരുവിൽ കാണിക്കുന്നില്ല. ജീവിതത്തിൽ വ്യത്യാസം വരുത്തുന്നതാണ്. വെറും പ്രദർശനമല്ല. അനുഭവമാണ്.

ക്രിസ്തു ആർഭാടവും പ്രകടനവുമില്ലാത്ത ഒരു ആത്മീയതയാണ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. പ്രാർത്ഥനയെപ്പറ്റി അവിടുന്നു പറഞ്ഞു. "നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും". മനുഷ്യരുടെ മുമ്പിൽ പ്രകടിപ്പിക്കേണ്ടതിന് കവലകളിലും പള്ളികളിലും നിന്ന് ഉച്ചഭാഷിണിയിൽ ശബ്ദമുയർത്തി പ്രാർത്ഥിക്കുന്നതിനെ കർത്താവ് അപലപിച്ചു. ദാനധർമ്മം ചെയ്യുന്നത് സംബന്ധിച്ചു കർത്താവ് പഠിപ്പിച്ചത്, മനുഷ്യരാൽ മാനം ലഭിപ്പാൻ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത് എന്നാണ്. വലംകൈ ചെയ്യുന്നതെന്തെന്ന് ഇടംകൈ അറിയരുത് എന്നായിരുന്നു അവിടുത്തെ പ്രമാണം. ഭക്തി പ്രകടിപ്പിക്കുന്നതിനു വെമ്പുന്നവരോട് നിങ്ങൾക്ക് അയ്യോ കഷ്ടം എന്നാണ് കർത്താവ് പറഞ്ഞത്. ഭക്തിയുടെ പ്രകടനങ്ങളെ കല്ലറയ്ക്കു വെള്ളപൂശുന്നതിനോടു കർത്താവ് ഉപമിച്ചു. ഈ വെള്ള പൂശലാണ് ഇന്ന് ഭക്തലോകത്തിൽ എവിടെയും നാം കാണുന്നത്. തെരുവിൽ പ്രകടനങ്ങളുണ്ട്, ഹൃദയത്തിൽ ഒരു ആത്മീകാനുഭവവും ഇല്ല. ക്രിസ്തീയ ദൈവാലയങ്ങൾ നോക്കുക. വെളിയിൽനിന്ന് നോക്കിയാൽ എത്ര ആകർഷകം. ആകാശം മുട്ടി നിൽക്കുന്ന ഗോപുരങ്ങൾ, ഉള്ളിലോ തേജോമയനായ ദൈവം ഇറങ്ങിവരുന്ന സ്ഥലം. അതു മനോഹരമായി പണിതു എന്നു പറഞ്ഞാൽ അങ്ങുസമ്മതിക്കാം. എന്നാൽ കോടികൾ മുടക്കി പള്ളികളും ലക്ഷങ്ങൾ മുടക്കി കവലകൾ തോറും കുരിശടികളും സ്ഥാപിക്കുന്നത് എന്തിന്? വിശുദ്ധന്മാരുടെ തിരുശേഷിപ്പ് എന്നു പറഞ്ഞ് അവർ ഉപയോഗിച്ച തുണികളും മറ്റും പേടകത്തിൽ സ്ഥാപിച്ച് മുമ്പിൽ ഭണ്ഡാരമായി വച്ച് അവിടെ നിന്നും അത്ഭുതങ്ങൾ ഉണ്ടായി എന്ന് പ്രസ്താവനകൾ ഇറക്കി പണം സമ്പാദിക്കുന്നത് ആർക്കുവേണ്ടി? സഭാദ്ധ്യക്ഷന്മാർക്ക് നൽകുന്ന സ്വീകരണങ്ങൾ എത്ര ആഡംബര പൂർണ്ണങ്ങളാണ്. തങ്ങളുടെ സഭയുടെ ശക്തി പ്രകടനമാണ്. എത്ര ആയിരം രൂപയാണ് ഈ വക പ്രകടനങ്ങൾക്കും മറ്റും ചിലവഴിക്കുന്നതിന്റെ ഒരംശംപോലും ഭാരതത്തിലെ തങ്ങളുടെ സ്നേഹിതന്മാർ ക്രിസ്തുവിന്റെ ക്രൂശിന്റെ സന്ദേശം അറിയിക്കാൻ കൊടുക്കുന്നില്ല. പല കൺവൻഷനുകളും തങ്ങളുടെ കഴിവും സ്വാധീനതയും കാണിക്കാനുള്ളതാണ്. പിന്മാറ്റക്കാരുടെ തിരിച്ചുവരവിനും പാപികളുടെ മാനസാന്തരത്തിനും എന്ന് നോട്ടീസിൽ കാണും. ഒരുത്തനും മടങ്ങി വരുന്നില്ല. അതിൽ ആർക്കും പരിഭവപ്പെടലില്ല. ബൈബിൾ സ്കൂളുകൾ, മാസികകൾ, ക്യാമ്പുകൾ ഒക്കെ പ്രകടനങ്ങളുടെ പ്രതീകങ്ങളായിത്തീർന്നിട്ടുണ്ട്. അതുകൊണ്ടാണ് ആത്മീകാഭിവൃദ്ധി ഉണ്ടാകാത്തത്. ഭിന്നതകൾ, പ്രശ്നങ്ങൾ, കേസുകൾ ഇവ വർദ്ധിക്കുന്നത്.

പരിഷ്കാരത്തിന്റെ പാരമ്യത്തിലെത്തിയിരിക്കുന്നു എന്നഭിമാനിക്കുന്ന പട്ടണങ്ങളിൽ പാപവും അതിന്റെ പരിഷ്ക്കരിച്ച പതിപ്പിൽ സ്ഥാനം പിടിച്ചിരിക്കുകയാണ്. വിശുദ്ധ ബൈബിളിലേക്ക് നോക്കിയാൽ ഉല്പത്തി പുസ്തകത്തിൽ ഒരു ജലപ്രളയത്തെക്കുറിച്ചുള്ള പരാമർശം കാണാം. ജനത്തിന്റെ പാപപ്പെരുമമൂലം ദൈവത്തിനു ദു:ഖമായി എന്നു തൽനിവാരണാർത്ഥം ഒരു ജലപ്രളയം അയച്ചു എന്നു വായിക്കുന്നു. സ്നേഹിതരെ, നിങ്ങളെ സൃഷ്ടിച്ചിവിടെയാക്കിയതുകൊണ്ട് ദൈവം ദുഃഖിക്കുന്നുവോ അതോ സന്തോഷിക്കുന്നുവോ എന്ന് സാവകാശം ചിന്തിക്കുക. നിങ്ങൾ ഇന്നും അകൃത്യത്തിൽ, അനീതിയിൽ, അക്രമത്തിൽ, പാപത്തിൽ ജീവിക്കുന്നുവെങ്കിൽ അത് യഹോവയ്ക്ക് സഹിച്ചുകൂടാ. അവന്റെ ശിക്ഷാകരം നിന്റെ മേൽവരും മുമ്പേ പാപത്തെ വിട്ടൊഴിഞ്ഞു കൊൾവാൻ ബുദ്ധി ഉപദേശിക്കട്ടെ. ദൈവ സേവയ്ക്കായി സൃഷ്ടിക്കപ്പെട്ട ദൂതഗണത്തിൽ മറുതലിച്ചവരെ അവരുടെ സ്ഥാനത്തുനിന്നും ദൈവം നിഷ്കാസനം ചെയ്തു. അതിനുശേഷം ആദം ഹവ്വമാരെ സൃഷ്ടിച്ചാക്കി. അവരും കല്പന ലംഘന ദ്വാരേ തിരസ്ക്കരിക്കപ്പെട്ടു. ഇപ്രകാരം ദൂതന്മാരെ സമാദരിക്കാത്ത ദൈവം, ആദാം ഹവ്വാമാരെ സമാദരിക്കാത്ത ദൈവം. ആദിമ ലോകത്തെ സമാദരിക്കാത്ത ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ സമസ്ത ലോകത്തിനും സൗജന്യമായ രക്ഷ ഒരുക്കിയിരിക്കുന്നു. അത് വിശ്വാസത്താൽ സ്വായത്തമാക്കി ജീവിക്കുവാൻ എനിക്കും നിങ്ങൾക്കുംവേണ്ടി നൽകപ്പെട്ടിരിക്കുന്നു. കർത്താവിന്റെ ആദ്യവരവ് മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടിയായിരുന്നു. എന്നാൽ തന്റെ രണ്ടാമത്തെ വരവ് തനിക്കുവേണ്ടി കാത്തിരിക്കുന്നവരെ നിത്യ സൗഭാഗ്യത്തിലേക്കു കൂട്ടിച്ചേർക്കുവാനായിരിക്കും. ലോകം ഇതുവരെ കണ്ടിട്ടില്ലാത്ത മഹാവലിയ സംഭവം യേശുക്രിസ്തുവിന്റെ പുനരാഗമനമായിരിക്കും കർത്താവിന്റെ പുനരാഗമനത്തിന്റെ ലക്ഷണങ്ങൾ നാം കണ്ടും കേട്ടുകൊണ്ടിരിക്കുന്ന ഒരു കാലയളവത്രെ ഇന്നത്തേത്. ഏതു സമയത്തും കർത്താവ് മടങ്ങി വരും. യഹൂദജാതിയുടെ തളിർപ്പ്, രാജ്യം രാജ്യത്തോടെതിർക്കുക, ജാതി ജാതിയോട് കലഹിക്കുക തുടങ്ങിയ വസ്തുതകൾ കർത്താവിന്റെ പുനരാഗമനത്തിലേക്ക് വിരൽ ചൂണ്ടുകയാണ്. ആ ദിവസത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം. വിശ്വാസത്തിൽ സ്ഥിരത പൂണ്ട് ജീവിത വിശുദ്ധിയുള്ളവരായി, പരിശുദ്ധാത്മ നിറവോടെ ഒരുങ്ങിയിരിക്കുകയും അനേകരെ ഈ ഭാഗ്യപദവിലേക്ക് ഒരുക്കുകയും ചെയ്യാം.

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

കഴിഞ്ഞ കുറെ വർഷങ്ങളായി എല്ലാ രംഗങ്ങളിലും മാതൃകാ സംസ്ഥാനമായിരുന്ന നമ്മുടെ കൊച്ചു കേരളം പലവിധ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ദയനീയ കാഴ്ചയാണ് നമ്മൾ കാണുന്നത്. മെച്ചപ്പെട്ട തൊഴിൽ മേഖലകളില്ലാത്തതിനാൽ നാടുവിടാൻ ആഗ്രഹിക്കുന്ന യുവതലമുറ, മെച്ചപ്പെട്ട ജീവിതസാഹചര്യം തേടി യൂറോപ്പിലേക്കും കാനഡായിലേക്കും മറ്റും ഇപ്പോൾത്തന്നെ കുടിയേറിയിരിക്കുന്ന നൂറുകണക്കിന് യുവതീയുവാക്കൾ, ജോലി ചെയ്തിട്ടു മാസങ്ങളായി ശമ്പളം കിട്ടാതെ കഷ്ടപ്പെടുന്ന കെ.എസ് ആർ.ടി.സി ജീവനക്കാർ, വർദ്ധിച്ചുവരുന്ന മതവർഗ്ഗീയതയും, വർഗ്ഗീയ രാഷ്ട്രീയ കാഴ്ചപ്പാടുകളും, വനപ്രദേശത്തോട് ചേർന്ന് താമസിക്കുന്നവർ അഭിമുഖീകരിക്കുന്ന വന്യജീവി ആക്രമണങ്ങൾ. തെരുവു നായ്ക്കളുടെ ആക്രമണം രൂക്ഷമായതിനാൽ ഈ വിഷയം പരിഹരിക്കാൻ ഭരണസംവിധാനങ്ങൾ പരാജയപ്പെട്ടപ്പോൾ പരമോന്നത നീതിപീഠത്തെ വരെ സമീപിക്കേണ്ടി വന്ന അവസ്ഥ. തെരുവുനായയുടെ കടിയേറ്റ് അഭിരാമി എന്ന കൊച്ചു പെൺകുട്ടി വാക്സിനെടുത്തിട്ടും മരണപ്പെട്ടത്, ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങളെ തന്നെ ചോദ്യം ചെയ്യപ്പെടുന്ന സംഭവങ്ങൾ.

ജീവൻ പണയംവെച്ച് പ്രളയ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട് കേരളത്തിന്റെ സൈന്യമെന്ന വിശേഷണം ലഭിച്ച കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്ന സമാനതകളില്ലാത്ത പ്രതിസന്ധികൾ, കാലാവസ്ഥാപ്രതിസന്ധികൾ രൂക്ഷമാകുന്ന സാഹചര്യങ്ങൾ. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങളെപ്പോലും അപ്രസക്തമാക്കുന്ന തരത്തിൽ ഓർക്കാപ്പുറത്തുള്ള അത്യാഹിതങ്ങൾ, തീക്ഷ്ണതയിലും എണ്ണത്തിലും വർദ്ധിച്ചു കൊണ്ടിരിക്കുന്ന മറ്റ് അനേകം സംഭവങ്ങൾ. കേരളത്തിൽ മൊത്തം മഴയുടെ അളവ് കുറഞ്ഞിട്ടും പെയ്തിടങ്ങളിൽ മല വെള്ളപ്പാച്ചിലും മണ്ണൊലിപ്പും ഉരുൾപൊട്ടലും പതിവിൽ കൂടുതലായി സംഭവിക്കുന്ന കാഴ്ചകൾ. യുവതീ യുവാക്കൾക്കിടയിൽ വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗം, ഇത്തരത്തിലുള്ള ഒട്ടനവധി പ്രതിസന്ധികൾ വർദ്ധിച്ചുവരുന്നത് പ്രബുദ്ധ കേരള സമൂഹം ആശങ്കയോടെ നോക്കിക്കാണുകയാണ്. ചുറ്റുപാടും അസ്വസ്ഥതയുണ്ടാക്കുന്ന വാർത്തകൾ ശ്രവിക്കുമ്പോഴും പ്രതിസന്ധികൾ രൂപപ്പെടുമ്പോഴും ക്രൈസ്തവ സമൂഹം ദൈവത്തിലേക്ക് കണ്ണുകളുയർത്തണം. പഴയനിയമ ഇസ്രായേലിന്റെ ചരിത്രം പരിശോധിച്ചാൽ നമുക്ക് തിരുലിഖിതങ്ങളിൽനിന്നും മനസ്സിലാവും പ്രതിസന്ധികൾ കാർമേഘം പോലെ രൂപപ്പെടുമ്പോഴെല്ലാം ഇസ്രായേൽ ജനം ആത്മാർത്ഥമായി ദൈവത്തിലേക്ക് അവരുടെ ദൃഷ്ടിയുയർത്തി. അപ്പോഴെല്ലാം സർവ്വ ശക്തനായ ദൈവം അവരോട് കരുണ കാണിച്ചു. എല്ലാത്തരം പ്രതിസന്ധികളും ദൈവസഹായത്താൽ അവർ തരണം ചെയ്തു.

വിയറ്റ്നാമിലെ കമ്യൂണിസ്റ്റ് ഭരണകൂടം വിചാരണ കൂടാതെ കർദ്ദിനാൾ വാൻ തവോനെ 13 വർഷത്തോളം ജയിലിലടച്ചു. ജനാലകളില്ലാത്ത, രാത്രിയും പകലും പോലും തിരിച്ചറിയുവാൻ സാധിക്കാത്ത കഠിനമായ ചൂടുള്ള ഒരു ഇടുങ്ങിയ മുറിയിലാണ് അദ്ദേഹം കടുത്ത ഏകാന്തതയിൽ ദീർഘനാൾ ആയിരുന്നത്. തന്റെ ജയിൽവാസത്തിന്റെ ആദ്യ വർഷങ്ങളിൽ അദ്ദേഹം കടുത്ത മാനസിക സംഘർഷങ്ങളിലൂടെയും ഉത്ക്കണ്ഠയിലൂടെയും കടന്നുപോയി. തന്റെ ഭദ്രാസനത്തെ ഓർത്തും, സെമിനാരികൾ, വിദ്യാലയങ്ങൾ, ഇടവകകൾ, വിശ്വാസ സമൂഹം, വൈദികർ തുടങ്ങി എല്ലാ കാര്യങ്ങളും തന്റെ അഭാവത്തിൽ എപ്രകാരം മുന്നോട്ട് പോകുമെന്നു ചിന്ത അദ്ദേഹത്തെ തളർത്തി. എന്നാൽ ഒരു പ്രാർത്ഥനാവേളയിൽ ‘നിനക്ക് ചെയ്യാൻ കഴിയുന്നതിനെക്കാൾ നന്നായി ദൈവത്തിനു ചെയ്യാൻ സാധിക്കും’ എന്ന ചിന്ത അദ്ദേഹത്തിലുണ്ടാവുകയും അദ്ദേഹം പൂർണ്ണമായും തന്റെ എല്ലാ ദുഃഖങ്ങളും ദൈവത്തിൽ സമർപ്പിക്കുകയും എല്ലാവിധ ആധികളിൽ നിന്നും സ്വതന്ത്രനാവുകയും ചെയ്തു. ഈ ബിഷപ്പിന്റെ മാതൃക നമുക്കെല്ലാവർക്കും പ്രചോദനമാണ്. എല്ലാക്കാര്യങ്ങളിലും ഒരു കൊച്ചു കുഞ്ഞിനെപ്പോലെ ദൈവത്തിൽ ആശ്രയിക്കാനും ദൈവത്തിൽ പൂർണ്ണമായും വിശ്വസിക്കുവാനും നമുക്ക് സാധിക്കട്ടെ. പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഈ ലോകജീവിതത്തിൽ എപ്പോഴും ഉണ്ടാകാം. സാഹചര്യങ്ങൾ നമുക്ക് അനുകൂലമല്ലാതെ വരിക സ്വാഭാവികമാണ്. ഒരു വിശ്വാസി സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും ഭയപ്പെടരുത്. വിശുദ്ധ വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു “ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ട, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. നീതിയുള്ള വലതുകൈ കൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും” (ഏശയ്യാ 41:10).

ദൈവം അനുഗ്രഹിക്കട്ടെ

**സേവേറിയോസ് കുറിയാക്കോസ്**

**(സമുദായ മെത്രാപ്പോലീത്ത)**



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയമുള്ളവരെ,

സെപ്റ്റംബർ മാസം പുണ്യശ്ലോകനായ മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തയുടെ ഇരുപതാമത് ശ്രാദ്ധ പെരുന്നാൾ ദയറാ പള്ളിയിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുകയുണ്ടായി. അതിന് നേതൃത്വം കൊടുത്ത ദയറാപള്ളി വികാരി മാത്യു കുരുവിള എരുത്തിപ്പാട്ട് അച്ചനേയും, ട്രസ്റ്റി രെഞ്ചു കോഴിമറ്റം, സെക്രട്ടറി ഏലിയാസ് പാട്ടാശ്ശേരിൽ, ജനറൽ കൺവീനർ ടിംസ് തോമസ് കൊച്ചുപറമ്പിൽ എന്നിവരെയും, പള്ളി ഭാര വാഹികളേയും അഭിനന്ദിക്കുന്നു.

ആ ദിവസം തന്നെ ക്നാനായ സമുദായത്തിലെ സീനിയർ വൈദികനും, 63 വർഷം സമുദായത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച് ദയറാ ജീവിതം നയിച്ച വന്ദ്യ എം. എ. കുറിയാക്കോസ് കോർ–എപ്പിസ്കോപ്പാ ദൈവസന്നിധി യിൽ ചേർക്കപ്പെട്ടു. അച്ചന്റെ വേർപാട് ക്നാനായ സമുദായത്തെ സംബന്ധിച്ച് ഒരു വലിയ നഷ്ടം തന്നെയാണ്.

വന്ദ്യ അച്ചന്റെ പ്രേരണയാൽ ധാരാളം സമർപ്പിത വിദ്യാർഥികളെ വൈദിക വൃത്തിയിലേക്ക് തിരഞ്ഞെടുത്തു എന്നത് ഒരു യാഥാർത്ഥ്യമാണ്. ക്നാനായ അസ്സോസി യേഷൻ പ്രസിഡന്റ്, വികാരി ജനറാൾ, വൈദിക കൗൺസിൽ അംഗം . മലബാർ അഡ്മിനിസ്ട്രേറ്റർ, ഭദ്രാ സന സെക്രട്ടറി തുടങ്ങി സമുദായത്തിലെ എല്ലാ വിധമായ ഉന്നത സ്ഥാനങ്ങളും വഹിച്ച പുരോഹിത ശ്രേഷ്ഠനാണ് വന്ദ്യ ചിറയിൽ അച്ചൻ. സമുദായത്തിലെ പ്രമുഖ ദേവാലയങ്ങളിൽ എല്ലാം വികാരിയായി സേവന മനുഷ്ഠിച്ചിട്ടുണ്ട്.

വന്ദ്യ എം. എ. കുറിയാക്കോസ് കോർ– എപ്പിസ്കോപ്പാ യുടെ വേർപാടിൽ ക്നാനായ സമുദായത്തിന്റെയും ക്നാനായ അസ്സോസിയേഷന്റെയും, ക്നാനായ കമ്മിറ്റി യുടെയും അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

ദയറാ പട്ടക്കാർക്ക് താമസിക്കുന്നതിനുവേണ്ടി ഒരു സംവിധാനം സമുദായത്തിൽ ഉണ്ടാകണം. അതിന്റെ ആലോചനയിലാണ് ക്നാനായ കമ്മിറ്റി എന്ന് അറിയിക്കട്ടെ.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി 20/9/22– ൽ കൂടുകയുണ്ടായി. കമ്മിറ്റിയിലെ പ്രധാന തീരുമാനങ്ങൾ സമുദായ അംഗങ്ങളെ അറിയിക്കട്ടെ.

2021 /2022 വർഷത്തെ ക്നാനായ സമുദായത്തിന്റെ ഓഡിറ്റ് ചെയ്ത കണക്കും ബാക്കി പത്രവും കമ്മിറ്റി പാസാക്കി. ചില സമുദായ സ്ഥാപനങ്ങളിലെ കണക്കുകൾ കൂടി ലഭിക്കുവാനുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് ക്നാനായ അസോസിയേഷൻ അംഗങ്ങൾക്ക് കണക്കും ബാക്കിപത്രവും റിപ്പോർട്ടും അയച്ചു കൊടുക്കുവാൻ കമ്മിറ്റി തീരുമാനിച്ചു.

കൂടാതെ മോർ സേവേറിയോസ് വിദ്യാഭ്യാസ നിധിയുടെ ഓഡിറ്റഡ് കണക്കും ബാക്കി പത്രവും സമുദായ കണക്കിൽ ഉൾപ്പെടുത്താത്തതിലും ആയതിന്റെ ഓഫീസ് സമുദായ ആസ്ഥാനത്ത് പ്രവർത്തിക്കാത്തതിലും ആയതിന്റെ ഇലക്ഷൻ നടത്താത്തതിലും ബൈലോ ക്നാനായ കമ്മിറ്റിയ്ക്ക് കൊടുക്കാത്തതിലും കമ്മിറ്റിയുടെ ഉത്കണ്ഠ രേഖപ്പെടുത്തി. ഇക്കാര്യത്തിൽ രക്ഷാധികാരി എന്നനിലയിൽ സമുദായ മെത്രാപ്പോലീത്തായോട് അതിന് വേണ്ട ക്രമീ കരണം ചെയ്യുന്നതിന് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

ഓതറ സ്കൂളിന്റെ ഗവേണിംഗ് ബോർഡിലേക്ക് ക്നാനായ അസ്സോസിയേഷൻ മൂന്ന് മെമ്പർമാരെ തെരഞ്ഞെടുത്ത് അയച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഒരു ഗവേണിംഗ് ബോർഡ് മീറ്റിങ്ങിലും അവരെ ക്ഷണിച്ചിട്ടില്ല എന്നാണ് തിരഞ്ഞെടുക്കപ്പെട്ട അസ്സോസിയേഷൻ പ്രതിനിധികൾ അറിയിച്ചിരിക്കുന്നത്. ആയതിനാൽ സ്കൂളിലെ ബോർഡ് മീറ്റിംഗ് വിളിച്ചു കൂട്ടുകയും സ്കൂൾ കണക്കുകൾ സമുദായ കണക്കിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട ക്രമീകരണം ചെയ്യുവാൻ സ്കൂളിന്റെ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കുവാൻ സമുദായ മെത്രാപ്പോലീത്തായോട് രേഖാമൂലം അഭ്യർത്ഥിക്കുവാൻ കമ്മിറ്റി തീരുമാനിച്ചു .

സമുദായത്തിലെ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കുള്ള മെറിറ്റ് അവാർഡ് ഈ വർഷം ഡിസംബർ 11–ാം തീയതി വിശിഷ്ട അതിഥികളുടെ സാന്നിധ്യത്തിൽ വിതരണം ചെയ്യുന്നതിനും, അർഹരായ വിദ്യാർത്ഥികളിൽ നിന്നും മാർക്ക് ലിസ്റ്റ് വികാരിയുടെ സാക്ഷ്യപത്രത്തോടു കൂടിയുള്ള അപേക്ഷ സ്വീകരിക്കുവാനും തീരുമാനിച്ചു.

ക്നാനായ ഭദ്രാസന സ്ഥാപകദിനം ഈ വർഷം നവംബർ മാസത്തിൽ വിപുലമായ പരിപാടികളോടെ കൊണ്ടാടുവാൻ തീരുമാനിച്ചു.

ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ 27/09/2022-ൽ കൂടിയ ക്ലീമിസ് സ്കൂൾ ഗവേണിംഗ് ബോർഡ് യോഗം കൂടി.

കാലം ചെയ്ത മോർ ക്ലീമ്മിസ് തിരുമേനിയുടെ നിലവിലുള്ള ഫോട്ടോയ്ക്ക് പുറമേ ഒരു ഫോട്ടോ കൂടി സ്കൂളിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചു, കൂടാതെ ശ്രാദ്ധ പെരുന്നാൾ ദിനമായ മുപ്പതാം തീയതി വെള്ളിയാഴ്ച സ്കൂളിന് അവധി കൊടുക്കുവാനും തീരുമാനിച്ചു.

സ്കൂൾ മാനേജർ റവ. ഫാ. സാജൻ സി. അലക്സ്, സമുദായ സെക്രട്ടറി. റ്റി. ഒ. ഏബ്രഹാം, സ്കൂൾ ഗവേണിംഗ് ബോർഡ് അംഗങ്ങളായ ജോബി ജോസഫ് കാരിക്കോട്ട്, വിനോദ് ജയിക്കബ് തൈപ്പറമ്പിൽ, അനിൽ പി. സക്കറിയാ പാലക്കുടി, സോണി ജയിക്കബ് കുന്നുംപുറത്ത്, പ്രിൻസിപ്പാൾ ശ്രീമതി സിജി ജോസ് എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

മലങ്കര സുറിയാനി ക്നാനായ കമ്മിറ്റിയുടെ തീരുമാനം അറിയിച്ചുകൊണ്ട് സമുദായത്തിലെ വൈദിക ശ്രേഷ്ഠർക്ക് വികാരി ജനറാൾ അയച്ച ഒരു കത്ത് ഇവിടെ പോസ്റ്റ് ചെയ്യുന്നു.

ബഹുമാനപ്പെട്ട അച്ചാ

ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്ക് യാക്കോബായ സഭയിലെ ദൈവാലയങ്ങളിൽ ആത്മീയ ശുശ്രൂഷകൾക്ക് വിലക്ക് ഏർപ്പെടുത്തിയപ്പോൾ 14/2/2021–ൽ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി കൂടി ഐക്യകണ്ഠേന ഒരു തീരുമാനം കൈക്കൊണ്ടു. ഈ വിഷയത്തിന് ഒരു പരിഹാരം ഉണ്ടാകുന്നതുവരെ യാക്കോബായ സഭയിലെ മെത്രാച്ചൻമാരെ ക്നാനായ സമുദായ ദൈവാലയങ്ങളിൽ ക്ഷണിക്കേണ്ടതില്ല എന്ന്. ഇങ്ങനെ ഒരു തീരുമാനമെടുത്തത് ഈ വിഷയത്തിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

എന്നാൽ നാളിതുവരെ ഒരു പരിഹാരവും ഉണ്ടാകാത്ത സ്ഥിതിക്ക് ക്നാനായ കമ്മിറ്റി എടുത്ത തീരുമാനത്തിനോട് ക്നാനായ സമുദായത്തിന്റെ ആത്മാഭിമാനത്തെ പ്രതി സമുദായത്തിലെ എല്ലാ വൈദികരും യോജിക്കും എന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. യാക്കോബായ സഭയുമായി ക്നാനായ സമുദായം നമ്മുടെ സഹോദര സഭ എന്ന നിലയിൽ വളരെ സ്നേഹത്തിലും സൗഹൃദത്തിലുമാണ് പോയിക്കൊണ്ടിരിക്കുന്നത്. നമുക്ക് യാക്കോബായ സഭയിലെ മെത്രാച്ചന്മാരുമായി ഒരു വിരോധവുമില്ല. എന്നാൽ ചില സമ്മർദ്ദങ്ങളുടെ ഭാഗമായിട്ടായിരിക്കാം അവർ ഇങ്ങനെ ചെയ്യുന്നത്. എന്തായാലും നമ്മുടെ സമുദായത്തിലെ പല ദൈവാലയങ്ങളിലെ വൈദികരും കമ്മിറ്റിയുടെ തീരുമാനത്തോട് സഹകരിച്ചു കൊണ്ടിരിക്കുകയാണ്. സഹകരിക്കുന്നവരോടുള്ള നന്ദി അറിയിക്കുന്നു.

യാക്കോബായ സഭയിലെ മെത്രാച്ചന്മാരോട് ക്നാനായ സമുദായത്തിന് വിരോധമുണ്ടായിട്ടല്ല സമുദായത്തിന്റെ അഭിമാനം നിലനിർത്തുന്നതിനുവേണ്ടി മാത്രമാണ് ഇങ്ങനെ ഒരു തീരുമാനം എടുക്കേണ്ടി വന്നത്.

ഈ വിഷയത്തിൽ ഒരു പരിഹാരം ഉണ്ടാകുന്നതുവരെ കമ്മിറ്റിയുടെ തീരുമാനത്തോട് ക്നാനായ സമുദായത്തിലെ ബഹുമാനപ്പെട്ട വൈദികശ്രേഷ്ഠർ സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന് ക്നാനായ കമ്മിറ്റിക്കുവേണ്ടി

വികാരി ജനറാൾ.

**കഴിഞ്ഞ മാസത്തെ കേസുകളുടെ അവലോകനം**

2019 ജനുവരി 28–ാം തീയതി ക്നാനായ അസ്സോസിയേഷൻ ക്നാനായ ഭരണഘടനയിൽ മഹാഭൂരിപക്ഷത്തിൽ 5 വകുപ്പുകൾ ഭേദഗതി ചെയ്തു.

1. ദേവാലയങ്ങളിലെ ഭരണസമിതിയുടെ കാലാവധി ഒരു വർഷത്തിൽ നിന്നും രണ്ടുവർഷം ആക്കുക

2. 100 രൂപ ആയിരുന്ന അടയാള സഹിതം പകർപ്പ് ഫീസ് 500 രൂപ ആക്കി

3. ഒത്തുകല്യാണം ഫീസ് 50 രൂപയിൽ നിന്ന് 100 രൂപയാക്കി

4. മാമോദീസാ ഫീസ് 50 രൂപയിൽ നിന്നും 100 രൂപയാക്കി

5. അസ്സോസിയേഷൻ കാലാവധി മൂന്നു വർഷത്തിൽ നിന്നും അഞ്ചുവർഷം ആക്കി.

ഈ 5 ഭേദഗതികൾക്ക് എതിരായി രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ കോട്ടയം മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രത്യേക IA ഇട്ട് ഭേദഗതി സ്റ്റേചെയ്യുവാൻ ഉപഹർജി കൊടുത്തു. ആയതിന്റെ വാദത്തിനു ശേഷം 2019–ൽ അസ്സോസിയേഷൻ എടുത്ത ഭേദഗതി കോടതി സ്റ്റേ ചെയ്തു. അതിനെതിരെ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. അപ്പീൽ കോടതി, മുൻസിഫ് കോടതിയുടെ ഓർഡർ സ്റ്റേ ചെയ്തിരിക്കുകയാണ്.

ഇതിൽ ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ടത് അഞ്ചു തീരുമാനങ്ങൾ അസ്സോസിയേഷൻ പാസ്സാക്കി. എന്നാൽ അസ്സോസിയേഷൻ കാലാവധി നീട്ടിയ തീരുമാനം മാത്രം സ്റ്റേ ചെയ്യണമെന്നാണ് വാദികൾ ആവശ്യപ്പെട്ടിരിക്കുന്നത്. മറ്റു തീരുമാനങ്ങൾ സ്റ്റേ ചെയ്യുവാൻ മുതിർന്നില്ല എന്നത് കൗതുകമാണ്.

31 /5 /2022 – ൽ ക്നാനായ അസ്സോസിയേഷൻ കൂടി ഇപ്പോൾ ഒഴിവുള്ള അസ്സോസിയേഷൻ പ്രസിഡന്റിനെയും അത്മായ ട്രസ്റ്റിയേയും തിരഞ്ഞെടുക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തതാണ്. എന്നാൽ 2 അസ്സോസിയേഷൻ മെമ്പർമാർ കോടതിയിൽ കേസ് കൊടുത്ത് അസ്സോസിയേഷൻ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നത് കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

ആയതിനാൽ ക്നാനായ അസ്സോസിയേഷൻ കോടതി സ്റ്റേ മൂലം കൂടുന്നതിന് സാധിക്കുന്നില്ല എന്ന ദുഃഖ സത്യം അറിയിക്കട്ടെ. എന്നിരുന്നാലും കമ്മിറ്റി ഭരണഘടനാപരമായി കമ്മിറ്റിയിൽ നിക്ഷിപ്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു.

നമ്മുടെ സഹോദരങ്ങളായ ക്നാനായ കത്തോലിക്കാ വിഭാഗത്തിന് കഴിഞ്ഞമാസം കോട്ടയം ജില്ലാ കോടതിയിൽ നിന്നും വലിയ ദോഷകരമായി ഒരു കോടതി വിധിയുണ്ടായി. ക്നാനായ സമുദായത്തിൽ നിന്നും മാറി വിവാഹം ചെയ്തവരെ തിരികെ എടുക്കണമെന്നാണ് വിധിയുടെ സാരം. അങ്ങനെയൊരു വിധി ഉണ്ടാകുവാൻ കാരണം അവർക്ക് ഭരണഘടന ഇല്ലാത്തതിനാൽ മാത്രമാണ്. കാനോൻ നിയമം മാത്രമേ അവർക്കുള്ളൂ. പ്രിയപ്പെട്ടവരെ ക്നാനായ സമുദായത്തിന് സുപ്രീം കോടതി അംഗീകരിച്ച ശക്തമായ ഭരണഘടന നമ്മുടെ പിതാക്കന്മാർ നിർമ്മിച്ച് തന്നതു കൊണ്ടാണ് നാം ഇന്ന് നിലനിൽക്കുന്നത് എന്ന് വിസ്മരിക്കരുത്. അത് കാത്ത് പരിപാലിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

അന്ത്യോഖ്യാ സിംഹാസനത്തിന് നമ്മൾ എതിരല്ല. നമ്മൾ സിംഹാസനത്തെ തള്ളിപ്പറഞ്ഞിട്ടും ഇല്ല പറയുകയുമില്ല. എന്നാൽ സിംഹാസനത്തിന് എതിരാണെന്ന് രീതിയിൽ നമ്മുടെ തന്നെ ഉന്നതസ്ഥാനത്ത് ഇരിക്കുന്നവർ പ്രചരിപ്പിക്കുന്നത് നമുക്ക് ഭൂഷണമല്ല. സമുദായവും സഭയും രണ്ടും രണ്ടാണെന്ന് ഉള്ള ബോധം എല്ലാവർക്കും ഉണ്ടാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. നമുക്ക് അന്ത്യോഖ്യ സിംഹാസനം പോലെതന്നെ ഉൾഭരണ സ്വാതന്ത്ര്യമുള്ള നമ്മുടെ ഭരണഘടനയും വിലപ്പെട്ടതാണ്. അത് സമുദായ നിലനിൽപ്പിന് അടിസ്ഥാന മൂലക്കല്ല് ആണെന്ന് വിസ്മരിക്കരുത്.

ക്നാനായ കമ്മിറ്റിക്കു വേണ്ടി
സമുദായ സെക്രട്ടറി
**റ്റി.ഒ.ഏബ്രഹാം തോട്ടത്തിൽ**

# കൂദോശ് ഈത്തോയും വിശ്വാസജീവിതവും

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളി

2022 ലെ കൂദോശ് ഈത്തോ ഞായറാഴ്ച ഒക്ടോബർ 30 നാണല്ലോ. കൊറോണ വൈറസിന്റെ അതിപ്രസരണത്തിൽനിന്ന് നാം അല്പമൊന്ന് മാറിയിരിക്കുന്ന സാഹചര്യത്തിൽ ഈ വർഷം കൂദോശ് ഈത്തോ നമ്മുടെ വിശ്വാസജീവിതത്തിൽ എന്ത് സ്വാധീനമാണ് ചെലുത്തേണ്ടത് എന്ന് നമുക്ക് ചിന്തിക്കാം.

കൂദോശ് ഈത്തോ സഭയിൽ 'ആരാധനാ വർഷാരംഭമാണ്.' ഇതനുസരിച്ചാണ് ആരാധനാക്രമങ്ങൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. വർഷാരംഭം ഏതായാലും വളരെ പ്രത്യേകതയോടെയാണ് ഏവരും ആചരിക്കുന്നത്. ആരാധനാ വർഷാരംഭം നമ്മുടെ വിശ്വാസജീവിതത്തെ പുതുക്കത്തിന്റെ അനുഭവത്തിലേക്ക് നയിക്കുവാൻ ഇടയാകണം. ഒരു ആരാധനാ വർഷം പിന്നിട്ട് മറ്റൊന്നിലേക്ക് പ്രവേശിക്കുമ്പോൾ ദൈവം അതിന് നമ്മെ സഹായിച്ചതിൽ ദൈവസന്നിധിയിൽ നന്ദിയോടെയും, അതുപോലെ പോയ വർഷത്തിൽ വന്നുപോയ തെറ്റുകളും കുറ്റങ്ങളും അപഗ്രഥിച്ച് ദൈവസന്നിധിയിൽ അനുതാപത്തോടെ ഏറ്റു പറഞ്ഞ് അതിൽ നിന്ന് പുതുക്കത്തിന്റേതായ ഒരു ജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ വർഷാരംഭം കൂടുതൽ അർത്ഥവത്തായിത്തീരും. ഈ ദിനാചരണം നമ്മെ കൂടുതൽ നല്ലതാക്കി മാറ്റണം. അതിനായി



യേശുവിന്റെ ജീവിത മാതൃക അനുകരിക്കുന്ന വിശ്വാസികളായി നാം മാറേണ്ടതുണ്ട്. അത് അനുകരിച്ച അപ്പോസ്തോലന്മാരും, സഭാപിതാക്കന്മാരുമാണല്ലോ ഈ ക്രമീകരണങ്ങളെല്ലാം നിവൃത്തിച്ചിരിക്കുന്നത്. ഈ വർഷത്തെ കൂദോശ് ഈത്തോ ദിനാചരണം നമ്മുടെ ജീവിതത്തെ പുതുക്കത്തിലേക്ക് നയിക്കുവാൻ ഇടയാകണം.

കൂദോശ് ഈത്തോ 'സഭയുടെ വിശുദ്ധീകരണത്തിന്റെ അവസരമാണ്.' സഭ ജീവനോടിരിക്കുന്നവരുടെയും വാങ്ങിപ്പോയവരുടെയും കൂട്ടമാണ്. വിശ്വാസികളായി ജീവനോടിരിക്കുന്നവർ അനുനിമിഷം വിശുദ്ധീകരിക്കപ്പെട്ട് ദൈവത്തോട് ചേർന്ന് വസിക്കണം. ദൈവിക വിശുദ്ധിയുടെ നിറകുടങ്ങളായി ഓരോ വിശ്വാസിയും ആയിരിക്കണം. സഭാജീവിതത്തിൽ ആരാധനകളും, അനുഷ്ഠാനങ്ങളും, ആചാരങ്ങളുമെല്ലാം നമ്മെ വിശുദ്ധിയിലേക്ക് ആനയിക്കുവാൻ ക്രമീകരിക്കപ്പെട്ടിട്ടുള്ളവയാണ്. ലൗകിക ആസക്തികൾ നമ്മെ അശുദ്ധിയിലേക്ക് ആനയിക്കുമ്പോൾ അതിൽ നിന്ന് മാറി വിശുദ്ധീകരിക്കപ്പെട്ടവരായിത്തീരാനുള്ള കൂദോശ് ഈത്തോയുടെ ആഹ്വാനത്തെ ശ്രവിച്ച് ജീവിതത്തെ വിശുദ്ധിയിലേക്ക് നയിക്കുവാൻ നമുക്ക് ഇടയാകണം.

കൂദോശ് ഈത്തോ 'സൺഡേസ്കൂൾ ദിനമായി നാം ആചരിക്കുന്നു'. കുട്ടികളും, സൺഡേസ്കൂൾ അദ്ധ്യാപകരും, മാതാപിതാക്കളുമെല്ലാം വി. കുമ്പസാരം നടത്തി, വി. കുർബ്ബാന അനുഭവിക്കുന്നു. ഇതിലൂടെ, പാപത്തിന്റെ വഴികളിൽനിന്ന് ദൈവികതയിലേക്ക് സഭാവിശ്വാസികൾ ആയിത്തീർന്ന് ദൈവത്തിന് സ്വന്തമാകുന്ന ദിനമാകുന്ന അനുഭവമായി ഇതിനെ വേർതിരിച്ചിരിക്കുന്നു. വിശ്വാസജീവിതത്തിന്റെ പ്രത്യേകത, പാപവഴികളിൽനിന്ന് സ്വയം വേർതിരിഞ്ഞ് യേശുവാകുന്ന സ്വർഗ്ഗീയ ഭോജനം ഭക്ഷിച്ച് ജീവൻ പ്രാപിക്കുന്ന ഒന്നാകണമെന്ന ആഹ്വാനമാണ് ഇവിടെ ലഭിക്കുന്നത്. സൺഡേസ്കൂൾ ദിനമായി ഇത് ആചരിക്കുമ്പോൾ തലമുറകൾക്ക് നാം കൈമാറുന്ന സന്ദേശമാണിത്. യേശുവിനെ അനുഭവിച്ച് അതിലൂടെ പാപവഴികളിൽനിന്ന് വിദൂരത്തിലായിത്തീർന്ന് യേശുവിലൂടെയുള്ള ശക്തി പ്രാപിച്ച് ദൈവികതയിൽ എത്തണം എന്നത് നമ്മുടെ ജീവിതത്തെയും നയിക്കുവാൻ ഇടയാകണം. മാതാപിതാക്കൾ വിശുദ്ധിയുടെ മാതൃക കുഞ്ഞുങ്ങൾക്ക് നല്കണമെന്നും ഇവിടെ ആഹ്വാനം നടത്തുന്നു.

ഈ വർഷത്തെ കൂദോശ് ഈത്തോ ആചരിക്കുമ്പോൾ ഇത് ആരാധനാ വർഷാരംഭമാകയാൽ വിശ്വാസ ജീവിതത്തിൽ പുതുക്കത്തോടെയും, സഭ വിശുദ്ധീകരിക്കപ്പെടേണ്ട അവസരമാകയാൽ വിശുദ്ധിയിൽ എത്തിച്ചേർന്ന്, സൺഡേസ്കൂൾ ദിനമായി ഇത് ആചരിക്കുന്നതിനാൽ തലമുറകൊണ്ട് മാതൃക സ്വന്തജീവിതത്തിലൂടെ പകർന്ന് തലമുറകളെ ദൈവമുള്ളവരാക്കിത്തീർക്കുവാനും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അങ്ങനെ ഈ വർഷത്തെ കൂദോശ് ഈത്തോ നമ്മുടെ വിശ്വാസജീവിതത്തെ കൂടുതൽ ധന്യമാക്കാൻ ഇടയാക്കട്ടെ.

കവിത

# ദേശത്തിന്റെ ദയനീയ അവസ്ഥ

ജെയിനമ്മ മർക്കോസ്, നടുവിലേപ്പറമ്പിൽ, കുഴിമറ്റം



അന്ത്യനാളിൽ ഫലമെടുപ്പിനായി
കർത്തൻ ഒരുങ്ങുന്നു ഭൂമി ഒരുങ്ങുന്നു.
പാപം ക്ഷമിച്ചു പാപിയെ ചേർക്കുന്ന
സ്വർഗ്ഗീയ നാഥാ ഇറങ്ങിവരൂ!
അവസാനകാലം ക്ലേശപൂർണ്ണം
ഭക്തിയുടെ ഭാവം ധരിച്ചുകൊണ്ട്
നന്ദിയില്ലാത്ത മക്കളായി
സുഖഭോഗത്തിൽ രസിച്ചിടുന്നു.
സാത്താന്റെ വേഷം അണിഞ്ഞതാം മക്കൾ
ലഹരി മരുന്നുകൾ കയ്യിലേന്തി
വിദ്യാലയ വട്ടത്തു ചുറ്റിക്കറങ്ങി
ഉഴപ്പരാം മക്കളെ വീശിപ്പിടിക്കുന്നു.
മനുഷ്യരെ ഒട്ടും ശങ്കയില്ലാതെ
താന്തോന്നിയായി നടക്കുന്ന മക്കൾ
ഭാവി ജീവിതം പാഴിലാക്കി
ഭൂമിയ്ക്ക് ഭാരമായി തീർന്നിടുമേ. (2)
പൗരസ്ത്യ സംസ്ക്കാരം കാറ്റിൽ പറഞ്ഞി
പാശ്ചാത്യ സംസ്ക്കാരം തോളിലേറ്റി
ഓടുന്ന മക്കളെ താളം തെറ്റും
താളം തെറ്റിയാൽ ഓളം തെറ്റും
അഴിഞ്ഞാടി ജീവിതം നയിച്ചിടാതെ
മാതാപിതാക്കൾക്ക് സന്തോഷമേകാൻ
ഈശന്റെ കാലൊച്ച കേട്ടുകൊണ്ട്
ജീവിത യാത്ര തുടർന്നീടുക
അനുഭവ സമ്പത്തു കൈമുതലായ
മാതാപിതാക്കളെ ചേർത്തു പിടിച്ച്
സ്വർഗ്ഗീയ ഭവനം തീർത്തുകൊണ്ട്
ഈ മരുജീവിതം ധന്യമാക്കൂ!
അല്ലയോ മനസ്സേ ഏറ്റെടുക്കൂ
നിന്നിലെ കുറവ് നിറമുള്ളതാക്കാൻ
സഹനങ്ങൾ ഈശ്വൻ തന്നുകൊണ്ട്
നിറമുള്ള മക്കളായി തീർത്തിടുമേ
ഭരണ കൂടമേ ഒന്നു നിൽക്കൂ
സമർത്ഥരാം മക്കൾ നാടു വിടുന്നു
ജോലി തേടി നാടുവിടുന്നു
സത്വരം നടപടി എടുത്തിടുക.
വൃദ്ധരാം മാതാപിതാക്കളെയൊക്കെ
ഹോം നേഴ്സിനെ ഏല്പിക്കുന്നു
അവരുടെ ഭരണത്തിൻ കീഴിലായി
മാതാപിതാക്കൾ ഞരങ്ങിടുന്നു.
ദേശത്തിൻ കാവൽക്കാരായവരൊക്കെ
ശീഘ്രം നടപടി എടുത്തില്ലെങ്കിൽ
നാടിന്റെ സ്വസ്ഥത നഷ്ടപ്പെട്ട്
തലമുറയും ഖജനാവും കാലിയാകും
രാജ്യം സന്തുഷ്ടമായിടുവാൻ
ജാതി, മത, കക്ഷി ഭേദ്യമില്ലാതെ
തോളോടു തോൾ ചേർന്നു നിന്ന്
തലമുറയെ ചേർത്തു പിടിച്ചിടുക
കരഞ്ഞിടുവീൻ നിങ്ങൾ കരഞ്ഞിടുവീൻ
തലമുറയെ ഓർത്തു കരഞ്ഞിടുവീൻ
മക്കളെ ചേർത്തു പിടിച്ചുകൊണ്ട്
ഈശനായി മക്കളെ വാർത്തെടുക്കൂ!
ഒരുങ്ങിടുവീൻ നിങ്ങൾ ഒരുങ്ങിടുവീൻ
ലോകമോഹങ്ങൾക്കടിമപ്പെടാതെ
കർത്തന്റെ ഇഷ്ടം ചെയ്തുകൊണ്ട്
നിത്യജീവനായി കാത്തിരിയ്ക്കാം.

# "ഒരു വാക്ക് ഒരു ജീവിതം മാറ്റിമറിച്ചു"

റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

എഴുപതോ, ഏറിയാൽ എൺപതോ വർഷക്കാലം ഈ ഭൂമിയിലെ താത്കാലികവാസം ആസ്വാദ്യമാക്കാൻ, എണ്ണമറ്റ പുസ്തകങ്ങൾ പഠിച്ച്, ബിരുദവും, ബിരുദാനന്തര ബിരുദവും നേടിയ നിങ്ങൾക്ക്, നിത്യജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള ഒരുക്കത്തിനായി വി.വേദപുസ്തകത്തിലെ, ഒരു അദ്ധ്യായമെങ്കിലും ഹൃദിസ്ഥമാക്കാൻ ഇന്നോളം കഴിഞ്ഞിട്ടുണ്ടോ? ഈ ഒരൊറ്റ ചോദ്യമാണ് ഒരു ജീവിതം അപ്പാടെ മാറ്റി മറിച്ചത്. വല്യപ്പച്ചന്റെ നവതി ആഘോഷങ്ങൾക്കായി മക്കളും, കൊച്ചുമക്കളും ഒത്തുകൂടിയ അന്ന്, വല്യപ്പച്ചൻ കൊച്ചുമക്കളെ അരികിൽ വിളിച്ച് കുശലാന്വേഷണങ്ങൾ നടത്തി. ഓരോരുത്തരോടും അവരവരുടെ വിദ്യാഭ്യാസ യോഗ്യതകളും, ജോലിസംബന്ധമായ കാര്യങ്ങളും ആരാഞ്ഞറിഞ്ഞു. കുടുംബസമേതം വിദേശത്തായിരിക്കുന്ന മക്കളുടെയും, കൊച്ചുമക്കളുടെയും ഭൗതിക ഉന്നമനത്തിൽ ആ വല്യപ്പച്ചൻ നന്നേ അഭിമാനം കൊണ്ടു. കൊച്ചുമക്കളിൽ പലരും ഡോക്ടർമാരും, എൻജിനീയർമാരും, ഉന്നത ബിരുദധാരികളും. നവതി ആഘോഷിക്കുന്ന വല്യപ്പച്ചന് കൊച്ചുമക്കൾ ഓരോരുത്തരായി ആശംസകൾ അറിയിച്ച് ചുരുങ്ങിയ വാക്കുകളിൽ സംസാരിച്ചു. നന്ദി പ്രകാശിപ്പിച്ചുകൊണ്ട് വല്യപ്പച്ചൻ രണ്ടുവാക്കു പറയണം എന്ന് പേരക്കുട്ടികൾ ആവശ്യപ്പെട്ടതനുസരിച്ച്, വല്യപ്പച്ചൻ എണീറ്റ് തന്റെ കൊച്ചുമക്കളോടായി പറഞ്ഞു. ദൈവം എനിക്ക് തൊണ്ണൂറ് വയസ്സ് വരെ ആയുസ്സ് തന്ന് അനുഗ്രഹിച്ചിരിക്കുന്നു, ഞാൻ സന്തുഷ്ടനാണ്. ദൈവപരിപാലനയെ ഓർത്ത് ദൈവത്തിനു നന്ദി പറയുന്നു. ഈ അവസരത്തിൽ ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കുന്നു, കൊച്ചുമക്കളിൽ ആരെങ്കിലും ഉത്തരം പറയുമല്ലോ? നമ്മുടെ പൂർവ്വപിതാവായ അബ്രഹാമിന്റെ ആയുഷ്ക്കാലം എത്ര സംവത്സരമായിരുന്നു? കൊച്ചുമക്കൾ ആർക്കും തന്നെ തന്റെ ചോദ്യത്തിന് ഉത്തരം നൽകാൻ കഴിയുന്നില്ല എന്നു മനസ്സിലാക്കിയ വല്യപ്പച്ചൻ തന്റെ ഒരു മകനെ വിളിച്ച് വി. വേദപുസ്തകത്തിൽ നിന്നും അബ്രഹാമിന്റെ ആയുഷ്ക്കാലം പ്രതിപാദിക്കുന്ന വേദഭാഗം (ഉല്പത്തി 25:7) വി. വേദപുസ്തകത്തിൽ നിന്നും വായിച്ചു കേൾപ്പിച്ചു. ഏറിയ വിഷമത്തോടെ വല്യപ്പച്ചൻ തന്റെ കൊച്ചുമക്കളോടു പറഞ്ഞു. നശ്വരമായ ഈ ലോകത്തിലെ എഴുപതോ, എൺപതോ സംവത്സരത്തെ ജീവിതത്തിന്റെ സുഖവും, സുരക്ഷിതത്വവും ഉറപ്പുവരുത്താൻ എത്രയോ പുസ്തകങ്ങൾ നിങ്ങൾ പഠിച്ചുതള്ളി. എന്നാൽ നിത്യജീവന് ആധാരമായ വിശുദ്ധ വേദപുസ്തകത്തിലെ ഒരദ്ധ്യായമെങ്കിലും ഇന്നോളം പഠിക്കാനോ, ഹൃദിസ്ഥമാക്കാനോ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? അപ്പച്ചന്റെ ഹൃദയസ്പർശിയായ ഈ വാക്കുകൾക്കു മുമ്പിൽ എല്ലാവരുടെയും മുഖം മ്ലാനമായി. കുറ്റബോധം കൊണ്ടോ, ലജ്ജകൊണ്ടോ! വല്യപ്പച്ചന്റെ ആ ഒരു വാക്ക്, കമ്പ്യൂട്ടർ എൻജിനീയർ ആയി ദുബായിൽ ജോലി ചെയ്തുകൊണ്ടിരുന്ന ഒരു കൊച്ചുമകന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ദുബായിലേയ്ക്ക് മടങ്ങിപ്പോയ ആ കൊച്ചുമകൻ തന്റെ ജോലി രാജിവച്ച് നാട്ടിൽ മടങ്ങി എത്തി, കത്തോലിക്ക സഭയിലെ ഒരു വൈദിക സെമിനാരിയിൽ ചേർന്ന്, എഴുവർഷം വേദപഠനം പൂർത്തിയാക്കി ഇന്ന് മാനന്തവാടിയിലെ ഒരു ദൈവാലയത്തിൽ വൈദികനായി ശുശ്രൂഷ അനുഷ്ഠിക്കുന്നു. ഒരു വാക്ക് എത്ര വേഗത്തിൽ ക്രിയ ചെയ്തു എന്നതിന് ഇതിലും വലിയ ഉദാഹരണം ആവശ്യമില്ലല്ലോ. ഈ ലോകത്തിന്റെ സുഖവും സന്തോഷവും നാം തേടിപ്പോകുമ്പോഴും നമ്മെ തേടിവരുമ്പോഴും, നാം ഒന്ന് ഓർക്കുന്നത് നന്നായിരിക്കും. അത് നമ്മുടെ ആത്മാവിന്റെ നിത്യരക്ഷയെ ഉറപ്പാക്കാൻ ഉതകുന്ന തരത്തിൽ ഉള്ളതാണോ? ഈ ലോകത്തിലെ ചെറുതും, താൽക്കാലികങ്ങളുമായ സന്തോഷങ്ങൾക്കുവേണ്ടി നാം കഠിനാധ്വാനം ചെയ്യുമ്പോൾ, സ്വന്തം ആത്മാവിന്റെ രക്ഷയെ പ്രതി എന്തുനന്മ നാം ചെയ്യുന്നു എന്നും ദൈവത്തേയും, ദൈവവചനത്തേയും, ദൈവിക കല്പനകളേയും എത്ര ഗൗരവത്തോടെ നാം സമീപിക്കുന്നു എന്നും ഒരു ആത്മ പരിശോധന നടത്താം. മേല്പറഞ്ഞ ദൈവവിശ്വാസിയായ, വല്യപ്പച്ചന്റെ ഒരു വാക്കുകൊണ്ട്, ഭൗതിക നേട്ടങ്ങളെ പിന്നിൽ ഉപേക്ഷിച്ച്, ദൈവവേല തിരഞ്ഞെടുത്ത ആ ബഹുമാനപ്പെട്ട വൈദികനെ നമുക്കു ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം.



# വിവാഹിതരായി



കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളി ഇടവകയിൽപെട്ട ഈശ്വരൻപറമ്പിലായ കാട്ടുപറമ്പിൽ Thomaskutty Punnoose ന്റെയും പരേതയായ Mini Thomas ന്റെയും മകൻ **Manjith Thomas** ഉം എഴുമായിൽ E. S. Philip ന്റെയും Anila Philip ന്റെയും മകൾ **Amilu Philip** ന്റെയും വിവാഹം 2022 ആഗസ്സ് 25–ാം തീയതി വ്യാഴാഴ്ച അഭിവന്ദ്യ കുറിയാക്കോസ് മോർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ നടത്തപ്പെട്ടു.

Advt - G

## 40th Wedding Anniversary

**24 – 10 – 2022**



## Jancy Abraham          Philip Abraham

### Anickal Puthenparambil, Vakathanam

**Best wishes from- Rino & Sheethu, Rittto & Carolin**
**Grand Children- Jonath, Jewel, Rachel & Michelle**

Advt -O

# പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമിസ് തിരുമേനിയുടെ 20-ാം ശ്രാദ്ധപ്പെരുന്നാൾ



അനുസ്മരണ സമ്മേളനം കേരള ഗവ. ചീഫ് വിപ്പ് എൻ. ജയരാജ് ഉദ്ഘാടനം ചെയ്യുന്നു.









# മലങ്കര സുറിയാനി ക്നാനായ സുവിശേഷ സമാജം വാർഷിക ധ്യാനം



ക്നാനായ സുവിശേഷ സമാജം വാർഷിക ധ്യാനം ക്നാനായ സമുദായ മെത്രാപ്പൊലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. തങ്കച്ചൻ ഇടയാടിചിറ, സജി മുണ്ടക്കൽ, ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ, ഫാ. മനോജ് മുണ്ടിയത്ര, ഫാ. ഷാജൻ കുര്യൻ, ഫാ. ബിനോജ് കുര്യാക്കോസ്, ഫാ. ജിബി മാത്യു വാഴൂർ, കല്ലിശ്ശേരി മേഖലാ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ്, വൈസ് പ്രസിഡണ്ട് ഫാ. ബെന്നി എബ്രഹാം മാമ്മലശ്ശേരിൽ എന്നിവർ സമീപം.

# സംഗീത പരിശീലന കളരി (മാനീസ്സോ)



ക്നാനായ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സംഗീത പരിശീലന കളരി (മാനീസ്സോ) ക്നാനായ സമുദായമെത്രാപ്പോലീത്ത കുറിയാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജേക്കബ് കല്ലുകുളം, ഫാ. മാത്യു എരുത്തിപ്പാട്ട്, ഫാ. സേവേറിയോസ് തോമസ്, ഫാ. സഞ്ചു പട്ടാഴി, റോയ് പുത്തൻപുരക്കൽ, അനീഷ് തകിടിയിൽ, സജിതാന്നിക്കൽ, സുമിത്ത് മാക്കോന്തറ, അനീഷ് കയ്യത്ര, രഞ്ചു കോഴിമറ്റം, ജൂബി കൊല്ലംപറമ്പിൽ ഡീ. മെറ്റോ വെട്ടിപ്പറമ്പിൽ, ഡീ. ചിക്കു കാരിമറ്റത്തിൽ എന്നിവർ സമീപം



### ആശംസകൾ

കെ.സി.സി. റാന്നി അസംബ്ലി സോണിന്റെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പ്രിയ റവ. ഫാ. റോയി മാത്യു കോർ എപ്പിസ്കോപ്പാ അച്ചന് ആശംസകൾ നേരുന്നു.

### ആശംസകൾ

വിശുദ്ധ മഗ്ദലന മറിയം കോൺവെന്റ് മദർ സുപ്പീരിയറായി നിയമിതയായ സിസ്റ്റർ സൂസൻ






Advt - O



## 50th Wedding Anniversary

10-09-2022



Advt -O

## JACOB & LOVELY

**Karikottu House**
**Mullankuzhy, Kottayam**

*ആശംസകളോടെ*
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*



## ക്നാനായ സുവിശേഷ സമാജം വാർഷിക ധ്യാനയോഗം



ക്നാനായ സുവിശേഷ സമാജം വാർഷിക ധ്യാനയോഗത്തിൽ അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് സമാപന സന്ദേശം നൽകുന്നു. തങ്കച്ചൻ ഇടയാടിച്ചിറ, സജി മുണ്ടക്കൽ, ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ, വൈസ്. പ്രസിഡണ്ട് ഫാ.ബെന്നി എബ്രഹാം മാമ്മലശ്ശേരിൽ, ക്നാനായ സമുദായ മെത്രാപ്പൊലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് എന്നിവർ സമീപം.



2023 ക്നാനായ കൺവൻഷൻ ജനറൽ കൺവീനർ. എം. പി. തോമസ് മംഗലത്ത്

# ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണവും, ലഹരി വിരുദ്ധ പ്രതിജ്ഞയും



ലഹരിവിരുദ്ധ ബോധവൽക്കരണം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാദർ ജേക്കബ് കല്ലുകുളം, സമുദായ സെക്രട്ടറി റ്റി.ഒ. എബ്രഹാം തോട്ടത്തിൽ, ഫാ. ഡോ. തോമസ് ഏബ്രഹാം മലേച്ചേരിൽ, ആക്ടിംഗ് ട്രസ്റ്റി ജേക്കബ് തോമസ് മറ്റയ്ക്കാട്ട്, റോയ് പുത്തൻപുരയ്ക്കൽ, കൊച്ചുമോൻ ഒറ്റത്തയ്ക്കൽ, ജയ്മോൻ മേപ്പറത്ത്, ബിബിൻ കല്ലുംപറമ്പിൽ, അനീഷ് കയ്യെത്ര, ബിനു കല്ലേമണ്ണിൽ, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം എന്നിവർ സമീപം




## KNANAYA MERIT AWARD 2022

Applications are invited from eligible candidates for the above



**Eligibility criteria**

SSLC & +2 Distinction & Above
Degree & Post graduation 1st Class & Above
Phd, M Phil etc eligible candidates

Eligible canndidates please submit the copy of Marklist attested by Vicar with full Address & Mobile Number to the samudhaya office, Chingavanam.

For any clarification,
Please contact conveners:-

Jacob Thomas, Mattakattu - 9447356050
T.C.Thomas, Thoppil - 9847427709
Villy Vadamattom - 9447286716
Alichan Aronnil - 9447207280

# CLEMIS Offset Press

## Chingavanam
## 0481-2430176

നമ്മുടെ സമുദായത്തിലെ പള്ളികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ (കളർ, ബ്ലായ്ക്ക് & വൈറ്റ്) നൽകി സമുദായത്തിന്റെ ഔദ്യോഗിക പ്രസ്സ് ആയ ക്ലീമ്മിസ് പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുക

(കളർ, ബ്ലാക്ക് & വൈറ്റ്)
നോട്ടീസുകൾ, ബ്രോഷറുകൾ, സപ്ലിമെന്റുകൾ, പ്രാർത്ഥനാ പുസ്തകങ്ങൾ

മാനേജർ
ക്ലീമ്മിസ് പ്രസ്സ്
ക്ലീമ്മിസ് സെന്റർ, ചിങ്ങവനം
Ph: 9605250791





50 – ാം വിവാഹ വാർഷികം
22 – 10 – 2022

CHERIAN CHANDY
&
SOSAMMA CHERIAN
Murickolipuzha, Mannamaruthy

Advt -O

50 – ാം വിവാഹവാർഷികം
ആഘോഷിക്കുന്ന
മോനും മോൾക്കും
മുരിക്കോലിപ്പുഴ കുടുംബാംഗങ്ങളുടെ
ആശംസകൾ

39 – ാം ചരമവാർഷികം
17 - 11 - 2022



എം. സി. ചാണ്ടി

12 – ാം ചരമവാർഷികം
22 - 10 - 2022



അച്ചാമ്മ ചാണ്ടി

മുരിക്കോലിപ്പുഴ, മന്ദമരുതി, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

**40th day of Demise**
11 -10 - 2022



# T. A. KURUVILLA (Sunnychayan)

Thamarappallil

*Fondly remembered by :*

**MEMBERS OF ST. MARY'S KANANAYA CHURCH, ERNAKULAM**

Advt - O

## 40–ാം ചരമദിനം
25 - 10 - 2022



### ജയമോൾ ജോസഫ്
W/o ജോസ് പള്ളിക്കുന്നേൽ
പള്ളിക്കുന്നേൽ, ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

ക്നാനായ സമുദായത്തിലെ
സീനിയർ വൈദികൻ



ആദരാഞ്ജലികൾ

ക്നാനായദീപം & ക്ലീമീസ് പ്രസ്സ്

## 3–ാം ചരമവാർഷികം
8–10–2022



### സ്കറിയ സെഖറിയ (മോനിച്ചൻ)
കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

## 40–ാം ചരമദിനം
13–10–2022



### V. A. കുരുവിള (പാപ്പച്ചൻ)
വാഴൂത്ര, നീലംപേരൂർ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

# ചെന്നൈ സെന്റ് മേരീസ് ക്നാനായ പള്ളി

## ഒരു നന്ദി കുറിപ്പ്.....

പ്രിയപ്പെട്ടവരെ,

ക്നാനായ സമുദായത്തിന് ചെന്നൈ നഗരത്തിൽ സ്വന്തമായി കുറച്ചു സ്ഥലം ഉണ്ടാകുകയെന്നത് ചെന്നൈ സെന്റ് മേരീസ് ക്നാനായ ഇടവകാംഗങ്ങളുടെ ചിരകാല അഭിലാഷമായിരുന്നു. പക്ഷെ ചെന്നൈ പോലെയൊരു മെട്രോ നഗരത്തിലെ വിലയ്ക്ക് വസ്തു വാങ്ങുക എന്നത് ഈ ഇടവകയെക്കൊണ്ട് മാത്രം താങ്ങാവുന്നതിലും അപ്പുറമായിരുന്നതിനാൽ ഈ കാലം വരെയും ആ ആഗ്രഹം ഒരു സ്വപ്നം മാത്രമായി അവശേഷിച്ചു.

എന്നാൽ ഇപ്പോൾ ഈ ഇടവകയുടെ ഒന്നടങ്കമുള്ള പരിശ്രമവും, ഈ ഇടവകയിൽ മുൻ കാലങ്ങളിൽ ഉണ്ടായിരുന്നവരുടെയും, നമ്മുടെ സമുദായത്തിലെ നിരവധി സുമനസുകളുടെയും അളവറ്റ സഹായ സഹകരണങ്ങളും അതിലുപരി പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയാലും ഏകദേശം 69 ലക്ഷം രൂപയോളം ഈ രണ്ട് മാസംകൊണ്ട് സമാഹരിക്കുവാൻ സാധിച്ചു. നിങ്ങൾ ഓരോരുത്തരും നൽകിയ അളവറ്റ സഹായ സഹകരണവും പ്രാർത്ഥനകളും ഒത്തുചേർന്നപ്പോൾ 2022 ഓഗസ്റ്റ് 16-ന് ചെന്നൈ നഗരത്തിൽ ക്നാനായ സമുദായത്തിനുവേണ്ടി ചെന്നൈ സെന്റ് മേരീസ് സിറിയൻ ക്നാനായ പള്ളിയുടെ പേരിൽ 14 സെന്റ് ഓളം സ്ഥലം വാങ്ങുവാനും നാൾ ഇതുവരെ ഈ ഇടവകാംഗങ്ങൾ കണ്ട ഒരു വലിയ സ്വപ്നത്തെ സാക്ഷാത്കരിക്കുവാനും ദൈവത്തിന്റെ വലിയ കൃപകൊണ്ട് സാധിച്ചു.

ഈ ഉദ്യമത്തിന്റെ പിന്നിൽ അക്ഷീണം പ്രവർത്തിച്ചവരെയും, ചെറുതും വലുതുമായ സാമ്പത്തിക സഹായങ്ങളും പ്രാർത്ഥനകളും നൽകിയ എല്ലാവരെയും നന്ദിയോടെ, പ്രാർത്ഥനയോടെ ഈ ഇടവക ഓർക്കുന്നു. ഇതിനായി പ്രവർത്തിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു ദൈവസന്നിധിയിലേക്ക് മാറ്റപ്പെട്ട നമ്മുടെ പിതാക്കന്മാരെ സർവ്വപ്രദമായി സ്മരിക്കുന്നു.

റവ.ഫാ. മാത്യു പി. ജോസഫ് പുത്തൻപറമ്പിൽ (പ്രിൻസ് അച്ചൻ) ചെന്നൈ പള്ളിയുടെ വികാരിയായി ചുമതലയേറ്റപ്പോൾ മുതൽ ഈ ഇടവകയ്ക്ക് സ്വന്തമായി കുറച്ചു സ്ഥലം ചെന്നൈ നഗരത്തിൽ ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും അതിനുവേണ്ടി ഈ ഇടവകയെ ഒന്നടങ്കം പ്രോത്സാഹിപ്പിക്കുകയും അക്ഷീണം പരിശ്രമിക്കുകയും ചെയ്തുവന്നു. അഞ്ചു വർഷത്തെ അച്ചന്റെ നിരന്തരമായ പ്രചോദനമൊന്നുകൊണ്ട് മാത്രമാണ് മഹാമാരിയുടെ കാലത്ത് ഈ സ്വപ്നസാക്ഷാത്കാരത്തിലേക്ക് എത്തുവാൻ സാധിച്ചത്. അച്ചൻ ഈ ഇടവകയ്ക്കുവേണ്ടി നടത്തിയ പരിശ്രമങ്ങൾ കേവലം വാക്കുകളിൽ മാത്രം വിശദീകരിക്കുവാൻ കഴിയുന്നതല്ല. ഈ ഇടവക എന്നും പ്രിൻസ് അച്ചന്റെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകതന്നെ ചെയ്യും. പ്രിൻസ് അച്ചന്റെ ട്രാൻസ്ഫറിനുശേഷം റവ.ഫാ. മനു പി. സ്കറിയ കോയിത്ര വികാരിയായി ചുമതല ഏറ്റപ്പോൾ മുതൽ മുൻവികാരി നട്ടു വളർത്തിയ സ്വപ്നത്തെ മുറുകെ പിടിച്ചു ദിശാഭംഗം വരാതെ ഈ ഉദ്യമത്തെ മുൻപോട്ട് നയിക്കുകയും റജിസ്ട്രേഷൻ വരെ എത്തിക്കുകയും ചെയ്ത മനു അച്ചനോടും ഈ ഇടവക എക്കാലവും കടപ്പെട്ടിരിക്കുന്നു.

ക്നാനായ സമുദായത്തിലെ നമ്മുടെ എല്ലാ മെത്രാപ്പോലീത്തന്മാരുടെയും അനുഗ്രഹങ്ങളും പിന്തുണയും ഈ ഇടവകയ്ക്ക് എക്കാലവും ഊർജ്ജം പകരുന്നതായിരുന്നു. സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള പുരോഗതിയെപ്പറ്റി നിരന്തരമായി അന്വേഷിക്കുകയും, ഏതു വിഷമഘട്ടത്തിലും സഹായിക്കാം എന്ന തിരുമേനിമാരുടെ ഉറപ്പുമായിരുന്നു ഇത്രയും വലിയ ഉദ്യമത്തിൽ ഞങ്ങളുടെ പിൻബലവും മൂലധനവും. നമ്മുടെ എല്ലാ വന്ദ്യ പിതാക്കന്മാരോടുമുള്ള ഈ ഇടവകയുടെ ഭക്തി ആദരവുകൾ സമർപ്പിക്കുന്നു.



മുൻകാലങ്ങളിൽ ചെന്നൈ പള്ളിയുടെ വികാരിമാരായി ഈ ഇടവകയെ ശുശ്രൂഷിച്ച റവ.ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, റവ.ഫാ. കുറിയാക്കോസ് തിരുനിലത്ത് (സന്തോഷ് അച്ചൻ), റവ.ഫാ. ജിബി ജോസഫ് പ്ലാന്തോട്ടത്തിൽ, റവ.ഫാ. സൈനോ സ്കറിയ കൊച്ചുമങ്കര, റവ.ഫാ. ബിനു മാത്യു പയ്യനാട്ട്, റവ.ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ, റവ.ഫാ. ക്രിസ്റ്റോ സി. കുര്യൻ എന്നി ആചാര്യന്മാർ നിരന്തരം നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളും പ്രാർത്ഥനയുമാണ് ഞങ്ങളെ ദിശ തെറ്റാതെ മുൻപോട്ട് നയിച്ചത്. വികാരിമാരായിരുന്ന് ഈ ഇടവകയ്ക്കുവേണ്ടി ഇവർ നടത്തിയ എല്ലാ പ്രവർത്തനങ്ങൾക്കും കരുതലിനും ഇടവകയുടെ സ്നേഹവും കടപ്പാടും അറിയിക്കുന്നു.

വസ്തുവിന് ആവശ്യമായ തുക ഈ ഇടവകയ്ക്ക് താങ്ങാവുന്നതിലും അധികമായപ്പോഴാണ് നമ്മുടെ സമുദായത്തിലെ വിദേശത്തുള്ള പള്ളികളെ സമീപിക്കാൻ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചത്. സാമ്പത്തിക പിന്തുണയ്ക്കായി ഞങ്ങൾ സമീപിച്ചപ്പോൾ സെന്റ് ജെയിംസ് ക്നാനായ പള്ളി ഹ്യൂസ്റ്റൺ, സെന്റ് സ്റ്റീഫൻസ് ക്നാനായ പള്ളി ബോസ്റ്റൺ, സെന്റ് പീറ്റേഴ്സ് ക്നാനായ പള്ളി യു.കെ. എന്നി ഇടവകകൾ അവിസ്മരണീയം പിന്തുണയും പ്രോത്സാഹനവും സഹകരണവുമാണ് നൽകിയത്. ആ മൂന്ന് പള്ളികളിൽനിന്നു മാത്രം 8 ലക്ഷം രൂപയോളമാണ് സമാഹരിച്ചത്. ആ ഇടവകകളുടെ വികാരിമാരോടും മാനേജിംഗ് കമ്മിറ്റി അംഗങ്ങളോടും ഇടവക അംഗങ്ങളോടുമുള്ള കടപ്പാട് വാക്കുകൾക്ക് അതീതമാണ്. റവ. ഫാ. ഡോ. എബ്രഹാം തോമസ് വാഴയിൽ, റവ.ഫാ. മർക്കോസ് ചാലുപറമ്പിൽ, റവ.ഫാ. പുന്നൂസ് ഏബ്രഹാം കല്ലംപറമ്പിൽ, റവ.ഫാ.സ്ക്കറിയ ചരിവുപറമ്പിൽ എന്നീ വൈദികർ നൽകിയ പിന്തുണ അവിസ്മരണീയമായിരുന്നു. പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിലുള്ള ദൈവാലയത്തിനുവേണ്ടി സഹായിച്ച നിങ്ങളെ ഓരോരുത്തരെയും ദൈവം അളവറ്റ് അനുഗ്രഹിക്കട്ടെ. കൂടാതെ ഈ ഇടവകയുടെ പരിശ്രമം മനസ്സിലാക്കിയപ്പോൾ വ്യക്തിപരമായി നല്ലൊരു തുക നൽകി സഹായിച്ച റവ.ഫാ.

തോമസ് ജേക്കബ് മണിമലയോടുമുള്ള സ്നേഹം അറിയിക്കുന്നു.

ഈ ഇടവകയിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നവരും സ്ഥലംമാറി പോയവരും ചേർന്ന് സമാഹരിച്ചു നൽകിയ 4 ലക്ഷത്തിൽ അധികം രൂപയും, ഈ ഉദ്യമത്തിന് ചെറുതല്ലാത്ത പങ്ക് വഹിച്ചു.

വിദ്യാഭ്യാസത്തിനും ജോലിക്കുമായി ചെന്നൈയിൽ വന്ന യുവജനങ്ങൾ ക്നാനായ തനിമയിൽ ഒന്ന് ചേർന്നപ്പോൾ അവരുടെ വിഹിതമായി 5 ലക്ഷത്തിൽ അധികം തുക സമാഹരിക്കുകയും അവരുടെ പേര് വിവരങ്ങൾ “യുവജനങ്ങൾ” എന്നു മാത്രം പരാമർശിക്കാൻ ആവശ്യപ്പെട്ടത് നമ്മുടെ പുതുതലമുറയുടെ ഒത്തൊരുമയെയും പാരമ്പര്യത്തെയും വിളിച്ചോതുന്നു. ഇവർ ഓരോരുത്തരും ഈ ദൈവാലയത്തിന് നൽകിയ സഹായത്തിന് ദൈവമാതാവിന്റെ മധ്യസ്ഥതയും കോട്ടയും എപ്പോഴും ഇവരോടുകൂടെ ഉണ്ടായിരിക്കുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

അവസാനമായി, ഒരുപോലെ സ്വപ്നം കാണുകയും, ഒരു മനസ്സോടെ പ്രവർത്തിക്കുകയും, എല്ലാ സഹായങ്ങളും സഹകരണങ്ങളും നൽകുകയും, ഒറ്റക്കെട്ടായി പ്രവർത്തിക്കുകയും ചെയ്ത ചെന്നൈ സെന്റ് മേരീസ് സിറിയൻ ക്നാനായ ഇടവകയിലെ ഓരോ വ്യക്തികളേയും ഇത്തരുണത്തിൽ ഓർക്കുന്നു. ഇവരുടെ സഹകരണം ഒന്നുകൊണ്ട് മാത്രമാണ് ഇത്ര വലിയ നേട്ടം ഈ ഇടവകയ്ക്ക് നേടിയെടുക്കുവാൻ സാധിച്ചത്.

സ്നേഹവും പ്രാർത്ഥനയും അല്ലാതെ ഒന്നും തിരിച്ചു പ്രതീക്ഷിക്കാതെ ഞങ്ങളുടെ സ്വപ്നത്തിൽ പങ്കാളികളായ നിങ്ങളെ ഓരോരുത്തരെയും ദൈവം അളവറ്റ് അനുഗ്രഹിക്കട്ടെയെന്ന് ഞങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



ഈ നന്ദി കുറിപ്പിൽ ഞങ്ങളോട് സഹകരിച്ച ആരുടെയെങ്കിലും പേര് വിട്ടുപോയെങ്കിൽ ഞങ്ങളോട് ദയവായി ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽ കൂടെ, ഈ ഇടവകയെ സഹായിച്ച, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ച, നിങ്ങളെ ഓരോരുത്തരോടും പരിശുദ്ധ കന്യക മറിയാമിന്റെ നാമത്തിൽ സ്നേഹവും കടപ്പാടും അറിയിക്കുന്നു.

ദൈവാലയത്തിനുവേണ്ടി സാമ്പത്തിക സഹായം നൽകിയവരുടെ പേര് വിവരങ്ങൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

**ചെന്നൈ സെന്റ് മേരീസ് സിറിയൻ ക്നാനായപള്ളി ഇടവകാംഗങ്ങൾ**

## Collection Details

| SlNo | Name | Payment Type | Amount |
|---|---|---|---|
| 1 | A C Simon, Alumpalackal, Chennai | Donation | 3000 |
| 2 | A P Alias, Ambalathinkal, Chennai | Donation | 125000 |
| 3 | Abraham (Kunjavarachan), Vazhayil, USA | Donation | 25000 |
| 4 | Abraham C C, Changgadathil, Chennai | Donation | 5000 |
| 5 | Abraham Joseph (Bonney), Kattotil, Chennai | Donation | 50000 |
| 6 | Abraham Samu, Kaliyodam, Chennai | Donation | 100010 |
| 7 | Abraham V Punnoose (Monu), Valiyaparampil, Chennai | Donation | 100000 |
| 8 | Abu Thomas & Alen Thomas, Melayil House, Houston | Donation | 20000 |
| 9 | Aby Joseph, Malloosseril, USA | Donation | 5000 |
| 10 | Aby Kuriakose, Panavelil, Chennai | Donation | 10000 |
| 11 | Aby kurian , Chempilattu, Chennai | Donation | 10000 |
| 12 | Aby Mathew K Thomas, Nedumchira, Bangalore | Donation | 10000 |
| 13 | Aby Thomas, Kangazha, USA | Donation | 8000 |
| 14 | Achamma Kuruvilla, Pulimoottil, Ranni | Donation | 6000 |
| 15 | Ajay Mathew, Chirayil, Chennai | Donation | 5000 |
| 16 | Ajish Joseph, Kavumkal, Ranni | Donation | 5000 |
| 17 | Ajish T Pothen, Thamarathu, USA | Donation | 10000 |
| 18 | Akhil Kurien, Thekethil, Chennai | Donation | 6000 |
| 19 | Akhil Sabu, Palakudiyil, Chingavanam | Donation | 5000 |
| 20 | Alex Kuruvulla, Chackacheril, Venpala | Donation | 5000 |
| 21 | Alexander Mathew, Mangachalil, Chennai | Donation | 50000 |
| 22 | Aleyamma Thomas, Paruthimuttthu, Hyderabad | Donation | 5000 |
| 23 | Anand Thomas US, Puthuveettil, USA | Donation | 100000 |
| 24 | Aneesh V Jose, Vadakkekunnel, Canada | Donation | 55000 |
| 25 | Anila Stephen, Kunnathethu, Chennai | Donation | 21000 |
| 26 | Anish Mathew, Vadavuparampil, Ranni | Donation | 30000 |
| 27 | Anjelo Abraham, Kizhakkemuriyil, Ranni | Donation | 10000 |
| 28 | Anuj Punnoose, Anjilimoottil, Edathua | Donation | 10000 |
| 29 | AP Chacko & Unnikunju, Anjilimoottil, Ennikkadu | Donation | 15000 |
| 30 | Ashwin Joshy, Paruthimuttthu, Hyderabad | Donation | 10000 |
| 31 | Ashwin K Kuruvilla ( Canada), Konnayil, Canada | Donation | 50000 |
| 32 | Babu mathew ( Jebin ) Avadi, Kunnathil, Chennai | Donation | 20000 |
| 33 | Bency George, Paravathodathil, Ranni | Donation | 10000 |
| 34 | Bency Thomas, Kuzhiparambil, Qatar | Donation | 25000 |
| 35 | Benny Mathew | Donation | 20000 |
| 36 | Bibin Babu, Aarumamoottil, Perumbavoor | Donation | 5000 |
| 37 | Bibin, Kuttoor | Donation | 5000 |
| 38 | Biji Joseph, Kadackal, Ranni | Donation | 10000 |
| 39 | Bijoy, Malathusseril, USA | Donation | 7619 |
| 40 | Biju Chacko, Thuruthel, Chennai | Donation | 25000 |
| 41 | Biju Kurien, Moozhipara, Chennai | Donation | 25000 |
| 42 | Biju Kurien, Moozhipara, Chennai | Loan | 100000 |
| 43 | Bino Mathew Jose, Palakudiyil, Chennai | Donation | 50000 |
| 44 | Binod, Elamplakkal | Donation | 10000 |
| 45 | Binsu M Benny | Donation | 5000 |
| 46 | Birun Joseph, Moozhikalvalel, Changanassery | Donation | 5000 |
| 47 | Bittu Zachariah, Kaipuzha, Ranni | Donation | 5000 |
| 48 | Bobby Kuriakose | Donation | 1000 |
| 49 | Bobby Uthup, Kunniyadathu, Kurichy | Donation | 25000 |
| 50 | Bony T Chandy | Donation | 1000 |
| 51 | C A George, Chirayil, Chennai | Donation | 100000 |
| 52 | C O Abraham (Monachan), Edasseryvakal Chirayil, Chennai | Donation | 100000 |
| 53 | Celiya Alex, Padinjaremuriyil, Ranni | Donation | 15000 |
| 54 | Chacko Jacob, Chirayil, USA | Donation | 100000 |
| 55 | Col Vino Abraham, Moozhiperumethu, Chennai | Donation | 25000 |
| 56 | Cuckoo Jacob Babu, Thurithithara, Chennai | Donation | 85000 |
| 57 | Deejo Kurien, Edasseriyil, USA | Donation | 7651 |
| 58 | Deepu Chandy, Vilayil, USA | Donation | 35001 |
| 59 | Denin Abraham, Valayil, Tiruvalla | Donation | 50000 |
| 60 | E A Thomaskutty, Edayaparambil, Ranni | Donation | 10000 |
| 61 | Elizabeth Jacob, Ambooran, Chennai | Donation | 60000 |
| 62 | Elizabeth Scaria, Chennai | Donation | 15000 |
| 63 | Fr.Thomas Jacob, Manimala, Germany | Donation | 50000 |
| 64 | George Joseph, Pallathra, Chennai | Donation | 200000 |
| 65 | Gigo Zachariah, Kalathil, Qatar | Donation | 15000 |
| 66 | Gincy Thomas, Pullampallil, KSA | Donation | 10000 |
| 67 | Gins Mathew, Bangalore | Donation | 5000 |
| 68 | Hot Chips, Chennai | Donation | 75000 |
| 69 | Iresh Jacob Thykkoodathil, UAE | Donation | 10000 |
| 70 | J Cherian, Chennai | Donation | 5000 |
| 71 | Jacob Abraham, Malloosseril, UAE | Donation | 5000 |
| 72 | Jacob Cherian ( Roy), Thodathiparampil, Chennai | Donation | 35500 |
| 73 | Jacob Kurien, Choorakkattu Chiramel, Surat | Donation | 5000 |
| 74 | Jacob Kurien, Mangalveettil, Kuwait | Donation | 10015 |
| 75 | Jacob Thomas, Pallathara, Ernakulam | Donation | 20000 |
| 76 | Jaiju C Mathew, Chalunkal, Chennai | Donation | 50000 |
| 77 | James C Elias, Chalunkal, Chennai | Donation | 100000 |
| 78 | Jeffy Pramod, Thuruthel, Kuttoor | Donation | 10000 |
| 79 | Jekku Kurian, Kannankuzhayathu, Chennai | Donation | 103000 |
| 80 | Jekku Kurian, Kannankuzhayathu, Chennai | Loan | 400000 |
| 81 | Jenu Jacob | Donation | 5000 |

| | | |
|---|---|---|
| 82 Jerin Jacob, Kaitharathu, USA | Donation | 15000 |
| 83 Jerry Vinod, Thuruthel, Chennai | Donation | 10000 |
| 84 Jibin Benny, Myalil House, Malta | Donation | 5000 |
| 85 Jibin Zacharia, Kalloorparambil, Ireland | Donation | 15000 |
| 86 Jiby Jacoby, Kallamparambil, USA | Donation | 5000 |
| 87 Jikku Santosh, Kurikaal, Qatar | Donation | 15000 |
| 88 Jino Joseph, Meparathu, Ireland | Donation | 2500 |
| 89 Jinu John, Moolamkulam, Dubai | Donation | 5000 |
| 90 Jinu Kurian, Pazhayapeedikayil, Chennai | Donation | 50000 |
| 91 Jinu Thomas, Pullampallil, Chennai | Donation | 100000 |
| 92 Jinu Shobby, Ireland | Donation | 2500 |
| 93 Jithin Jose, Thykkattu Kizhakkethil, Kallissery | Donation | 5000 |
| 94 Jithu Thomas, Malloosseril, Chennai | Donation | 10000 |
| 95 Jobby George , Paruvakalayil, Chennai | Donation | 10001 |
| 96 Jobby Jacob, Kozhimattom, Chennai | Donation | 30000 |
| 97 Jobey Zachariah, Mattackal, Kuttoor | Donation | 10000 |
| 98 Jobin Thomas, Thundiyattu, Chennai | Donation | 70000 |
| 99 Jobin Thomas, Thundiyattu, Chennai | Loan | 50000 |
| 100 Joby Abraham, ThykkatuPadinjarethil, Chennai | Donation | 15000 |
| 101 Joby Abraham, ThykkatuPadinjarethil, Chennai | Loan | 100000 |
| 102 Joby Thomas, Paruthimuttthu, Hyderabad | Donation | 10000 |
| 103 Joe Kuriakose, Pazhayakalam, Chennai | Donation | 25000 |
| 104 Joel John, Puthuparampil, Oman | Donation | 7000 |
| 105 Joel Mathew | Donation | 30000 |
| 106 Joffin Abraham, Vadakkemuriyil, Kuwait | Donation | 3000 |
| 107 Jofy Joseph Prasad, Koickal, Ranni | Donation | 3000 |
| 108 Joji Mathew, Pazhayakalam, Chennai | Donation | 10000 |
| 109 Jose Abraham, Manimalethu, Ranni | Donation | 12000 |
| 110 K A Abraham (Saji), Kizhakkethil, Chennai | Donation | 60000 |
| 111 K A Abraham (Saji), Kizhakkethil, Chennai | Loan | 50000 |
| 112 K A Joseph (Jose), Kizhakkethil, Chennai | Donation | 20000 |
| 113 K C Abraham (Shijo), Kunnathuthundiyil, Chennai | Donation | 43000 |
| 114 K C Abraham, Kannamkuzhayathu, Ranni | Donation | 10000 |
| 115 K C Mathewkutty, Karivelithara, Chennai | Donation | 10000 |
| 116 K O Jacob , Karipalil, Thiruvanvandoor | Donation | 25000 |
| 117 Kevin Abraham, Adichira, Chennai | Donation | 20000 |
| 118 Kunjappichayan, Alumoottil, Chennai | Donation | 2000 |
| 119 Kuruvilla Babu , Kizhakkethil, Chennai | Donation | 55000 |
| 120 Lake County Family Prayer Group, USA | Donation | 19100 |
| 121 Latha Johnson, USA | Donation | 20000 |
| 122 Leelamma Simon, Chennai | Donation | 5000 |
| 123 Legi, Pattarumadathil, USA | Donation | 11429 |
| 124 Libu Kurien, Marangattu, USA | Donation | 38409 |
| 125 Liju Zachariah & PT Zachariah, Puthuparampil, Canada | Donation | 40000 |
| 126 Lovin Abraham, Kodathuparambil, Ireland | Donation | 5000 |
| 127 MA Joseph (Tony), Manakkattu, Chingavanam | Donation | 20000 |
| 128 Manoj Abraham, Kannathumuriyil, Ernakulam | Donation | 10000 |
| 129 Manoj Kurien, Illampallil, Velluthuruthy | Donation | 2000 |
| 130 Manu Mathew, Madukkumoottil, Chingavanam | Donation | 10000 |
| 131 Manu Punnoose, Thyparampil, Mumbai | Donation | 25001 |
| 132 Manu Zachariah, Urakkamannil | Donation | 6000 |
| 133 Mariat Joseph, Licium School, Hyderabad | Donation | 10000 |
| 134 Mathew Abraham, Maruthachickal, Kottayam | Donation | 2000 |
| 135 Mathew Jacob, Konamala, USA | Donation | 7800 |
| 136 Mathew Paul, Thuruthel, Chennai | Donation | 100000 |
| 137 Mathew Thomas, Kodathuparambil, Ireland | Donation | 2500 |
| 138 Mathu Mathew, Puthenpurayil, USA | Donation | 7850 |
| 139 MI Markose, Kochumalathusseriyil, Pallam | Donation | 5000 |
| 140 Milan Cherian, Saudi Arabia | Donation | 10000 |
| 141 NaveenPunnoose Jacob | Donation | 1500 |
| 142 Navin Skariah, Marangattu, Vakathanam | Donation | 10000 |
| 143 Nevya, Kizhakkethil, Chennai | Donation | 2000 |
| 144 Nibu | Donation | 15000 |
| 145 Niju Cherian, Vallapurackal, UAE | Donation | 5000 |
| 146 Nishy Binoj | Donation | 20000 |
| 147 Nithin Mathew, Malathusheril, USA | Donation | 20000 |
| 148 Omana Mathew | Donation | 1500 |
| 149 Oommen Skariah, Pallithottathu, Chennai | Donation | 100000 |
| 150 Paulson & Nirupa, Chennai | Donation | 7000 |
| 151 Philip Roy, Kalarithara, Abu Dhabi | Donation | 5000 |
| 152 Philip Skariah | Donation | 5000 |
| 153 Pothen Thomas, Pullampallil, Ranni | Donation | 5000 |
| 154 Pramod Philip, Thuruthel, Kuttoor | Donation | 50000 |
| 155 Prince, Thekkumoottil, Tiruvalla | Donation | 100000 |
| 156 Rajesh C Abraham (Benny), Chathurathundiyil, Chennai | Donation | 50000 |
| 157 Rajesh Mathew, Ottaplamoottil, USA | Donation | 26668 |
| 158 Rajesh Raju, Chudukattil, Australia | Donation | 10045 |
| 159 ReGI Daniel Pappy, PalaMurippal, USA | Donation | 25000 |
| 160 Reji Joseph, Aiykkattumannil, USA | Donation | 25360 |
| 161 Rejimon Mathew, Palampallathu, USA | Donation | 25000 |
| 162 Rejo Mathews, Cherumadakkala | Donation | 15000 |
| 163 Renju, Vallikalayil, USA | Donation | 19185 |
| 164 Rikku, Ottathyckal, Dubai | Donation | 20000 |
| 165 Rinju Zacharia, Puthenveettil, Neelamperoor | Donation | 10000 |
| 166 Rittumon, Punnasseril, USA | Donation | 50000 |
| 167 Roby Abraham, Pattathanathu House, Bahrain | Donation | 25000 |
| 168 Roshan Abraham, Malaysia | Donation | 10000 |
| 169 Rovan Kurien Zacharia, Edavazhikkal, Doha | Donation | 10000 |
| 170 Roymon, Konamala, USA | Donation | 3810 |
| 171 Saji Abraham, Kaliyodam, Chennai | Donation | 5000 |
| 172 Saji C Abraham Airport, Punnammottil, Chennai | Donation | 25000 |
| 173 Saji Joseph, Aiykkattumannil, USA | Donation | 7691 |
| 174 Sam Zacharia, Manakkattu, Singapore | Donation | 20000 |
| 175 Santhosh John, Chennai | Donation | 25000 |
| 176 Sanu Thomas | Donation | 25000 |
| 177 Shaji Zachariah, Mundottackal, Ranni | Donation | 5000 |
| 178 Shanthamma Alias, Pallika, Chennai | Donation | 20000 |
| 179 Shawn Jacob, Mundackal, USA | Donation | 15239 |
| 180 Shelly, Onattu, Canada | Donation | 50000 |
| 181 Sherly Abraham, Valiyaparampil, Kurichy | Donation | 10000 |
| 182 Sherwin Jacob, Mundackal, USA | Donation | 19048 |
| 183 Shiju C Cherian ( Thambu), Vallapurackal, Chennai | Donation | 5000 |
| 184 Shiju Jacob, Puthenparampil, Chennai | Donation | 150000 |
| 185 Shiju Kuriakose & Shone Kuriakose, Pullampallil, USA | Donation | 50000 |
| 186 Shiju Oommen, Thekethil | Donation | 10000 |
| 187 Shinu P Kurakose, Pullampallil, UAE | Donation | 15000 |
| 188 Shinu Skariah, Chennai | Donation | 10000 |
| 189 Shiny Susan, Kakkamparampil, Baharain | Donation | 25000 |
| 190 Shone Abraham | Donation | 10000 |
| 191 Siby Thomas, Kadekethu, Ranni | Donation | 5000 |
| 192 Sijo Kurien, Pachankulathu, Ernakulam | Donation | 10000 |
| 193 Siju Kurien, Chennai | Donation | 30000 |
| 194 Siju Thomas, Chennai | Donation | 25000 |
| 195 Sini Biju | Donation | 2000 |
| 196 Sino Mathew, Kariyil, Australia | Donation | 10000 |
| 197 Sinu Sunil, Ireland | Donation | 2500 |
| 198 Sobit K Joseph, Edathilpokattil, Kurichy | Donation | 3000 |
| 199 St. James Knanaya Church , Houston, USA | Donation | 551500 |
| 200 St. Peters Knanaya Church, UK | Donation | 50000 |
| 201 St. Stephens Knanaya Church , Boston, USA | Donation | 200000 |
| 202 St.Mary's Knanaya Church, Pallavaram, India | Donation | 1277637 |
| 203 Stanley, Kalarikkamuriyil, USA | Donation | 7619 |
| 204 Stephen Joseph(Binoy) | Donation | 23400 |
| 205 Stephen K U, Kunnathethu, Chennai | Donation | 20000 |
| 206 Sumol, Kalayil, USA | Donation | 3809 |
| 207 Sunil Thomas, Koikkalodathu, Kuttoor | Donation | 5000 |
| 208 Suresh Philip, Cheruvazhakunnel, USA | Donation | 7500 |
| 209 Suresh, Kalloth, Italy | Donation | 10000 |
| 210 Susan Thomas, Pazhayapeedikayil, Thurithicadu | Donation | 5000 |
| 211 Syam Babu | Donation | 40000 |
| 212 Sylesh Zachariah, Chathurathundiyil, USA | Donation | 7800 |
| 213 Sylvia Jacob, Mundackal, USA | Donation | 22858 |
| 214 T C Chacko, Thekkekarot, Chennai | Donation | 25000 |
| 215 Thambu P Abraham, Valayanattu, Ranni | Donation | 15000 |
| 216 Thambu Zachariah, Manimalethu, Ranni | Donation | 10000 |
| 217 Thomas Abraham, Kaliyodam, Chennai | Donation | 40000 |
| 218 Thomas Abraham, Kizhakkethil, Chennai | Donation | 5000 |
| 219 Thomas Cherian (Saji), Pulimoottil, Chennai | Donation | 50000 |
| 220 Thomas Jose Mathew, Mathukuzhiyil, Chennai | Donation | 6000 |
| 221 Thomas KA, Kizhakkethil, Chennai | Donation | 5000 |
| 222 Thomas Zacharia, Pushpamangalam | Donation | 15000 |
| 223 Thomaskutty Kuriakose, Pazhayapeedikayil, Thurithicadu | Donation | 5000 |
| 224 TI Philip, Thuruthel, Kuttoor | Donation | 25000 |
| 225 Tijin Jose, Thaithara, USA | Donation | 10000 |
| 226 Tijin, Thevarmuriyil, Othera | Donation | 10000 |
| 227 Titten Thomas, Kelachandra, Chingavanam | Donation | 5000 |
| 228 Tittu K Jacob, Kuzhiyathara, Chennai | Donation | 50000 |
| 229 Tonit K Thomas, Kannankuzhayathu, UAE | Donation | 5000 |
| 230 Tony Abraham, Malloosseril, Chennai | Donation | 50000 |
| 231 Trust Accounts | Donation | 32168 |
| 232 Vince Joseph, Thundiyil, USA | Donation | 130000 |
| 233 Vinod Abraham, Puthuparampil, Canada | Donation | 60000 |
| 234 Vinod Kuriakose, Kavumkal, Chennai | Donation | 100000 |
| 235 Vinod Philip, Thuruhel, Chennai | Donation | 210000 |
| 236 Vinod Philip, Thuruhel, Chennai | Loan | 40000 |
| 237 Vinu K Abraham, Kurianparampil, Chennai | Donation | 25000 |
| 238 Vinu Thomas, Poovakalathu, Chennai | Donation | 130000 |
| 239 Vinu Thomas, Poovakalathu, Chennai | Loan | 150000 |
| 240 Vishak Joy, Thottumkal, Qatar | Donation | 50010 |
| 241 Well wishers | Donation | 22500 |
| 242 Wilson Prakash, Kodiveedu, Chennai | Donation | 50000 |
| 243 Wilson Prakash, Kodiveedu, Chennai | Loan | 40000 |
| 244 Youth | Donation | 519424 |
| 245 Zacharia Jacob (Roy), Konnackal, Chennai | Donation | 100000 |
| 246 Zacharia P Jacob, Plamkalayil, Chennai | Donation | 2000 |
| 247 Zachariah Kurien, Mundukottackal, Ranni | Donation | 5000 |
| 248 Zachariah T Abraham, Thevervaladi, Baharain | Donation | 3000 |
| **Total Amount Collected** | | **9710657** |

# പരി. കന്യക മറിയം

ലീലാമ്മ ഏബ്രഹാം പാലക്കുടി, കുഴിമറ്റം

നമ്മുടെ സഭയുടെ പഠിപ്പിക്കലുകളിൽ നിന്നും ബൈബിൾ ക്ലാസ്സുകളിലൂടെയും മാതാവിനെപ്പറ്റി എനിക്കു കിട്ടിയ അറിവുകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. മാതാവിനെപ്പറ്റി തെറ്റായി പഠിപ്പിക്കുന്ന വേദവിപരീതികൾ ആദ്യകാലംമുതലെ ഉള്ളതാണല്ലോ. ഇപ്പോൾ അത് കുറെ ക്കൂടി ഏറിവരുന്ന ഒരു കാലഘട്ടമാണ്.

നമുക്ക് മാതാവിന്റെ ജനനം എപ്രകാരം ആയിരുന്നു വെന്നും മാതാവ് ആരായിരുന്നു എന്നും മാതാവിന്റെ ജീവിതം എങ്ങനെയായിരുന്നു എന്നും ഒന്നു പഠിക്കാം.

**മാതാവിന്റെ ജനനം**

മറിയാമിന്റെ മാതാപിതാക്കളായ യൂയാഖിം ഹന്ന ദമ്പതികൾക്ക് മക്കൾ ഇല്ലായിരുന്നതുകൊണ്ട് അവരുടെ സ്വത്തുക്കൾ ദൈവാലയത്തിനും, അഗതികൾക്കും, സ്വന്തആവശ്യത്തിനുമായി ഭാഗിച്ചുകൊടുത്തു. 20 വർഷക്കാലം മക്കളില്ലാതിരുന്ന അവർ തങ്ങൾക്ക് ഒരു സന്തതി ഉണ്ടാകുകയാണെങ്കിൽ ആ കുഞ്ഞിനെ ദൈവശുശ്രൂഷയ്ക്ക് കൊടുത്തുകൊള്ളാമെന്ന് പ്രതിജ്ഞയും എടുത്തിരുന്നു. ഇസാഖാർ പുരോഹിതന്റെ കാലത്ത് യൂയാഖീം കാഴ്ച അർപ്പിക്കാൻ ദൈവാലയത്തിൽ ചെന്നപ്പോൾ യിസ്രായേലിൽ ഒരു ആൺപ്രജ ഇല്ലാത്തവൻ ശപിക്കപ്പെട്ടവൻ എന്നു പറഞ്ഞ് അപമാനിച്ചു. അതിൽ മനംനൊന്ത് വിട്ടിലേയ്ക്ക് പോകാതെ വനത്തിൽ പോയി 40 ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞുകൂടി. ഹന്നയും ഭർത്താവില്ലാതെ വിധവയായി ദുഃഖിച്ച് വീട്ടിൽ കഴിഞ്ഞു. അങ്ങനെയിരിക്കെ യൂയാഖീമിന് മാലാഖ പ്രത്യക്ഷപ്പെടുകയും റാഹേൽ, ഹന്ന, സാറ എന്നിവരെ ഉദാഹരണമായി കാണിച്ച് ആശ്വസിപ്പിച്ചു. ഹന്ന ഗർഭം ധരിച്ച് ഒരു പുത്രിയെ പ്രസവിക്കും, അവൾക്ക് മറിയം എന്നു പേരിടണമെന്നും പറഞ്ഞു. ഹന്നായ്ക്കും മാലാഖ പ്രത്യക്ഷപ്പെട്ട് സകല സ്ത്രീകളിലും വച്ച് ഭാഗ്യമുള്ള ഒരു പുത്രിയെ നീ പ്രസവിക്കും. അവൾക്ക് മറിയം എന്നു പേരിടണമെന്നും പറഞ്ഞു. അവളുടെ മുലകുടി മാറുന്ന മൂന്നു വർഷക്കാലം ഭവനത്തിലും അതിനുശേഷം ദൈവാലയത്തിലും മാലിന്യരഹിതയായി പാർക്കുമെന്നും അറിയിച്ചു.

മാലാഖ പറഞ്ഞ സമയത്തുതന്നെ ഹന്ന പ്രസവിക്കുകയും മൂന്നു വയസ്സു തികഞ്ഞപ്പോൾ കുഞ്ഞിനെ ദൈവാലയത്തിൽ കൊണ്ടുചെന്ന് പുരോഹിതന്മാരെ ഏൽപ്പിച്ചു. ഈ മറിയം 13 വയസ്സുവരെ ദൈവാലയമറ തുന്നുകയും മറ്റു ശുശ്രൂഷകൾ ചെയ്തും അവിടുത്തെ കാഴ്ചയപ്പം ഭക്ഷിച്ചു ജീവിച്ചും വന്നു. 13 വയസ്സായപ്പോൾ പുരോഹിതന്മാർ ആലയത്തിൽ നിന്നും പറഞ്ഞുവിടണമെന്ന് തീരുമാനിച്ചു. അതിൽ മറിയമിന് താല്പര്യമില്ലായിരുന്നു. മാതാപിതാക്കളും താനും ദൈവശുശ്രൂഷക്കായി സമർപ്പിച്ചുവെന്നും നിത്യകന്യാത്വത്തിന് പ്രതിജ്ഞ എടുത്തതാണെന്നും, അതിനാൽ ദൈവാലയം വിട്ടുപോകുവാൻ സാദ്ധ്യമല്ല എന്നും പറഞ്ഞു. ആചാര്യന്മാർ അതു വകവച്ചില്ല.

**മറിയാമിന്റെ വിവാഹനിശ്ചയം**

ഇസ്രായേലിലെ വിഭാര്യന്മാരായ പുരുഷന്മാരെ എല്ലാം വരുത്തുകയും അവരുടെ വടി മഹാപുരോഹിതന്റെ മുമ്പിൽ വയ്ക്കണമെന്നും ആരുടെ വടിയിൽ അടയാളം കാണുന്നുവോ ആ ആൾ മറിയാമിനെ സ്വീകരിക്കണമെന്നും പുരോഹിതന്മാർ തീരുമാനിച്ചു. അങ്ങനെ യൗസേഫിന്റെ വടിയിൽ നിന്നും ഒരു പ്രാവ് പുറപ്പെട്ട് തലയിൽ ചെന്ന് ഇരിക്കയും ചെയ്തു. ഉടനെ ആചാര്യൻ ഈ കന്യകയെ നീ സൂക്ഷിച്ചു വളർത്തണമെന്നും നിന്റെ പേർക്കാണ് നിയമനം ഉണ്ടായിരിക്കുന്നത് എന്നും പറഞ്ഞ് യൗസേഫിനെ ഏല്പിച്ചു. എനിക്ക് പ്രായപൂർത്തിയായ 4 പുത്രന്മാർ ഉണ്ട്. ഇവളും ഒരു കന്യകയാണ് എന്ന് യൗസേഫ് പറഞ്ഞപ്പോൾ നീ കർത്താവിനെ ഭയപ്പെടുക ഇപ്രകാരമുള്ള യാതൊരു ചിന്തയും നിന്റെ മനസ്സിൽ തോന്നരുതേ യൗസേഫേ എന്ന് ആചാര്യൻ പറഞ്ഞപ്പോൾ ഭയപ്പെട്ട് യൗസേഫ് കാവലിന് എന്ന പ്രകാരം കന്യകയെ സ്വീകരിച്ചു. മറിയമേ ഞാൻ നിന്നെ ദൈവാലയത്തിൽ നിന്നാണ് കൂട്ടികൊണ്ടുപോകുന്നത് നിന്നെ എന്റെ ഭവനത്തിൽ ആക്കിയിട്ടു എനിക്ക് വേലചെയ്‌വാൻ പോകേണ്ടിവരും. ദൈവം തന്നെ കാവൽക്കാരനായിരിക്കട്ടെ എന്നു പറഞ്ഞു. യഹൂദന്മാരുടെ ഇടയിൽ വിവാഹനിശ്ചയം കഴിഞ്ഞാൽ ഒരു വർഷമെങ്കിലും കഴിയാതെ വിവാഹം നടത്തുകയില്ല. അതിനിടയിൽ എന്തെങ്കിലും തെറ്റോ അപവാദമോ ഉണ്ടായാൽ വിവാഹം ഒഴിഞ്ഞുപോകാം. വിവാഹനിശ്ചയം കഴിഞ്ഞ് ഒരുമിച്ചു താമസിക്കുകയും ഭാര്യാഭർത്താക്കന്മാർ എന്ന് വിളിക്കുകയും ചെയ്തിരുന്നു. അങ്ങനെ യൗസേഫ് ജോലിക്കുപോയി. മറിയം വീട്ടിൽ ദൈവാലയ മറ തുന്നിക്കൊണ്ടിരുന്നു.

**ഗബ്രിയേൽ ദൂതൻ മംഗളവാർത്തയുമായി വരുന്നു.**

ഒരിക്കൽ മറിയം ഒരു കുടവുമെടുത്ത് വെള്ളം കോരാൻ ചെന്നപ്പോൾ കൃപ നിറഞ്ഞവളേ, നിനക്കു സമാധാനം സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ, കർത്താവ് നിന്നോടുകൂടെ എന്നു പറയുന്ന ഒരു ശബ്ദം കേട്ട് ഭയന്ന് വീട്ടിൽ കയറി വാതിൽ അടച്ചു. വീണ്ടും ദൂതൻ മുറിയിൽ കടന്നു വന്ന് മറിയമെ നീ ഭയപ്പെടേണ്ട നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും അവനു യേശു എന്ന് പേർ വിളിക്കണം എന്നു പറഞ്ഞു. ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്ന് മറിയം ദൂതനോട് ചോദിക്കുകയും സംശയ നിവാരണം നടത്തി കൊടുക്കുകയും ചെയ്തു.

**യൗസേഫിന്റെ മടങ്ങിവരവ്**

യൗസേഫ് വേല കഴിഞ്ഞ് വീട്ടിൽ വരുമ്പോൾ ഗർഭിണിയായ മറിയമിനെ കണ്ട് ഭയന്ന് കരഞ്ഞുകൊണ്ട് ഈ പെണ്ണിനെപ്പറ്റി ഞാൻ എന്തു പറയും. നീ ദൈവത്തെ മറന്ന് നിന്നെ തന്നെ മലിനപ്പെടുത്തിയല്ലോ. നീ മഹാവിശുദ്ധ സ്ഥലത്തു വളർന്നവളല്ലയോ എന്നു പറഞ്ഞു. ഇതു കേട്ട മറിയം കരഞ്ഞുകൊണ്ട് ഞാൻ ഒരു പാപവും ചെയ്തിട്ടില്ല എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടുമില്ല എന്നു പറഞ്ഞു. ഇതു കേട്ട യൗസേഫ് വിഷമിച്ചു നിന്നു ഞാൻ എന്തു ചെയ്യേണ്ടു വിവാഹ നിശ്ചയം മാത്രമെ നടന്നിട്ടുള്ളൂ. വിവാഹത്തിന്

മുൻപ് ഒരു സ്ത്രീ ഗർഭിണിയായാൽ യഹൂദ നിയമം അനുസരിച്ചു അവളെ കല്ലെറിഞ്ഞുകൊല്ലും. അതുകൊണ്ട് രഹസ്യത്തിൽ ഉപേക്ഷിച്ചേക്കാം എന്നു ചിന്തിച്ച് കിടക്കുമ്പോൾ സ്വപ്നത്തിൽ ദൂതൻ പ്രത്യക്ഷപ്പെട്ട് യൗസേഫേ, നിന്റെ ഭാര്യയെ ചേർത്തുകൊള്ളാൻ ശങ്കിക്കേണ്ട. അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്നു പേർ വിളിക്കണമെന്നു പറഞ്ഞ് യൗസേഫിനെ ധൈര്യപ്പെടുത്തി.

**യേശുവിന്റെ ജനനം**

ലോകം ഒക്കെയും പേർവഴിച്ചാർത്തണമെന്ന് ഔഗുസ്തൊസ് കൈസർ ഒരു ആജ്ഞ പുറപ്പെടുവിച്ചു. അതിൻ പ്രകാരം യൗസേഫും മറിയയും ദാവീദു കുലത്തിൽപ്പെട്ടവരാകകൊണ്ട് ബേത്‌ലഹേമിലേയ്ക്ക് പുറപ്പെട്ടു. അവിടെ വഴിയമ്പലത്തിൽവച്ച് മറിയാമിന് പ്രസവത്തിന്റെ സമയമായി. അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു (ലൂക്കോ.2:7). ഇടമില്ലാതിരുന്നതിനാൽ ശീലയിൽ പൊതിഞ്ഞ് കുഞ്ഞിനെ പശുത്തൊട്ടിയിൽ കിടത്തി. മറിയമിനും യൗസേഫിനും പ്രത്യക്ഷപ്പെട്ട ദൂതൻ തന്നെ ആട്ടിടയന്മാർക്കും പ്രത്യക്ഷപ്പെട്ടു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. പെട്ടെന്ന് സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോട് ചേർന്ന് ദൈവത്തെ പുകഴ്ത്തി. ആട്ടിടയന്മാരും വിദ്വാന്മാരും നക്ഷത്രം കണ്ട് പശുത്തൊട്ടിലിൽ കിടക്കുന്ന കുഞ്ഞിനെ അമ്മയോടു കൂടെ കണ്ടു കാഴ്ചകൾ സമർപ്പിച്ചു.

**മറിയാമിന്റെ നിത്യകന്യാത്വത്തിനെതിരെയുള്ള വാദം**

ആദ്യമായി ഇങ്ങനെയൊരു വേദവിപരീതം കൊണ്ടുവന്നത് ഹെൽവദ്യോസ് എന്ന ആളാണ്. അത് ഇപ്രകാരമാണ് കാണുന്നത്.

(1) മത്തായി 1:25 മകനെ പ്രസവിക്കും വരെ അവൻ അവളെ പരിഗ്രഹിച്ചില്ല. (2) ലൂക്കോസ് 2:7 അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു.

ആദ്യജാതൻ എന്ന് യഹൂദന്മാർ പറയുന്നത് ആദ്യം ജനിക്കുന്ന മകനെയാണ്. പിന്നീട് മക്കൾ ഉണ്ടായാലും ഇല്ലെങ്കിലും ഇങ്ങനെ തന്നെയാണ് വിളിക്കുന്നത്. ഇനിയും മകനെ പ്രസവിക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചില്ല. പരിഗ്രഹിക്കുക എന്നു പറഞ്ഞാൽ കൂടുതൽ ഗ്രഹിക്കുക, കൂടുതൽ അറിയുക എന്നാണ് അർത്ഥമാക്കുന്നത്.

അങ്ങനെയെങ്കിൽ വരെ എന്നുള്ള പദം ധാരാളം കാണാൻ സാധിക്കുന്നുണ്ട്.

(1) ഭൂമുഖത്തുനിന്ന് വെള്ളം വറ്റിയതു വരെ അതു തിരിച്ചു വന്നില്ല. പിന്നീട് വന്നോ!

(2) നിന്റെ വാർദ്ധക്യം വരെ ഞാൻ സ്ഥിതിചെയ്യുന്നു. യെശ. 46:4.

(3) ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കും വരെ സങ്കീ.110:1.

(4) ശൗലിന്റെ പുത്രി മീഖളിന് മരണം വരെ മക്കളുണ്ടാകയില്ല. പിന്നെ മരിച്ചു കഴിഞ്ഞാണോ മക്കളുണ്ടായത്.

ഇതൊക്കെ മാതാവിന്റെ കന്യാത്വത്തിനെതിരായുള്ള വാദങ്ങളല്ലെ.

എന്നാൽ കന്യകയുടെ ഗർഭധാരണം ഒരു രഹസ്യമാണ്.

1. തരുവിൽ നിന്ന് ആടുണ്ടായി. (ഉല്പ.22:13)
2. തീക്കൽപാറയിൽ നിന്ന് വെള്ളം (പുറപ്പെട്ടു പുറ.17:6)
3. മത്സ്യത്തിന്റെ വായിൽനിന്ന് എസ്തീറാ ലഭിച്ചു (മത്തായി 17:27). എങ്കിൽ കന്യാത്വത്തിന് ഭംഗം കൂടാതെ യേശുവിന് ജനിക്കാനും കഴിയും.

2. യഹസ്ക്കേൽ 44:2 ഇപ്രകാരം കാണുക. ഇസ്രായേലിന്റെ ദൈവമായ യഹോവ അതിൽകൂടി അകത്തു കടന്നതുകൊണ്ട് അത് അടഞ്ഞിരിക്കണം. ആരും അതിൽക്കൂടി കടക്കരുത്. ഇതും മാതാവിന്റെ കന്യാത്വത്തെ കാണിക്കുന്നു.

**കർത്താവിന്റെ സഹോദരന്മാർ**

കർത്താവിന്റെ സഹോദരന്മാർ എന്നു പറയുമ്പോൾ യേശുവിനു ശേഷം യൗസേപ്പിനും മറിയമിനും ജനിച്ചവർ എന്നാണ് ഹെൽവദ്യോസ് എന്നു പറയുന്ന വേദവിപരീതി കൊണ്ടുവന്നിരിക്കുന്ന മറ്റൊരു വാദം. സഹോദരന്മാരും സഹോദരിമാരും ഉണ്ടായിരുന്നുവെങ്കിൽ ക്രൂശിൽ കിടന്നുകൊണ്ട് തന്റെ മാതാവിനെ യോഹന്നാനെ ഏല്പിക്കുമായിരുന്നോ. ഏല്പിക്കാൻ മറ്റു മക്കൾ സമ്മതിക്കുമോ. നമ്മളാണെങ്കിൽ സമ്മതിക്കുമോ. ഈ ഒറ്റ തെളിവു മാത്രം മതിയല്ലോ എന്നാണ് ദിദിമോസ് പറഞ്ഞിരിക്കുന്നത്. മാതാവ് നിത്യകന്യക തന്നെ എന്ന് വി. എപ്പിപ്പാനോസ്, വി. കൂറിലോസ് എന്നീ പിതാക്കന്മാർ പറഞ്ഞിരിക്കുന്നു.

മർക്കോ. 6:3, മത്താ. 13:55 ൽ ഇപ്രകാരം കാണുന്നു. ഇവൻ മറിയയുടെ പുത്രനും യാക്കോബ്, യോസേ, യൂദാ, ശീമോൻ എന്നിവരുടെ സഹോദരനുമായ തച്ചനല്ലയോ. ഈ വാക്യങ്ങൾ എടുത്താണ് മറിയാമിന് വേറെ മക്കൾ ഉണ്ട് എന്ന് നവീനസഭക്കാർ പറയുന്നത്. ഈ പറയുന്ന മക്കൾ ആരാണെന്നു നമുക്കു നോക്കാം. മർക്കോ.15:40 ൽ യേശുവിന്റെ ക്രൂശിൽ ചുവട്ടിൽ മഗ്ദലക്കാരി മറിയ, ചെറിയ യാക്കോബിന്റെയും യോസയുടേയും അമ്മ മറിയയും ശലോമിയും ഉണ്ടായിരുന്നു. ഇതു തന്നെ മത്താ. 27:56 ലും കാണുന്നു. ലൂക്കോ. 24:10 ൽ മഗ്ദലക്കാരത്തി മറിയ, യോഹന്ന, യാക്കോബിന്റെ അമ്മ മറിയ എന്നു കാണുന്നു. മത്താ. 27:61 ലും, 28:1 ലും കല്ലറക്കെതിരെ മഗ്ദലക്കാരത്തി മറിയയും ഇരുന്നിരുന്നു എന്നു കാണുന്നു. ഈ മറ്റെ മറിയ ആരാണ് സെബദിയുടെ സഹോദരിയും ക്ലേയോപ്പാവിന്റെ ഭാര്യയുമാണ്. ഈ മറ്റെ മറിയ, ഇത് മാതാവിന്റെ ഒരു സഹോദരിയുമാണ്. ഒരു വീട്ടിൽ ഒരേ പേരുകാരുണ്ടെങ്കിൽ തിരിച്ചറിയാനാണ് ഇങ്ങനെ വിളിക്കുന്നത്.

ഇനിയും ആർക്കെങ്കിലും സംശയം ഉണ്ടായാൽ അതു മാറ്റുന്നതിനുവേണ്ടിയാണ് മർക്കോസ് തന്റെ സുവിശേഷത്തിൽ ചെറിയ യാക്കോബിന്റെയും യോസയുടേയും അമ്മ എന്ന് എടുത്തു പറഞ്ഞിരിക്കുന്നത്. ഇനിയും ശലോമി സെബദി പുത്രന്മാരായ യാക്കോബിന്റെയും യോഹന്നാന്റെയും അമ്മയാണ്. ഇവിടെ ഇപ്പോൾ എത്ര മറിയമാരെ കണ്ടു. ഇതിൽ നിന്നും കന്യകമറിയാമിന് യേശുവിനെ കൂടാതെ മക്കൾ ഇല്ല എന്നും നിത്യകന്യക ആണന്നും മനസ്സിലായി കാണുമല്ലോ. യഹൂദന്മാർ കസിൻ ബ്രദേഴ്സിനേയും സഹോദരന്മാർ എന്നാണ് വിളിച്ചിരുന്നത്, നമ്മളും അങ്ങനെ തന്നെയല്ലെ വിളിക്കാറ്.

മർക്കോ. 3:32, മത്താ. 12:49 ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ സഹോദരനും, മാതാവും ആകുന്നു എന്നാണ് യേശു പറഞ്ഞിരിക്കുന്നത്.

ഇനിയും യൗസേഫിനെപ്പറ്റി സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് പറഞ്ഞിരിക്കുന്നതുകൂടി നോക്കാം. നസ്രേത്തുകാരൻ, ആശാരിപണി, വിവാഹിതനും സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന യാക്കോബ്, യോസേ, യൂദാ, ശീമോൻ, ആദിയായി 6 മക്കളുടെ പിതാവുമായിരുന്നു. 2 പെൺമക്കൾകൂടി ഉണ്ടായിരുന്നു എന്നാണ് ചരിത്രം പറയുന്നത്. ഇതിൽ കൂടുതൽ എന്തുതെളിവാണ് വേണ്ടത്.

**വി. കന്യക മറിയം ദൈവമാതാവുതന്നെ**

ലൂക്കോസ് 1:28-43 വരെയുള്ള ഭാഗങ്ങൾകൂടി ഒന്നു നോക്കാം. കൃപ നിറഞ്ഞവളെ നിനക്കു സമാധാനം. കർത്താവ് നിന്നോടുകൂടെ എന്ന വന്ദനം ഗബ്രിയേൽ ദൂതൻ പറഞ്ഞിരിക്കുന്നു. വീണ്ടും നിന്നിൽ നിന്നു ജനിക്കുന്നവൻ ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെടും. പുത്രൻ ദൈവമാണെങ്കിൽ തന്നെ പ്രസവിച്ച അമ്മ ദൈവമാതാവ് തന്നെ എന്നതിൽ സംശയമില്ലല്ലോ. വീണ്ടും പരിശുദ്ധാത്മാവ് നിറഞ്ഞ് എലിശബേത്ത് പറഞ്ഞതുകൂടി കേൾക്കുക. സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ നിന്റെ ഉദരഫലവും അനുഗ്രഹിക്കപ്പെട്ടത്. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്. സ്വർഗ്ഗം ദൈവമാതാവ് എന്നു സാക്ഷിക്കുന്നുവെങ്കിൽ വേറെ എന്തു തെളിവാണ് വേണ്ടത്.

അതുകൊണ്ടുതന്നെയാണല്ലോ തന്റെ മാതാവിന്റെ വാങ്ങിപ്പിൻ സമയത്ത് ദൈവപുത്രൻ മാലാഖമാരുടെ അകമ്പടിയോടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുകയും അമ്മയെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ദുഃഖിക്കേണ്ട നിന്റെ ശരീരം ഏദനിലെ പറുദീസയിലേക്കു കൊണ്ടുപോകും എന്നും പറഞ്ഞു. മാതാവ് കർത്താവിന്റെ തൃക്കൈകളെ പിടിച്ച് മുത്തിക്കൊണ്ട് മകനെ നിന്റെ കൈനീട്ടി എന്നെ അനുഗ്രഹിക്കണമെ എന്നു പറഞ്ഞു. മ്ശിഹാ അപ്രകാരം ചെയ്യുകയും ചെയ്തു. അതുപോലെ മരണസമയത്ത് ജീവനോടെ ഇരുന്ന ശിഷ്യന്മാരും, വാങ്ങിപ്പോയ പിതാക്കന്മാരും, മാതാവിന്റെ അമ്മ ഹന്ന, എലിശബേത്ത്, ഹൗവ്വ, മറ്റു കന്യകമാരും കൂടെ ഉണ്ടായിരുന്നു. തന്റെ മാതാവിന്റെ ശരീരം ദ്രവത്വം കാണ്മാൻ സമ്മതിക്കാതെ പ്രകാശത്തിന്റെ രഥത്തിനകത്തുവച്ചു സകലസൃഷ്ടികളും അവളുടെ മുമ്പിലും പിമ്പിലും സ്തുതിപാടിക്കൊണ്ടിരുന്നു. മാലാഖമാരും ഈറേന്മാരും മഹത്വപ്പെടുത്തിക്കൊണ്ടിരുന്നു. ഇന്ത്യയിലായിരുന്ന തോമാശ്ലീഹായെ പരിശുദ്ധാത്മാവ് മേഘത്തിൽ എത്തിച്ചു. അമ്മയുടെ ഇടകെട്ട് തോമാശ്ലീഹായ്ക്ക് ഇട്ടുകൊടുത്തു എന്നും പറയപ്പെടുന്നു. അങ്ങനെ അമ്മയുടെ ശരീരം പറുദീസയിലേക്കു പ്രവേശിപ്പിച്ചു. ദൈവത്തിന്റെ അമ്മ നമ്മുടെയും അമ്മയാണല്ലോ. അമ്മ നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ ഇരുന്ന് പുത്രൻ തമ്പുരാനോട് മദ്ധ്യസ്ഥത ചെയ്തുകൊണ്ടിരിക്കുന്നു. ആ അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് നമുക്കും പ്രാർത്ഥിക്കാം. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ ഗ്രഹിപ്പാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ. ദൈവം ഏവരേയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

# എഡേസ്സായിലെ വിശുദ്ധ അഫ്രേം (മോർ അഫ്രേം സുറിയോയോ)

**ജോബിൻ പാലക്കുടി**

എഡേസ്സയിലെ വി. അഫ്രേം എ. ഡി. 202 ൽ ഇന്നത്തെ തെക്ക് കിഴക്കൻ തുർക്കിയിലുള്ള നിസിബിസ് പട്ടണത്തിൽ ഒരു സിറിയൻ ക്രിസ്ത്യൻ കുടുംബത്തിൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ സുറിയാനി ക്രിസ്തീയ വിശ്വാസത്തിലും ക്രിസ്തീയ പഠിപ്പിക്കലുകളിലും സുറിയാനി സംസ്ക്കാരത്തിലും അദ്ദേഹം വളർന്നു വന്നു. പിന്നീട് നിസിബിസിലെ മെത്രാപ്പോലീത്ത ആയിത്തീർന്ന മോർ യാക്കൂബിനൊപ്പം വി. അഫ്രേം എ. ഡി. 325 ൽ പ്രസിദ്ധമായ നിഖ്യാ സുന്നഹദോസിൽ പങ്കെടുത്തു. മോർ യാക്കൂബിൽ നിന്നും ഭക്തി, വിദ്യാഭ്യാസം ജ്ഞാനം എന്നിവയെല്ലാം വി. അഫ്രേം നേടിയെടുത്തു.

ഒരു തികഞ്ഞ സന്യാസി ആയിരുന്ന വി. അഫ്രേം ശെമ്മാശനായി ഉയർത്തപ്പെടുകയും മോർ യാക്കൂബ് ആരംഭിച്ച നിസിബിസിലെ സ്കൂളിൽ അദ്ദേഹം 38 വർഷം മല്പാനായി പഠിപ്പിക്കുകയും ആ കാലയളവിൽ അദ്ദേഹം ഒരു പാട് ആരാധന ഗീതങ്ങൾ എഴുതി ചിട്ടപ്പെടുത്തുകയും അവ അഫ്രേമിന്റെ "നിസിബിസിലെ കീർത്തനങ്ങൾ" എന്ന് അറിയപ്പെടുകയും ചെയ്യുന്നു.

എ.ഡി.363 ൽ പേർഷ്യക്കാർ നിസിബിസ് നഗരം കീഴടക്കിയതോടെ അദ്ദേഹം തന്റെ അനുയായികളുമായി നിസിബിസിൽ നിന്നും എഡേസ്സയിൽ എത്തി താമസം ഉറപ്പിച്ചു. വി. അഫ്രേം പുതിയ നിയമ പുസ്തകങ്ങൾ വ്യാഖ്യാനിച്ചു രചനകൾ നടത്തുകയും ഒരുപാട് ആരാധനാ ഗീതങ്ങളും പ്രാർത്ഥനകളും എഴുതുകയും അവയെല്ലാം സുറിയാനി സഭയുടെ പാരമ്പര്യം വിളിച്ചോതുകയും ചെയ്തു.

ജീവിതാവസാനം വരെ ഒരു പൂർണ്ണ ശെമ്മാശനായി ജീവിച്ച വി. അഫ്രേം എ.ഡി. 373 ജൂൺ 9 ന് എഡേസ്സയിൽ വച്ച് ക്രിസ്തുവിൽ നിദ്ര പ്രാപിക്കുകയും അദ്ദേഹത്തിന്റെ കബർ സ്ഥിതിചെയ്യുന്നിടത്തു സഭ ഒരു ആശ്രമം സ്ഥാപിക്കുകയും ചെയ്തു. വലിയ നോമ്പിലെ ആദ്യത്തെ ശനിയാഴ്ച ആഗോള സുറിയാനി സഭ വിശുദ്ധന്റെ ദുഖ്റോനോ ആചരിക്കുന്നു. ലോകം ആകമാനമുള്ള സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ "പരിശുദ്ധാത്മാവിന്റെ കിന്നരം" എന്നറിയപ്പെടുന്നു.

എഡേസ്സയിലെ ഉറഹായിൽ നിന്നും എ. ഡി. 345 ൽ മലങ്കരയിലേയ്ക്ക് കുടിയേറ്റം നടത്തിയ യഹൂദ ക്രിസ്ത്യാനികളായ ക്നാനായ സുറിയാനിക്കാർ ക്നാനായ സമുദായത്തിന്റെ ആസ്ഥാനമായ ചിങ്ങവനം അരമനയ്ക്കു വിശുദ്ധന്റെ ഓർമ്മയ്ക്കായി മോർ അഫ്രേം സെമിനാരി എന്ന് നാമകരണം ചെയ്തിരിക്കുന്നു.

# ഹൃദയംഗമമായ അദ്ധ്യാപനം



സുനിൽ ഡി. കുരുവിള

We think of the HEART in the poetic sense, the seat of love and compassison; and its the HEART that is so terribly importent ". **Jane Goodall**

ഒരു അദ്ധ്യാപകദിനം കൂടി വലിയ ചർച്ചകൾ ഒന്നുമില്ലാതെ കടന്നു പോയി. കൃത്രിമ വിവാദങ്ങൾക്കും, അനാവശ്യ ചർച്ചകൾക്കും വളരെ മുന്നിൽ നിൽക്കുന്ന നമ്മൾ വളരെ ഗൗരവമായ കാര്യങ്ങൾ പലപ്പോഴും തമസ്ക്കരിക്കുന്നു. ഒരു രാജ്യത്തിന്റെ വളർച്ചയിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നവരാണ് ഗുരുക്കന്മാർ. അവർ ഉയർന്നു നിൽക്കുന്ന ഒരു സമൂഹത്തിലേ നിലനിൽക്കുന്ന വളർച്ച സാധ്യമാകുകയുള്ളു.

നമ്മുടെ സമൂഹത്തിലെ അദ്ധ്യാപകർ ഇന്ന് എവിടെ നിൽക്കുന്നു?

അദ്ധ്യാപകരിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് കൊച്ചു കുട്ടികളെ പഠിപ്പിക്കുന്നവരാണ്. പ്രൈമറി തലംവരെയുള്ള അദ്ധ്യാപകരുടെ നിലവാരം ഒരു സമൂഹത്തിന്റെ ഭാവിയുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു. Primary Teachers are the prime teachers of a society." ഒരു രാജ്യത്തിന്റെ ഭാവിയും കുഞ്ഞുങ്ങളെ രൂപപ്പെടുത്തുന്ന അദ്ധ്യാപകരുടെ നിലവാരവും തമ്മിൽ വലിയ ബന്ധമാണ് ഉള്ളത്.

കുട്ടികളുടെ വ്യക്തിത്വം രൂപപ്പെടുന്നത് ഏറെക്കുറെ പത്തുവയസ്സിനുള്ളിലാണ്. അവരിൽ രൂപപ്പെടുന്ന വ്യക്തിത്വം സമഗ്രവും, ഉന്നതവും ആകണമെങ്കിൽ സ്നേഹമുള്ള ഭവനവും, കരുതലും കാഴ്ചപ്പാടുമുള്ള അദ്ധ്യാപകർ അവർക്കാവശ്യമാണ്. ഭവനങ്ങൾ പലതും ഇന്ന് കെട്ടിടങ്ങളും ലോഡ്ജുകളും ആയിക്കഴിഞ്ഞു. കരുതലും, സ്നേഹവും, സുരക്ഷിതത്വവും ഒക്കെ കടയിൽ നിന്ന് വാങ്ങാൻ കഴിയുമോ എന്നാണ് മാതാപിതാക്കൾ അന്വേഷിക്കുന്നത്. സ്കൂളുകളും ഏറെക്കുറെ യന്ത്രവൽക്കരിക്കപ്പെട്ടിരിക്കുന്നു. പൊതു വിദ്യാലയങ്ങൾ "Smart" ആകാൻ തയ്യാറായിക്കഴിഞ്ഞു. കുട്ടികൾക്കാവശ്യം ഹൃദ്യമായ ക്യാമ്പസ്സും, സ്നേഹമുള്ള ക്ലാസ് മുറികളുമാണ്. വലിയ കമാനങ്ങളും, കെട്ടിടങ്ങളും A C Bus-ഉം ഒക്കെ ഇന്ന് വാങ്ങിക്കാൻ കഴിയും, എന്നാൽ വാങ്ങാൻ കിട്ടാത്ത ഒരു കാര്യം ഹൃദയമുള്ള കാഴ്ചപ്പാടുള്ള അദ്ധ്യാപകരെയാണ്. ഹൃദ്യമായ അനുഭവങ്ങളും, ഉയർന്ന മൂല്യങ്ങളും കൊടുക്കുവാൻ കഴിയുന്ന അദ്ധ്യാപകരാണ് വിദ്യാഭ്യാസത്തിന്റെ ശക്തി. അദ്ധ്യാപകപരിശീലനത്തിൽ എവിടെയാണ് ഹൃദയത്തെക്കുറിച്ച് ചിന്തിക്കുന്നത്?

ആധുനിക വിദ്യാഭ്യാസം ഒരു കുട്ടിയുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കും, ആകുലതകൾക്കും, ആശകൾക്കും ചുറ്റുമാണ് രൂപപ്പെടേണ്ടത്. കുട്ടിയിലേക്ക് Connect ചെയ്യപ്പെടാത്ത വിദ്യാഭ്യാസം വൈകല്യമുള്ളതാണ്. ഇന്ന് സ്കൂളിൽ അദ്ധ്യാപകർ അറിയപ്പെടുന്നത് പഠിപ്പിക്കുന്ന വിഷയത്തിന്റെ പേരിലാണ്-കണക്ക് ടീച്ചർ, മലയാളം ടീച്ചർ. ബന്ധങ്ങളില്ല - പരസ്പരം അറിയില്ല - ധാരണയില്ല. കുട്ടിയെ അറിയാതെ എങ്ങനെ അവനെ/അവളെ പഠിപ്പിക്കാൻ സാധിക്കും? ജൂൺ ഒന്നു മുതൽ മാർച്ച് മാസം അവസാനം വരെയുള്ള യാത്ര പഠിതാവിലേക്കാണോ, വിഷയത്തിലേക്കാണോ ചെന്നെത്തിയത്? Sillabus ഉം, lesson plan നും അദ്ധ്യാപകനും കുട്ടിക്കുമിടയിൽ തടസ്സമാകുകയാണോ? ഒരു സമൂഹത്തിനു വേണ്ട അദ്ധ്യാപകരെ രൂപപ്പെടുത്തി എടുക്കേണ്ടത് അതാതു സമൂഹത്തിന്റെ തന്നെ കടമയല്ലേ? Smart-class room അതിനു പകരമാകുമോ? സമഗ്രവും, നിരന്തരവുമായ മികച്ച പരിശീലനം അദ്ധ്യാപകലോകത്തിന്റെ വളർച്ചക്ക് അനിവാര്യമാണ്.

Without a solid foundation of attitudes and productive habits, teacher will always fail to bridge the gap between themselves and their students. Degrees alone cannot produce effective teachers.

അദ്ധ്യാപകരെ രൂപാന്തരപ്പെടുത്താനും. വളർത്താനും, ഉയർത്താനും പ്രയാസമായതുകൊണ്ട് യന്ത്രങ്ങളിൽ നിക്ഷേപിച്ച് പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് കരുതിയാൽ ഒരു മാറ്റവും സംഭവിക്കുകയില്ല.

കൊച്ചുകുഞ്ഞുങ്ങളുടെ ആരോഗ്യം, ശുചിത്വം, വ്യായാമം, കളികൾ എന്നിവയുടെ പ്രാധാന്യം വിദ്യാഭ്യാസം എത്ര കണ്ട് ഗൗരവമായി പരിഗണിക്കുന്നുണ്ട്. പഠനവൈകല്യം, വൈകാരിക പ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ എന്നിവ കുട്ടികളിൽ കാണുന്നതായിട്ട് പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ ഇവ ചെറുപ്രായത്തിൽ തന്നെ കണ്ടെത്താനോ പരിഹരിക്കാനോ കഴിയുന്നില്ല. ഇത്തരം പ്രശ്നങ്ങളെ പക്വമായി നേരിടാൻ തക്കവണ്ണം അദ്ധ്യാപകരും പരിശീലിക്കപ്പെടുന്നില്ല.

കുട്ടികളിൽ ഉള്ള പ്രശ്നം അറിവ് മാത്രം ആണെന്നുള്ള തരത്തിൽ വിദ്യാഭ്യാസം ചുരുങ്ങിപ്പോകരുത്.കുട്ടികളിൽ അച്ചടക്കവും, സംസ്കാരവും, മൂല്യങ്ങളും വളർത്തിയെടുക്കേണ്ടതുണ്ട്. പ്രചോദനാത്മകമായ മനോഭാവത്തോടെ അവർ വളരേണ്ടതുണ്ട്.

Education is not preparation for life. education is life itself.



സന്തോഷമുള്ള ബാല്യത്തിൽ നിന്നാണ് സമാധാനമുള്ള കൗമാരത്തിലേക്ക് കുട്ടികൾ കടന്നു വരുന്നത്. മുരടിച്ചു പോയ ബാല്യത്തിൽ നിന്ന് എങ്ങനെ നല്ല പൗരന്മാരെ സൃഷ്ടിക്കാൻ കഴിയും? കുട്ടികളായിരിക്കുമ്പോൾ തന്നെ ചുറ്റുപാടുമായും, പ്രകൃതിയുമായും, സമൂഹവുമായും ഒക്കെ അവർ ഇണങ്ങേണ്ടതുണ്ട്. വിദ്യാഭ്യാസം ആ നിലയിലേക്ക് ഉയരേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു വിശാല കാഴ്ചപ്പാടിലേക്ക് അദ്ധ്യാപക സമൂഹത്തെ പ്രചോദിപ്പിക്കേണ്ടതുണ്ട്. അവരെ കുറ്റപ്പെടുത്താനല്ല മറിച്ച് അവരെ ശക്തിപ്പെടുത്താനാണ് സമൂഹം ശ്രദ്ധിക്കേണ്ടത്. സമൂഹത്തിൽ അദ്ധ്യാപകർ ബഹുമാനിക്കപ്പെടുകയും കരുതപ്പെടുകയും ചെയ്യുമ്പോൾ അവർ നയിക്കുന്ന കുട്ടികളും ഉയർന്നു നിൽക്കും.

I am not a TEACHER, but an awakener"

- Robert Frost.

നല്ല മനുഷ്യരെ സൃഷ്ടിക്കുന്നതാവണം വിദ്യാഭ്യാസം. അടിസ്ഥാനവിദ്യാഭ്യാസം പൂർത്തീകരിക്കുന്ന ഒരു വ്യക്തി സമഗ്ര വ്യക്തിത്വത്തിന്റെ ഉടമയും, ജീവിതത്തെ നേരിടുന്നതിന് പ്രാപ്തവുമാകുന്നില്ലെങ്കിൽ ആ വിദ്യാഭ്യാസത്തിന് എന്തോ തകരാറുണ്ട് എന്ന് പറയേണ്ടിവരും. മുതിർന്ന കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർ ഉപദേശിക്കാനല്ല മറിച്ച് സ്വാധീനിക്കാൻ കഴിവുള്ളവരാകണം. ഇന്ന് മോഡലുകൾ ഉണ്ട് എന്നാൽ റോൾമോഡലുകൾ ഇല്ല. അദ്ധ്യാപകർക്ക് ഉയർന്ന മാതൃകകാട്ടിനിന്നുകൊണ്ട് അവരെ സ്വാധീനിക്കാൻ കഴിയണം. ജന്തു ജീവിതത്തിൽ നിന്ന് മനുഷ്യ ജീവിതത്തിലേക്ക് അവരെ ഉയരാൻ പ്രേരിപ്പിക്കുന്നതാവണം നമ്മുടെ വ്യക്തിപരമായ മാതൃക. ജീവിതത്തിന്റെ ആസ്വാദനത്തിലേക്ക് അവരെ എത്തിക്കുന്നതാവണം നമ്മുടെ ജീവിതം.

സിലബസും, മാർക്കും മാത്രമായ ഒരു സങ്കുചിത ലക്ഷ്യത്തിലേക്ക് വിദ്യാഭ്യാസം ചുരുങ്ങിപ്പോകരുത്. കുട്ടികളുടെ ജീവിതത്തെയും, സ്വഭാവത്തേയും, അറിവിനേയും, കാഴ്ചപ്പാടിനേയും പോസിറ്റീവ് ആയി സ്വാധീനിക്കാനും ഉയർത്താനും അദ്ധ്യാപകർക്ക് കഴിയട്ടെ. അറിയാനും വളരാനുമുള്ള ആഗ്രഹം അവരിൽ നിരന്തരം നിലനിർത്താൻ നമുക്ക് കഴിയണം. കരുതാനും, പങ്കുചേരാനും അവർക്ക് കാഴ്ചപ്പാടു നൽകണം. ഇരുട്ടല്ല വെളിച്ചമാണ് സത്യം എന്ന് അവർ തിരിച്ചറിയട്ടെ.

പഠിക്കുന്നവരും പഠിക്കാത്തവരും എന്ന് അവർ തരം തിരിക്കപ്പെടാതിരിക്കട്ടെ. ഓരോ കുട്ടിയുടേയും നന്മയും, കഴിവും തിരിച്ചറിയപ്പെടാൻ ക്ലാസ്സുമുറികളിലും, ക്യാമ്പസിലും സ്ഥലം രൂപപ്പെടട്ടെ. ചീത്തകുട്ടികളില്ല, നല്ല സ്വാധീനങ്ങൾ ശക്തിപ്പെടാത്തതാണ് കാരണം. തിന്മ സംഘടിച്ചു നിൽക്കുന്ന ലോകത്ത് നന്മയും ശക്തിപ്പെടേണ്ടതുണ്ട്.

Teaching is more than imparting knowledge;
it is inspiring change.

William Arther Ward

അദ്ധ്യാപകന്റെ അംഗീകാരം അവന്റെ കുട്ടികളിലൂടെ അവൻ നേടുന്ന സാമൂഹിക മാറ്റമാണ്. ഓരോ കുട്ടിക്കും യോജിക്കുന്ന മേഖലകളിലേക്ക് അവരെ പ്രോത്സാഹിപ്പിക്കാൻ, വഴികാട്ടാൻ അദ്ധ്യാപകന് കഴിയണം. നമുക്ക് കിട്ടുന്ന കയ്യടികളല്ല നമ്മുടെ കുട്ടികൾക്ക് കിട്ടുന്ന കയ്യടികളാകട്ടെ നമ്മുടെ അദ്ധ്യാപകജീവിതത്തിന്റെ മേന്മയുടെ അളവുകോൽ.

അദ്ധ്യാപനം ഒരു ഹൃദയപ്രവർത്തനം ആകണം. നമ്മുടെ ഹൃദയംകൊണ്ട് നമ്മുടെ മുൻപിൽ എത്തുന്ന ഹൃദയങ്ങളെ സ്വാധീനിക്കണം. " Teaching is a spiritual mission". എന്നിലെ ദൈവം നിന്നിലെ ദൈവത്തെ കാണുന്ന അനുഭവമായി അതു രൂപാന്തരപ്പെടട്ടെ-അവിടെയാണ് ആഴമുള്ള വിദ്യാഭ്യാസത്തിന്റെ ആരംഭം.

വികലമായ ബാലാവകാശ നിയമങ്ങൾ രൂപപ്പെടുത്തി അദ്ധ്യാപകന്റെ morale നശിപ്പിക്കാതിരിക്കാൻ സമൂഹം പ്രത്യേകം ശ്രദ്ധിക്കണം. മാധ്യമങ്ങളും മറ്റും അദ്ധ്യാപകരെ തരം താഴ്ത്തി കാണിക്കാൻ ശ്രമിക്കാതിരിക്കുക. രാഷ്ട്രീയ നേതാക്കളും മറ്റും അദ്ധ്യാപകരെ ബഹുമാനിക്കാൻ പഠിക്കുക. മാതാപിതാക്കൾ ബഹുമാനിക്കാത്ത അദ്ധ്യാപകരെ എങ്ങനെയാണ് കുട്ടികൾ ബഹുമാനിക്കുക? അദ്ധ്യാപകനെ എന്തു വിലകൊടുത്തും സമൂഹത്തിൽ ഉയർത്തി നിർത്തേണ്ടതുണ്ട്. എങ്കിലേ ഒരു സമൂഹം ലോകത്ത് ഉയർന്നുനിൽക്കുകയുള്ളൂ. മറിച്ചാണെങ്കിൽ നമ്മുടെ വരുംതലമുറയുടെ മൂല്യച്യുതി വലിയ വിലയായികൊടുക്കേണ്ടി വരും.

The heart is where all the action happens. And the key to living a most fulfilling, rich, successful life is to keep the heart open. An open heart allows us to to look at life in such a different way".

*സുനിൽ ഡി കുരുവിള - മാനവശേഷി വികസന പരിശീലകനും, കൗൺസിലറുമാണ്, മാവേലിക്കര ഇൻസൈറ്റ് മിഷന്റെ സ്ഥാപകനുമാണ്.*

ഫോൺ - +91 9847400712, 9656144712

E-mail : sunil_kuruvilla@rediffmail.com, website : insightmission.org

# മാറുന്ന സമൂഹം

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റിയംഗം)

മൈക്കൽ ആഞ്ജലോ എന്ന വിശ്വപ്രസിദ്ധ ചിത്രകാരന് ഉണ്ണിയേശുവിന്റെ ഒരു ചിത്രം വരയ്ക്കണമെന്ന മോഹമുണ്ടായി. അതിനായി ഒരു മോഡലിനെ അന്വേഷിച്ചു നടന്നു. ഒടുവിൽ ഓമനത്തവും സൗന്ദര്യവുമുള്ള ഒരു ആൺകുട്ടിയെ കണ്ടെത്തി. അവനെ മോഡലാക്കി ചിത്രം വരച്ചു. "ഉണ്ണിയേശു" വിശ്വപ്രസിദ്ധമായി. ആ ചത്രം ആഞ്ജലോയ്ക്കു നിരവധി അവാർഡുകൾ നേടിക്കൊടുത്തു.

ഏതാണ്ട് 25 വർഷങ്ങൾക്കുശേഷം ആ ചിത്രകാരന് മറ്റൊരു മോഹം. യേശുവിനെ മുപ്പതുവെള്ളിക്കാശിന് ഒറ്റിക്കൊടുത്ത യൂദാസിന്റെ ചിത്രം വരയ്ക്കണം. മോഡലിനെ തേടി ജയിലുകളിലും മറ്റും കയറിയിറങ്ങി. വഞ്ചനയും ക്രൂരതയും കാപട്യവും ഒന്നുപോലെ നിറഞ്ഞ മുഖമുള്ള ആരെയും കണ്ടുകിട്ടിയില്ല. അവസാനം താനുദ്ദേശിച്ച മുഖമുള്ള ഒരു ജയിൽപുള്ളിയെ കണ്ടെത്തി. അയാളെ മോഡലാക്കി ചിത്രം രചിച്ചു. പൂർത്തിയായപ്പോൾ ചിത്രകാരനു തികഞ്ഞ ആത്മസംതൃപ്തിയും സന്തോഷവും തോന്നി. അദ്ദേഹം ജയിൽപുള്ളിയോടു തന്റെ അളവറ്റ കൃതജ്ഞത പ്രകാശിപ്പിച്ചു. ചിത്രകാരന്റെ ഭാവനയിലെ യൂദാസിന്റെ മുഖമുള്ള ആ മനുഷ്യന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. അയാൾ ഗദ്ഗദത്തോടെ പറഞ്ഞു. ഇരുപത്തഞ്ചു വർഷങ്ങൾക്കുമുമ്പ് അങ്ങ് ഒരു കുട്ടിയെ മോഡലാക്കി ഉണ്ണിയേശുവിനെ വരച്ചില്ലേ? ആ കുട്ടി തന്നെയാണ് ഞാൻ. ഉണ്ണിയേശുവായിരുന്ന എന്നെ യൂദാസാക്കി മാറ്റിയതിൽ ഈ സമൂഹത്തിനും പങ്കില്ലേ?

വിജ്ഞാന വിസ്ഫോടനത്തിന്റെ ഈ യുഗത്തിൽ ഹൃദയത്തിന്റെ ഭാഷ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യ മസ്തിഷ്ക്കങ്ങളെക്കാൾ വേഗത്തിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ വിദ്യാർത്ഥികൾക്കു വിജ്ഞാനം പകരുന്നു. ലോകത്തിലെമ്പാടുമുള്ള അറിവുകൾ ഇന്റർനെറ്റിലൂടെ അനിതര സാധാരണമായ വേഗത്തിൽ നമ്മിലെത്തുന്നു. എന്നാൽ ബുദ്ധിയെ വികസിപ്പിക്കുന്ന ഈ യന്ത്രങ്ങൾക്ക് ഹൃദയത്തിന്റെ മൃദുല തന്ത്രികളെ മീട്ടാനാവില്ല. ഇന്ന് സമൂഹത്തിൽ സ്നേഹമെന്ന വികാരം തന്നെ നഷ്ടമായിരിക്കുന്നു. അച്ഛനമ്മമാർ അന്നം തേടി പോകുമ്പോൾ കുട്ടി ആയയുമൊത്തു കഴിയുന്നു. അമ്മ മരിച്ചാൽ കുട്ടി കരയില്ല. പക്ഷേ ആയ മരിച്ചാൽ കരയും. എവിടെയും യാന്ത്രികബന്ധം. ധനത്തിനും അധികാരത്തിനും വേണ്ടി വെമ്പിക്കൊണ്ടിരിക്കുന്ന ഒരു മനസ്സിന്റെ ഉടമയ്ക്ക് ശാന്തിയെന്തെന്നറിയാൻ കഴിയില്ല. ആരെയും സ്നേഹിക്കുവാനുമാവില്ല. ആൽബർട്ട് ഐൻസ്റ്റിൻ പറഞ്ഞു നമുക്കു പ്ലൂട്ടോണിയം ശുദ്ധീകരിക്കാനറിയാം. പക്ഷേ മനുഷ്യമനസ്സിനെ ശുദ്ധീകരിക്കാനുള്ള സാങ്കേതിക വിദ്യ ഇനി വികസിപ്പിക്കേണ്ടിയിരിക്കുന്നു. പണത്തിന്റെ അമിതലബ്ധി ഇന്ന് ഒരു സാമൂഹ്യപ്രശ്നമാവുന്നു. മദ്യപാനാസക്തി മുമ്പെന്നത്തേക്കാളും സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഫലമോ? കുടുംബ കലഹം. പ്രായംചെന്ന മാതാപിതാക്കളും പിഞ്ചുകുഞ്ഞുങ്ങളുമാണ് ഇതിന്റെ ഫലം കൂടുതൽ ഏറ്റുവാങ്ങേണ്ടിവരുന്നത്. വനിതാ കമ്മീഷനുകളും കുടുംബക്കോടതികളും ഒപ്പം വൃദ്ധ സദനങ്ങളും ഏറിവരുന്നു. നല്ല ഭാര്യമാർ ധാരാളമുണ്ട്. നല്ല ഭർത്താക്കന്മാരും ഏറെയുണ്ട്. നല്ല ദമ്പതികൾ മാറുന്ന സമൂഹത്തിൽ കുറഞ്ഞു വരുന്നു. ആത്മഹത്യകൾ സമൂഹത്തിൽ പെരുകുന്നു. മോഷണവും അക്രമവും പഴയകാലത്തേക്കാൾ വർദ്ധിക്കുന്നു. ആരോടു പറയണം. നീതിക്കുവേണ്ടി ഏതു വാതിലിൽ മുട്ടണം. സത്യം വിദൂരതയിൽ. ജനാധിപത്യ സങ്കൽപങ്ങളിൽ നിന്നും നാം എത്ര അകന്നുപോയി. കുട്ടികളെ വളർത്തുന്നതു ഭാരമായി കരുതുന്ന അച്ഛനമ്മമാരുടെ എണ്ണം കൂടുന്നു. കുട്ടികൾ വേണ്ട എന്നുപോലും തീരുമാനിക്കുന്ന തലത്തിലേക്കു ചിന്തിക്കുന്നവരും സമൂഹത്തിൽ അപൂർവ്വമായുണ്ടാകുന്നു. കുടുംബബന്ധങ്ങൾ ഇന്ന് പലപ്പോഴും ബന്ധനങ്ങളാകുന്നു. കുട്ടികളും മാതാപിതാക്കളുമായി ചെലവഴിക്കുന്ന സമയം ലോഭിച്ചു വരുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിൽ പോലും ആശയവിനിമയം കുറഞ്ഞുവരുന്നു. തികഞ്ഞ യാന്ത്രികജീവിതം. വാർദ്ധക്യം വൃദ്ധസദനങ്ങളിൽ. വിവേകത്തിന്റെ വെള്ളിനക്ഷത്രങ്ങളായ നരച്ചതലകൾ ജീവിതസന്ധ്യയിൽ ചെറുമക്കൾക്കു പകർന്നു നൽകിയിരുന്ന ആശയങ്ങളും അനുഭവങ്ങളും പാരമ്പര്യങ്ങളും മാറുന്ന സമൂഹത്തിൽ നഷ്ടമായി.

നിങ്ങളുടെ വീട്ടിൽ ഒരു കുടുംബം ഉണ്ടോ? ഇക്കാലത്ത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. കല്ലും സിമന്റും തടിയും ഉപയോഗിച്ചുള്ള വീടുകളിൽ കുടുബങ്ങൾ തമ്മിലുള്ള ഊഷ്മള ബന്ധങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മുന്നൂറും നാനൂറും എപ്പിസോഡുകൾ ഉള്ള ടി.വി. സീരിയലുകൾക്കു മുൻപിൽ ദിവസം മുഴുവൻ ചിലവഴിക്കുന്ന അമ്മമാർക്കു മക്കളുമായി സംവദിക്കാൻ സാധിക്കുന്നില്ല. ഇത് കുടുംബത്തിനുണ്ടാക്കുന്ന മനഃശാസ്ത്രപരമായ ആഘാതം അതീവഗുരുതരവും ദൂരവ്യാപകവുമാണ്. ഇതിനോടുള്ള ആസക്തി മയക്കുമരുന്നിനോടുള്ള ആസക്തിപോലെ മനുഷ്യനെ അടിമയാക്കുന്നു. പരിപാവനമായ നമ്മുടെ ഭവനങ്ങളുടെ അന്തരീക്ഷത്തെ സ്വാധീനിക്കാൻ ദൃശ്യമാധ്യമങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. പരസ്യങ്ങളുടെ ലഹരി നമ്മുടെ എല്ലാ മൂല്യങ്ങളെയും നാമറിയാതെ ബാധിച്ചു കഴിഞ്ഞു. ഒരു കൊച്ചുകുട്ടി ഇരിക്കാൻ തുടങ്ങുമ്പോൾ മുതൽ അമ്മ അവനെ ടെലിവിഷന്റെ മുൻപിൽ ഇരുത്തി മറ്റു ജോലികൾ നോക്കും. കണ്ണിനെയും കാതിനെയും ഒരുപോലെ രസിപ്പിക്കുന്നതിനാൽ ടി.വി.കാണുന്നതിനുള്ള താല്പര്യം വർദ്ധിച്ചുകൊണ്ടേയിരിക്കും. വൈകിട്ട് പഠിക്കാൻ പുസ്തകത്തിന്റെ മുൻപിലിരിക്കുന്ന കുട്ടി എന്നും നാലും അഞ്ചും പ്രാവശ്യം വെള്ളം കുടിക്കാൻ മുറിയിൽ നിന്നും പുറത്തുവരും. കാരണം ചോദിച്ചാൽ കുട്ടി പറയും അച്ഛനും അമ്മയും

*(ശേഷം പേജ് 28-ൽ)*

# ഏബ്രഹാം മോർ ക്ലീമ്മീസ് വലിയ മെത്രാപ്പോലീത്തയുടെ 20-ാമത് ശ്രാദ്ധപ്പെരുന്നാൾ

ടിംസ് തോമസ് കൊച്ചുപറമ്പിൽ, (ജനറൽ കൺവീനർ)

പുണ്യശ്ലോകനായ അഭി. ഏബ്രഹാം മോർ ക്ലീമ്മീസ് വലിയമെത്രാപ്പോലീത്തായുടെ 20–ാം ശ്രാദ്ധപ്പെരുന്നാൾ സെപ്റ്റംബർ 25, 29, 30 തീയതികളിൽ വന്ദ്യ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ ഭക്തിപുരസ്സരം കൊണ്ടാടി. 25–ാം തീയതി രാവിലെ 7.30 ന് പ്രഭാതപ്രാർത്ഥനയും 8.30 ന് വി. കുർബ്ബാനയും 10.30 ന് ശ്രാദ്ധപ്പെരുന്നാളിനു തുടക്കം കുറിച്ചുകൊണ്ട് വിവിധ പരിപാടികളുടെ ഉദ്ഘാടനം സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു. തുടർന്ന് അനുസ്മരണ പ്രഭാഷണം ശ്രീ. തോമസ് ചാഴികാടൻ എം. പി. യും, റവ. ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. 11.00 a.m. ന് മോർ ക്ലീമ്മീസ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിക്കുവേണ്ടിയുള്ള അഖില ക്നാനായ ബൈബിൾ ക്വിസ് മത്സരം ഫാ. ഡോ. മാർട്ടിൻ ശങ്കുരിക്കല്ലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. വൈകുന്നേരം 6 മണി മുതൽ 9 മണി വരെ വ്യക്തിത്വ വികസന സെമിനാർ JCI ഇന്റർനാഷണൽ ട്രെയിനർ ശ്രീ. റ്റോം സക്കറിയായുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

29–ാം തീയതി വൈകുന്നേരം 6.30 ന് സന്ധ്യാപ്രാർത്ഥനയും തുടർന്ന് റാന്നി, കല്ലിശ്ശേരി, ചിങ്ങവനം മേഖലകളിൽ നിന്ന് കബറിങ്കലേക്ക് വന്ന അനുസ്മരണ യാത്രയ്ക്ക് സ്വീകരണം നൽകി. ഏഴരയ്ക്ക് നടന്ന അനുസ്മരണ സമ്മേളനം ദയറാപള്ളി ക്വയർ ടീമിന്റെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ചു. റവ. ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട് സ്വാഗതവും സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷതയും വഹിച്ചു. ഉദ്ഘാടനം ബഹു. കേരള ചീഫ് വിപ്പ് ഡോ. എൻ ജയരാജ് നിർവ്വഹിച്ചു. അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും, കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തയും അനുഗ്രഹപ്രഭാഷണം നടത്തി. മുഖ്യപ്രഭാഷണം അഡ്വ. ജോബ് മൈക്കിൾ എം.എൽ. എ. നിർവ്വഹിച്ചു. തുടർന്ന് അനുസ്മരണ പ്രസംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ശ്രീ. അഡ്വ. പ്രമോദ് നാരായണൻ എം.എൽ.എ., സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ദയറാപള്ളി ട്രസ്റ്റി രെഞ്ചു ചാക്കോ കോഴിമറ്റം, ജനറൽ കൺവീനർ ടിംസ് തോമസ് കൊച്ചുപറമ്പിൽ എന്നിവർ നടത്തുകയും തുടർന്ന് അഖില ക്നാനായ ബൈബിൾ ക്വിസ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് ദയറാപള്ളി സെക്രട്ടറി ഏലിയാസ് പി. തോമസ് പാട്ടാശ്ശേരിൽ കൃതജ്ഞത അർപ്പിച്ചു.

30–ാം തീയതി 7.30 ന് പ്രഭാത പ്രാർത്ഥനയും 8.30 ന് വി. അഞ്ചിന്മേൽ കുർബ്ബാന സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും നടത്തപ്പെട്ടു.

---

***മാറുന്ന സമൂഹം***
*(പേജ് 27 തുടർച്ച)*

ടി.വി. യുടെ മുൻപിലാണ്. അതിലെന്താ നടക്കുന്നത് എന്ന് നോക്കിയേക്കാം. കുട്ടികളുടെ പഠനത്തെയും ഏകാഗ്രതയെയും പല ഭവനങ്ങളിലും തകർക്കുന്നത് ആധുനിക മാധ്യമങ്ങളുടെ അമിതമായ ദുരുപയോഗമാണ്. വിജ്ഞാനവും വിനോദവും പകർന്നു നൽകാൻ നിയന്ത്രിത രീതിയിലുള്ള ഉപയോഗത്തിലൂടെ പല മാധ്യമങ്ങൾക്കും കഴിയും എന്നുള്ളതിന് സംശയമില്ല. കുടുംബത്തെയും സമൂഹത്തെയും വ്യക്തമായി സ്വാധീനിക്കാൻ അമ്മമാർക്കുള്ള പങ്ക് വളരെവലുതാണ്. ഒരു പുരുഷനു വിദ്യാഭ്യാസം കൊടുത്താൽ ഒരു വ്യക്തിയെ മാത്രമാണ് വിദ്യ അഭ്യസിപ്പിക്കുന്നത്. എന്നാൽ ഒരു സ്ത്രീക്കു വിദ്യാഭ്യാസം കൊടുത്താൽ ഒരു സമൂഹത്തിന് മുഴുവനാണ് വിദ്യാഭ്യാസം കൊടുക്കുന്നത് എന്നാണ് ഒരു വിദ്യാഭ്യാസ വിചക്ഷണൻ പറഞ്ഞത്. മാതൃത്വത്തിന്റെ അതിന്ദ്രിയവും മനഃശാസ്ത്രപരമായ ശക്തിയും സ്വാധീനവുമാണ് ഇതിനു കാരണം. കുട്ടികൾ പറയുന്നതു കേൾക്കാൻ നാം സമയം കണ്ടെത്തുമ്പോൾ ചെയ്യുന്നത് വലിയ മുതൽ മുടക്കാണ്. അത് അവരെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വത്തെ മാനിക്കുന്നതായും അവരിൽ തോന്നലുണ്ടാക്കും. അമ്മമാർ സ്നേഹത്തിന്റെയും കരുതലിന്റെയും പ്രതീകങ്ങളാകുമ്പോൾ പിതാക്കന്മാർ റോൾ മോഡലുകളാകണം. കുടുംബത്തിൽ സംരക്ഷണത്തിന്റെ കവചങ്ങളാകണം. ബന്ധങ്ങൾ നശിച്ചതാണ് മാറിയ സമൂഹത്തിന്റെ ഏറ്റവും വലിയരോഗം. ലോകം മുഴുവൻ നേടിയാലും സ്വന്തം കുടുംബം നഷ്ടമായാൽ എന്തു നേട്ടം? ഈ ചോദ്യം നമ്മുടെ മുന്നിൽ ഉയർന്നു നിൽക്കട്ടെ.




ഡീ. സ്റ്റെവിൻ എബ്രഹാം ജോസഫ് പുളിമൂട്ടിൽ

## സ്ലീബായ്ക്കു ശേഷം 5 – ാം ഞായർ
## മത്തായി. 23:1 – 12 (16 – 10 – 2022)

ഇവിടെ യേശുതമ്പുരാൻ പുരുഷാരത്തോടും തന്റെ ശിഷ്യന്മാരോടും ഇപ്രകാരം കല്പിക്കുന്നു, സൊപ്രേന്മാരും പരീശന്മാരും മോശയുടെ സിംഹാസനത്തെ പ്രാപിച്ചു. അതുകൊണ്ട് നിങ്ങൾ ആചരിക്കണമെന്ന് അവർ നിങ്ങളോട് പറയുന്ന സകലവും നിങ്ങൾ ആചരിച്ച് പ്രവർത്തിപ്പീൻ എന്നാൽ അവർ പ്രവർത്തിക്കുന്നതുപോലെ നിങ്ങൾ പ്രവർത്തിക്കരുത്. എന്തെന്നാൽ അവർ പറയുന്നതേയുള്ളു-പ്രവർത്തിക്കുന്നില്ല.

ശ്രേഷ്ഠാധികാരത്തിന് കീഴടങ്ങിരിയിക്കണമെന്നുള്ള ഉപദേശം കർത്താവ് നൽകുന്നതോടൊപ്പം അധികാര സ്ഥാനത്ത് ഇരിക്കുന്നവരുടെ വചനവും പ്രവർത്തിയും ഒരുപോലെ ആയിരിക്കണമെന്ന് സൂചിപ്പിക്കുന്നതോടൊപ്പം സൊപ്രേന്മാരുടെയും പരിശുദ്ധന്മാരുടെയും കപടനാട്യത്തെ കർത്താവ് തുറന്ന് കാണിക്കുകയാണ് ഈ വേദഭാഗത്തിലൂടെ.

**1. നന്മയെ സ്വീകരിക്കുന്നവരും തിന്മയെ തിരസ്ക്കരിക്കുന്നവരും ആയിരിക്കണം.**

ശ്രേഷ്ഠാധികാരത്തിന് കീഴടങ്ങണമെന്ന് പറഞ്ഞുകൊണ്ട് അതിന്റെ പ്രാധാന്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് കർത്താവ് പറയുന്നത് അവർ പറയുന്ന നന്മയെ (തിരുവചനത്തെ) സ്വീകരിക്കുകയും, തിന്മയെ തിരസ്ക്കരിക്കുകയും ചെയ്യണമെന്ന് കർത്താവ് കല്പിക്കുന്നു. "സോപ്രേന്മാരും പരീശന്മാരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു" (മത്തായി. 23:2) അവർ അധികാര സ്ഥാനത്ത് ഇരിക്കുന്നവരാണ് പഴയനിയമതിരുവെഴുത്തുകളെ കൈകാര്യം ചെയ്യുന്നവരും അവരാണ്. അവർക്ക് യാതൊരു അവകാശവും ഇല്ലാത്ത സ്ഥാനത്ത് അല്ലെങ്കിൽ അർഹതയില്ലാത്തയിടത്ത് ഇരുന്ന് സകലത്തെയും കൈയ്യടക്കി തിരുവചനത്തെ സ്വയം അനുഷ്ഠിക്കാതെ മറ്റുള്ളവരെ അനുസരിപ്പിക്കുന്ന അവസ്ഥയാണ്. നമുക്ക് ചുറ്റും ഒന്നും നോക്കിയാൽ ഇന്നും ഇത്തരത്തിലുള്ള കാര്യവിചാരകന്മാരെയാണ് എല്ലാ മേഖലകളിലും കാണുവാൻ സാധിക്കുന്നത്. അധികാരസ്ഥാനത്ത് എത്തുവാൻ എന്തെല്ലാം വേലകൾ ആണ് അവർ ചെയ്യുന്നത്. ജനത്തെ അനുസരിപ്പിച്ച് ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരു പറ്റം ആളുകളാണ് അവർ.

ലോകചരിത്രം പരിശോധിച്ചാൽ മറ്റുള്ളവരെ അനുസരിപ്പിച്ചും കല്പിച്ചും വലിയ സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്തുന്ന നിരവധി നേതാക്കന്മാരെ കാണാം. എന്നാൽ കാലം ആ സാമ്രാജ്യങ്ങളെ എല്ലാം നാമാവശേഷമാക്കി. ക്രൂശിലൂടെ (അനുസരണത്തിലൂടെ) കർത്താവ് പടുത്തുയർത്തിയ സ്നേഹ സാമ്രാജ്യം ഇന്നും നിലനിൽക്കുന്നു. ജീവിതത്തിൽ അനുകരിക്കേണ്ട മാതൃകയെ യേശു തമ്പുരാൻ ഈ ലോകത്തിനു കാട്ടി തന്നുകൊണ്ടാണ് കാപട്യത്തെ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കണം എന്ന് ആഹ്വാനം ചെയ്യുന്നത്.

**2. സ്വയം താഴ്ത്തുന്നവരായിരിക്കണം.**

മനുഷ്യർക്ക് കാണപ്പെടുവാൻ തക്കവണ്ണം തങ്ങളുടെ നെറ്റിപ്പട്ടങ്ങൾക്ക് വീതി കൂട്ടുകയും, കുപ്പായങ്ങളുടെ തൊങ്ങലുകൾക്ക് നീളം കൂട്ടുകയും മുഖ്യാസനവും, മുഖ്യസ്ഥാനവുമൊക്കെ ആഗ്രഹിക്കുന്നവർ എല്ലാ കാലങ്ങളിലുമുണ്ടാകാം.

എന്നാൽ പിതാവാം ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ ദാസവേഷം പൂണ്ട് ക്രൂശിലെ മരണത്തോളം സ്വയം താഴ്ത്തി സ്വർഗ്ഗീയ മഹോന്നതങ്ങളിൽ നിന്നും ഇറങ്ങിവന്ന ക്രിസ്തുവിനെ മാതൃകയാക്കി തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി ചുംബിച്ച ക്രിസ്തുവിനെ അനുകരിച്ച് സ്വയം താഴ്മ ധരിച്ച് ജീവിക്കുന്നവരായിരിക്കണം ഓരോരുത്തരും. ചുറ്റുമുള്ള ബാഹ്യമായ ഫലങ്ങളിൽ ആശ്രയം വച്ച് ആഗ്രഹിച്ച് ജീവിക്കുകയും ദൈവത്തെ മറന്ന് ലോകമോദങ്ങളിൽ അഹങ്കരിച്ച് നടക്കുന്നവരാണ് നാം പലപ്പോഴും. അതുകൊണ്ടാണ് കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നത് തന്റെ മാതൃകകളെ പിൻപറ്റി വി. ദൈവമാതാവിനെപ്പോലെയും വി. ശ്ലീഹന്മാരെപ്പോലെയും സ്വയം താഴ്ത്തി ദൈവസന്നിധിയിൽ ഉയർത്തപ്പെടുവാൻ സാധിക്കട്ടെ.

## സ്ലീബായ്ക്കു ശേഷം 6 – ാം ഞായർ
## ലൂക്കോ. 18:18 – 27 (23 – 10 – 2022)

നല്ല ഗുരോ നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം എന്നുള്ള ചോദ്യത്തിനുള്ള മറുപടിയുടെ അവസാന ഭാഗമാണ് ഇന്നത്തെ ചിന്താവിഷയം. കല്പനകളുടെ അനുഷ്ഠാനത്തോടൊപ്പം ദരിദ്രരോടുള്ള ഏകീഭാവവും നിത്യജീവന് അത്യന്താപേക്ഷിതമാണ്. ഇത് മനുഷ്യന് പൂർണ്ണമായി നിറവേറ്റുവാൻ പ്രയാസമാണെങ്കിൽ ദൈവകൃപയിൽ എല്ലാം സാദ്ധ്യമാണ്. ആരാധനാവത്സരത്തിന്റെ അവസാന ആഴ്ചയിൽ ഈ ചോദ്യവും അതിനുള്ള ഉത്തരവും വളരെ പ്രസക്തമാണ്.

ആരാധനയുടെ അത്യന്തികമായ ലക്ഷ്യം നിത്യജീവനിൽ ബലപ്പെടുക എന്നുള്ളതാണ്. മനുഷ്യന്റെ ഭൗതിക ആവശ്യങ്ങളുടെ ലഭ്യതയാണ് ഇന്നത്തെ പല പ്രാർത്ഥനകളുടെയും ലക്ഷ്യം. സന്താനലബ്ധി, ഉദ്യോഗലബ്ധി, സാമ്പത്തിക സമൃദ്ധി, രോഗവിമുക്തി മുതലായവ അവയിൽ ചിലതു മാത്രം. ആളുകളുടെ ആകർഷണവും ഈ കാര്യങ്ങളിലാണ്. ഇവയുടെ മദ്ധ്യത്തിലാണ് ക്രൂശ് വഹിക്കുവാനുള്ള ആഹ്വാനവും സകലവും വിറ്റ് ദരിദ്രന്മാർക്ക് കൊടുക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ പ്രസക്തിയും ഏറുന്നത്.

**1. മനുഷ്യർക്ക് അസാധ്യമായ കാര്യങ്ങൾ ദൈവത്തിന് സാധ്യമാണ്.**

ധനവാനായ മനുഷ്യൻ നിത്യജീവനെപ്പറ്റി ചിന്തിക്കുകയും അത് കരഗതമാക്കുവാനാഗ്രഹിക്കുകയും ചെയ്തു. എന്നാൽ അതിനുള്ള നിബന്ധനകൾ നിറവേറ്റുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അയാൾ അതിദുഃഖിതനായി മടങ്ങിപ്പോകേണ്ടി വന്നു. ഈ സാഹചര്യത്തിലാണ്

കർത്താവ് പറയുന്നത്. മനുഷ്യർക്ക് അസാധ്യമായ കാര്യങ്ങൾ ദൈവത്തിനു സാധ്യമാണ്. ഈ വിശ്വാസം നമ്മെ "ഉറപ്പും ധൈര്യവും ഉള്ളവരാക്കിത്തീർക്കും. നമ്മുടെ ജീവിതത്തിലും നാം അതിദുഃഖിതരായി നിരാശപ്പെടുന്ന സന്ദർഭങ്ങൾ ഉണ്ട്. അവിടെ ഈ വിശ്വാസം നമ്മെ ബലപ്പെടുത്തണം. വിശ്വാസത്തോടും സമർപ്പണ മനോഭാവത്തോടും കർത്താവിന്റെ അടുക്കൽ വരുന്ന ഒരാളുപോലും നിരാശരായി മടങ്ങിപ്പോകേണ്ടിവരില്ല. ആ ബോധ്യത്തെ ഉള്ളിൽ വളർത്തുവാൻ സാധിക്കണം. അപ്പോഴാണ് അസാധ്യതകൾ സാധ്യമായി തീരുന്നത്. നല്ല ദൃഢവിശ്വാസമുള്ളവന് ഒന്നും അസാധ്യമല്ല എന്ന് വി. പൗലോസ് നമ്മെ ഗുണദോഷിക്കുന്നു. "എന്നെ ശക്തിപ്പെടുത്തുന്നവനായ മ്ശിഹാമൂലം ഞാൻ സകലത്തിനും പ്രാപ്തനാണ്. (ഫിലി. 4:13).

**2. കുറവുകളെ തിരിച്ചറിഞ്ഞ് പൂർണ്ണനാകണം**

പൂർണ്ണത എന്നു പറഞ്ഞാൽ സ്വാഭാവികമായിട്ടുള്ളതല്ല. പിന്നെയോ കൃപയിൽ ദൈവത്തെപ്പോലെ സകല പ്രവർത്തികളിലും ദൈവത്തെ അനുകരിക്കുക എന്നാണ് പൂർണ്ണതയുടെ മാർഗ്ഗം. (മത്താ. 5:48) ഇതാണ് സ്വർഗ്ഗരാജ്യം. തന്റെ അടുക്കൽ നിത്യജീവനെ അന്വേഷിച്ച് വന്ന ധനവാനോട് പൂർണ്ണനാകാൻ ആഗ്രഹിക്കുന്നു എങ്കിൽ നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുവാൻ കർത്താവ് ആജ്ഞാപിച്ചു. ഇതിൽനിന്നും പൂർണ്ണതയുടെ മാർഗ്ഗം നമുക്ക് കണ്ടുപിടിക്കാൻ സാധിക്കും. കുറവുകളെ തിരിച്ചറിയാനും ലോകമയമായ പലതിനെയും ഉപേക്ഷിക്കാനും നാം സന്നദ്ധത കാണിച്ചാൽ മാത്രമേ പൂർണ്ണതയിലേക്ക് എത്തിച്ചേരുവാൻ സാധിക്കും.

## കൂദോശ് ഈത്തോ
## വി. മർക്കോ. 8:27-33 (30-10-2022)

സുറിയാനി പാരമ്പര്യമുള്ള ക്രൈസ്തവ സഭകളുടെ ആരാധനാ ക്രമത്തിൽ ഈ ദിവസത്തെ "കൂദോശ് ഈത്തോ ഞായർ" എന്നാണ് അറിയപ്പെടുന്നത്. "കൂദോശ്" എന്നാൽ ശുദ്ധീകരണം എന്നും "ഈത്തോ" എന്നാൽ സഭ എന്നുമാണ് അർത്ഥം. അതിനാൽ "സഭാ ശുദ്ധീകരണം" എന്ന് പറയുന്നു.

സഭ, പരിശുദ്ധമായ ഒരു സ്ഥാപനമാണ്. എങ്കിൽ തന്നെയും അത് നിലനിൽക്കുന്നത്, പാപസാന്നിദ്ധ്യം നിറഞ്ഞ ഒരു ലോകത്തിലാണ്. തന്മൂലം പാളിച്ചകളും പറ്റാവുന്നതാണ്. അതിനാൽ മറ്റ് ഏതിലും എന്നതുപോലെ, സഭാ ജീവിതത്തിൽ; കാലാനുസൃതമായ ഒരു നവീകരണം അത്യന്താപേക്ഷിതമാണ്.

**1. മറ്റുള്ളവർ നമ്മെപ്പറ്റി പറയുന്നത് കേൾക്കാൻ മനസ്സുള്ളവരാകേണം**

"ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? (മർക്കോ. 8:27) യേശു തമ്പുരാൻ ഇപ്രകാരം ചോദിക്കുന്നതിന് ഒരു പാട് അർത്ഥതലങ്ങൾ അടങ്ങിയിരിക്കുന്നു. ചെറുപ്പം മുതൽ അന്യ ദൈവങ്ങളെയും ദേവന്മാരേയും, വിശ്വാസങ്ങളെയുമെല്ലാം മനസ്സിലാക്കിയ നിങ്ങൾ ഇന്ന് എന്നെ എങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നത് എന്ന് അറിയുന്നതിനുവേണ്ടി ഇങ്ങനെ ചോദിക്കുന്നത്.

ഇവിടെ യേശുവിന്റെ സ്വഭാവത്തിന്റെ ശ്രേഷ്ഠതയാണ് കാണുവാൻ സാധിക്കുന്നത്. അവൻ ജനക്കൂട്ടത്തിന്റെ അഭിപ്രായം ആരായുന്നു. ക്രിസ്തു നൽകുന്ന ദർശനവും അതാണ്, മറ്റുള്ളവർ നമ്മെപ്പറ്റി പറയുന്നത് കേൾക്കാൻ മനസ്സുള്ളവരാകേണം നാം. നാം ആയിരിക്കുന്ന സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നമുക്ക് ചുറ്റുമുള്ളവർ നമ്മെ എങ്ങനെയാണ് കണ്ടിരിക്കുന്നത്. അവരുടെ ഇടയിൽ തന്റെ സ്ഥാനം ഏതാണ് എന്ന് അറിയുവാൻ ശ്രമിക്കണം. ഇന്ന് പലപ്പോളും നാം അതിന് തയ്യാറാകാതെ സ്വന്തം സ്ഥാനം സ്വയം വിലയിരുത്തി ജീവിക്കുന്നവരാണ്. ഞാനും എന്റെ ദൈവവും, കുടുംബവും മാത്രമായുള്ള ബന്ധം മതി. മറ്റുള്ളവരുടെ വാക്കുകൾ ഞാൻ ശ്രദ്ധിക്കാറില്ല. ഇങ്ങനെയുള്ള ചിന്തകളെ തിരുത്തുവാൻ ക്രിസ്തു പ്രചോദനം നൽകുകയാണ്. എന്റെ സമൂഹത്തിന്റെ എന്നെപ്പറ്റിയുള്ള സാക്ഷ്യം ഞാൻ വിലയിരുത്തേണ്ടതാണ്. എങ്കിൽ മാത്രമേ കുറവുകളേയും നേട്ടങ്ങളേയും തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ സാധിക്കൂ.

**2. മദ്ധ്യത്തിൽ വസിക്കുന്ന ക്രിസ്തുവിനെ തിരിച്ചറിയാൻ സാധിക്കണം (മർക്കോ.8:29)**

"നീ മ്ശിഹ ആകുന്നു എന്ന് പത്രോസ് ഉത്തരം പറഞ്ഞു". മശിഹ എന്ന പദത്തിന് അഭിഷിക്തൻ എന്ന് അർത്ഥം. എല്ലാ കാലഘട്ടങ്ങളിലും അനുഭവങ്ങളുടെയും, വിശ്വാസങ്ങളുടെയും മധ്യേ പത്രോസിനെപ്പോലെ ക്രിസ്തുവിനെ തിരിച്ചറിയുക. ഇങ്ങനെ ഉള്ള വിശ്വാസികളുടെ കൂട്ടമാണ് സഭ. അങ്ങനെ തിരിച്ചറിയണം എങ്കിൽ അതിന് അചഞ്ചലമായ വിശ്വാസം ആവശ്യമാണ്. വലതു ഭാഗത്തെ കള്ളൻ ക്രിസ്തുവിനെ തിരിച്ചറിഞ്ഞപ്പോൾ അവൻ നീതികരിക്കപ്പെട്ടു എങ്കിൽ നമ്മുടെ മധ്യേ വസിക്കുന്ന ദൈവത്തെ തിരിച്ചറിയാൻ സാധിച്ചാൽ മാത്രമേ നമുക്കു സ്വർഗ്ഗം ലഭിക്കൂ.

## ഹൂദോസ് ഈത്തോ
## വി. ലൂക്കോസ് 19:47-20:8 (06-11-2022)

സുറിയാനി സഭയുടെ പാരമ്പര്യം അനുസരിച്ച് ആരാധനാ വർഷത്തിലെ രണ്ടാമത്തെ ആഴ്ചയാണ് ഹൂദോസ് ഈത്തോ. സഭയുടെയും, വ്യക്തികളുടെയും പുതുക്കവും പുന:പ്രതിഷ്ഠയുമാണ് ഇതിന്റെ അത്യന്തിക ലക്ഷ്യം എന്നത്.

'ഹുദോസോ' എന്ന വാക്കിന് പുതുക്കം, പുന:പ്രതിഷ്ഠ എന്നീ അർത്ഥങ്ങളാണ്. "ഈത്തോ" എന്നാൽ സഭ എന്നും അർത്ഥം. ദോഷമുള്ള ലോകത്തിൽ സ്ഥിതി ചെയ്യുന്ന ദിവ്യസ്ഥാപനം എന്ന നിലയിൽ വി. സഭ ലൗകികാന്തരീക്ഷത്തിൽ ജീവിക്കുന്നു. ബലഹീനത, വേദവിപരീതം, ഭിന്നത, വഷളത്വം എന്നിവ എപ്പോഴും സഭയെ സ്വാധീനം ചെലുത്തുന്ന പരീക്ഷകളാണ്. അതുകൊണ്ട് ഇതുപോലെയുള്ള ദിവസങ്ങളിൽ സഭ പൊതുവെയും, പള്ളികൾ പ്രത്യേകിച്ചും ക്രിസ്തീയ വിശുദ്ധി, അപ്പോസ്തോലിക വിശ്വാസം, സുവിശേഷഘോഷണം എന്നിവ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് അതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും അനിവാര്യമാണ്. അതോടൊപ്പം വി. കൂദാശകൾ മുഖാന്തിരമായി ക്രിസ്തുവിനായി നമ്മെത്തന്നെ പുതുക്കുക എന്നതാണ് ഈ ദിവസത്തിന്റെ പ്രധാന ഉദ്ദേശ്യം.

**1. അപരന്റെ വളർച്ചയിൽ അസൂയപ്പെടുന്നവൻ ആകരുത്.**

വി. ലൂക്കോസ് 19:47 ൽ നാം കാണുന്നു "മഹാപുരോഹിതൻമാരും മറ്റും യേശുവിനെ കൊല്ലുവാൻ ആലോചിച്ചു." മറ്റൊരുവനെ അംഗീകരിക്കുവാൻ തടസ്സമായ ഒരു അസഹിഷ്ണുത, തങ്ങളെക്കാൾ ഉയരത്തിൽ അപരൻ പറന്നുയർന്നത്, മഹാപുരോഹിതന്മാർക്കും മറ്റും മനസ്സിൽ അസ്വസ്ഥത സൃഷ്ടിക്കുന്നു. സ്വന്തം മകന്റെയോ, സഹോദരന്റെപോലും വളർച്ചയിൽ അസൂയയുണ്ട്. അവരെപ്പോലും ഇല്ലായ്മ ചെയ്യുവാനോ എന്തിന് വധിക്കുവാൻ പോലും മടിയില്ലാത്ത സമൂഹത്തിൽ നാം ജീവിക്കുമ്പോൾ പലപ്പോഴും നാം ഓരോരുത്തരുടെയും ജീവിതത്തിൽ സംഭവിക്കുന്ന പാപമാണിത്. അപരന്റെ വളർച്ചയിൽ അസൂയ പൂകുകയും, അവന്റെ നാശത്തിന് ആഗ്രഹിക്കുകയും ചെയ്യുക എന്നത് ഇവിടെ നാം

കാണുന്നത്. അതുതന്നെയാണ് യേശുവിന്റെ പൊതുജനസ്വീകാര്യതയിലും വളർച്ചയിലും ഫരീസ്യർ അസൂയപ്പെടുന്നു. എന്നാൽ ശത്രുത ഉണ്ടാകത്തക്കവിധം ക്രിസ്തു വ്യക്തിപരമായി അവരോടു ഒന്നും തന്നെ പ്രവർത്തിച്ചതുമില്ല. ഈ സംഭവത്തിലൂടെ, സുവിശേഷം ഇവിടെ വരച്ചു കാണിക്കുന്നത് 'ക്രിസ്തു' എന്നത്, മനുഷ്യത്വത്തിന്റെയും ധാർമ്മികതയുടെയും തുടങ്ങി സകല നന്മകളുടെ നാഥനും, എന്നാൽ കുറ്റമില്ലാതെ രക്തം ചിന്തപ്പെട്ടവനുമാണ്. അതുകൊണ്ട് ആ ക്രിസ്തുവിലേയ്ക്ക് നോക്കി ഹൃദയവിശാലതയുള്ള, അപരന്റെ വളർച്ചയിൽ സന്തോഷിക്കുന്ന നല്ല വ്യക്തികൾ ആയി ത്തീരുവാൻ സാധിക്കണം.

**2. സത്യത്തെ മൂടിവെക്കുന്നവർ ആകരുത്**

ലൂക്കോസ് 20:7 ൽ യോഹന്നാന്റെ സ്നാനം എവിടെ നിന്ന് എന്ന് ഞങ്ങൾക്ക് അറിയില്ല എന്ന് മതപണ്ഡിതൻ ഉത്തരം പറയുന്നത് നാം കാണുന്നു. ഇത് വാസ്തവത്തിൽ സത്യത്തിൽ നിന്നും, ഉത്തരവാദിത്വത്തിൽ നിന്നുമുള്ള പരീശപ്രമാണിമാരുടെ ഒരു ഒളിച്ചോട്ടമാണ്. അവരുടെ ചോദ്യം തന്നെ യേശുതമ്പുരാന് എതിരെയുള്ള ഗൂഡാലോചനയുടെ ഭാഗമായിരുന്നു. യേശുവിന്റെ വായിൽ നിന്നു തന്നെ താൻ പഠിപ്പിക്കുവാനും പ്രവർത്തിക്കുവാനും പ്രാപ്തിയായ മശിഹായാണെന്ന് പറയുന്നത് കേൾക്കുന്നു. അങ്ങനെ സാക്ഷികളുടെ പിൻബലത്തോടെ തന്നെ, അവനെ ദൈവദൂഷണം എന്ന കുറ്റം ചുമത്തി തുറങ്കലിൽ അടയ്ക്കുക എന്ന ഉദ്ദേശമായിരുന്നു. എന്നാൽ ഇവ ഒന്നും തന്നെ സാധ്യമാകാതെ വന്നപ്പോൾ യോഹന്നാന്റെ സ്നാനത്തെപ്പറ്റി ഞങ്ങൾക്ക് അറിയില്ല എന്ന് പറഞ്ഞ് ആ സംവാദത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ്. നമ്മുടെ ജീവിതത്തിലും പലപ്പോഴും അന്ന് ക്രിസ്തുവിനോട് സംവദിച്ചവരുടെ അതേ മനോഭാവത്തിൽ നാമും ജീവിതം കഴിച്ചുകൂട്ടുന്നവരല്ലെ? മൗനം പലപ്പോഴും പല സത്യങ്ങളും മറയ്ക്കുവാനുള്ള ഒരു മറ ആയിരിക്കാം. എന്ത് പറഞ്ഞാൽ സുരക്ഷിതമാകാം. അല്ലെങ്കിൽ സത്യം അറിയാമെങ്കിലും വെളിപ്പെടുത്തുവാൻ സാധിക്കാത്ത ഒരു അവസ്ഥ. ഈ അവസ്ഥയിൽ നിന്നുള്ള ഒരു തിരുത്തലാണ് ഈ സുവിശേഷം മുഖാന്തിരം ക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നത്. നമ്മുടെ മൗനം പാപം ആവാതിരിക്കട്ടെ, സത്യത്തിനായി വായ് തുറക്കുന്നവരായി തീരണം.

## സ്കറിയാ പുരോഹിതനോടുള്ള അറിയിപ്പ്
## വി. ലൂക്കോ. 1:18-25 (13-11-2022)

സഭയുടെ ശുദ്ധീകരണവും, പുതുക്കവും കഴിഞ്ഞ് ദനഹപെരുന്നാൾ വരെയുള്ള ആഴ്ചകളിൽ ദൈവമർമ്മത്തിന്റെ പുത്തൻ വെളിപ്പെടുത്തലുകളുടെ ഒരു നീണ്ട നിരതന്നെ കാണാം. പാവപ്പെട്ടവന്റെ സുവിശേഷം എന്നറിയപ്പെടുന്ന ലൂക്കോസിന്റെ സുവിശേഷം, ആദിയോടന്ത്യം വിവരിക്കുന്നത്, ദൈവം എങ്ങനെ ബലഹീനരേയും, ദരിദ്രരെയും തന്റെ രക്ഷാപദ്ധതിക്കായി എടുത്ത് ഉപയോഗിക്കുന്നു എന്നാണ്. മറ്റ് സുവിശേഷകരിൽ നിന്ന് വ്യത്യസ്ഥമായി വി. ലൂക്കോസ് കർത്താവിന്റെ മുന്നോടിയായ യോഹന്നാന്റെ ജനനം മുതൽ രക്ഷാചരിത്രം പറഞ്ഞു തുടങ്ങുന്നു.

വൃദ്ധനായ, സന്താന രഹിതനായ, പാവപ്പെട്ട ഒരു യഹൂദ പുരോഹിതന്റെയും, മച്ചി എന്ന് എല്ലാവരും പരിഹസിച്ച അവന്റെ ഭാര്യയായ എലിസബേത്തിന്റെയും ജീവിതത്തെ വരച്ച് കാട്ടുകയാണ് ഈ വേദഭാഗം.

പതിനായിരക്കണക്കിന് പുരോഹിതൻമാർ ജറുശലേമിൽ ഉണ്ടായിരുന്നപ്പോൾ അവരുടെ ഇടയിൽ നിന്ന് കാലാകാലങ്ങളിൽ തിരഞ്ഞെടുക്കുന്ന പുരോഹിതനാണ് ജറുശലേം ദൈവാലയ പൗരോഹിത്യ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെടുന്നത്. അങ്ങനെ പിൻതലമുറയില്ലാത്തതിന്റെ തീരാവ്യഥയിലിരുന്ന സഖറിയ എന്ന വൃദ്ധ പുരോഹിതന്, ജറുശലേം ദൈവാലയ പൗരോഹിത്യ ശുശ്രൂഷയ്ക്കുള്ള നറുക്ക് വീഴുകയും അദ്ദേഹം ബലിപീഠത്തിൽ ധൂപം അർപ്പിക്കുന്ന അവസരത്തിൽ ഗബ്രിയേൽ മാലാഖ വന്ന് യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് കൊടുക്കുകയും ചെയ്യുന്നതാണ് ഈ വേദഭാഗത്തിന്റെ പശ്ചാത്തലം എന്നത്.

**1. മനുഷ്യന്റെ പരിമിതികളിലേക്ക് നോക്കാതെ ദൈവത്തിന്റെ സാധ്യതകളിലേക്ക് നോക്കുന്നവർ ആയിത്തീരണം.**

സഖറിയ മാലാഖയോട് ചോദിച്ചു "എങ്ങനെ എനിക്ക് പുത്രൻ ജനിക്കും? ഞങ്ങൾ വൃദ്ധരാണല്ലോ?" (ലൂക്കോ. 1:18) സഖറിയ എന്ന വാക്കിന് അർത്ഥം, ദൈവത്തെ അറിയുന്നവൻ എന്നാണ്. വൃദ്ധപുരോഹിതനായ സഖറിയ മാലാഖയോട് ചോദിക്കുകയാണ് "എന്റെ യൗവനത്തിൽപ്പോലും ഒരു കുഞ്ഞിന് ജന്മം നൽകാൻ എനിക്ക് സാധിച്ചില്ല. പിന്നെ ഈ പടുവൃദ്ധതയിൽ എങ്ങനെ സാധിക്കും? അതു മാത്രവുമല്ല ഒരു അമ്മയാകുവാനുള്ള ഒരു കഴിവും വൃദ്ധയായ എന്റെ പങ്കാളിയിൽ അവശേഷിക്കുന്നില്ല". ഇങ്ങനെ വിഷാദത്തിന്റെയും സഹനത്തിന്റെയും അണയാത്ത കനൽ ഉള്ളിൽ പേറുകയാണ് എലിസബേത്ത്-സഖറിയ ദമ്പതികൾ. എന്നാൽ മനുഷ്യന്റെ പ്രത്യാശ നശിക്കുന്നിടത്തുനിന്ന് ദൈവം പ്രവർത്തനം തുടങ്ങുന്നു എന്നതാണ് സവിശേഷത.

നാം പലപ്പോഴും മനുഷ്യന്റെ പരിമിതികളിലേയ്ക്ക് നോക്കി ഭാരപ്പെടുമ്പോൾ, ദൈവം തന്റെ ദൃഷ്ടിപായിക്കുന്നത് നമ്മുടെ അനന്ത സാദ്ധ്യതകളിലേക്കാണ്. യഹോവയുടെ സന്നിധിയിൽ ധൂപം സമർപ്പിക്കുന്ന നിമിഷവും സ്വകാര്യജീവിതത്തിലെ ബലഹീനതയെ ഓർത്ത് സഖറിയ നെടുവീർപ്പിടുകയാണ്. എങ്കിലും അവന്റെ ദൈവത്തെ കുറ്റപ്പെടുത്തുന്നില്ല. ദൈവസംസർഗ്ഗത്തിന് തടസ്സം വരുത്തുന്നില്ല. നിത്യവും ആരാധന അവന്റെ ജീവിതം തന്നെയാണ്. ഇപ്രകാരം ദൈവസന്നിധിയിൽ വർത്തിക്കുമ്പോഴാണ് പരിമിതികൾ സാദ്ധ്യതകളായി മാറുന്നത്.

**2. ദൈവത്തിന്റെ തക്കതായ സമയത്തിനുവേണ്ടി കാത്തിരിക്കുന്നവരായിരിക്കണം.**

ഗബ്രിയേൽ മാലാഖ, സഖറിയായോട് "തക്കകാലത്ത് നിവർത്തിക്കുവാനുള്ള ഈ വാക്ക് നീ വിശ്വസിച്ചില്ല" (ലൂക്കോ.1:20). ദൈവം മനുഷ്യജീവിതത്തിൽ ഇടപെടുന്നത് എപ്പോഴും ദൈവത്തിന്റെ തക്കതായ സമയത്തിലാണ്. സഖറിയായുടെ മകനായി യോഹന്നാൻ ജനിക്കുന്നതിനും തക്കതായ ഒരു സമയം ഉണ്ട്. സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ദൈവമനുഷ്യബന്ധം പുന:സ്ഥാപിക്കുവാനായി ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്യുന്നു. ''ഞാൻ നിനക്കും സ്ത്രീക്കും തമ്മിലും, സ്ത്രീയുടെ സന്തതിക്കും നിന്റെ സന്തതിക്കും തമ്മിലും ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും" (ഉല്പ.4:15) മനുഷ്യനുവേണ്ടിയുള്ള ഈ രക്ഷാകരപദ്ധതി യാഥാർത്ഥ്യമാക്കാൻ ദൈവം തക്കകാലത്ത് പൂർവ്വപിതാക്കന്മാർ, ന്യായാധിപർ, പ്രവാചകർ, രാജാക്കന്മാർ എന്നിങ്ങനെ അനേകരെ ഉപയോഗിക്കുന്നു. ഈ ദൈവിക പദ്ധതിയുടെ അവസാന കണ്ണിയായി സഖറിയായുടെ പുത്രനായി യോഹന്നാൻ കടന്നുവരുന്നു.

നമ്മുടെയെല്ലാം അനുദിന ജീവിതത്തിലും ഈ തക്കതായ കാലത്ത് ദൈവം എന്നും ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഈ തക്കതായ ഇടപെടലുകൾ നാം വിശ്വസിച്ചേ മതിയാകൂ. ഗബ്രിയേൽ മാലാഖ ഇന്നും നമ്മോട് ഓർമ്മപ്പെടുത്തുന്നതും അത് തന്നെയാണ്. "നിന്റെ മാനുഷിക പരിമിതികളെ ഓർത്ത് പരിതപിക്കാതിരിക്കൂ. തക്കകാലത്ത് ദൈവം എല്ലാ കാര്യങ്ങളും നിവർത്തിക്കും" ദയവായി ആ തക്കകാലത്തിനായി കാത്തിരിക്കുക.




കോഴിയും നായയും ചങ്ങാതിമാരാണ്. അവർ ഒരു യാത്ര പുറപ്പെട്ടു. വഴിമദ്ധ്യേ ഒരു കാടുണ്ട്. അതു കട ന്നുവേണം ലക്ഷ്യത്തിലെത്താൻ.

കാട്ടിലൂടെ അവർ പോകുമ്പോൾ രാത്രിയായി. ഇനി എവിടെയെങ്കിലും വിശ്രമിക്കണം. അതിനു പറ്റിയ വലിയ ഒരു മരവും അവർ കണ്ടെത്തി.

പൂവൻകോഴി നായയോടു പറഞ്ഞു: 'ഞാൻ മുകളി ലുള്ള ഒരു കൊമ്പിൽ പറന്നുചെന്ന് അവിടെയിരുന്ന് ഉറ ങ്ങാം. താഴെയുള്ള മരപ്പൊത്തിൽ താങ്കളും ഉറങ്ങിക്കൊ ള്ളൂ.'

നേരം പുലരാറായപ്പോൾ പതിവുപോലെ പൂവൻകോഴി ഉണർന്നു കൂകി. അതു കേട്ട നായ് വിളിച്ചു പറഞ്ഞു. 'നല്ലവണ്ണം പുലരട്ടെ സുഹൃത്തേ! എന്നിട്ടാകാം യാത്ര'. നായ പൊത്തിനുള്ളിൽ വീണ്ടും ചുരുണ്ടുകൂടി ഉറക്കമായി.

അത്താഴത്തിന് ഒന്നും കിട്ടാതിരുന്നതുമൂലം ക്ഷീണി തനായി നടന്ന ഒരു കുറുക്കൻ പൂവൻകോഴിയുടെ കൂകൽ കേട്ടു. അത് ആ വലിയ മരത്തിന്റെ ചുവട്ടിലെത്തി.

ഹാ! എത്ര അർത്ഥവത്തായ ഗീതം! അതിനു ചേർന്ന വിധം മധുരമായ ശബ്ദവും! അഭിപ്രായ പ്രകടനത്തിനു ശേഷം കുറുക്കൻ ചോദിച്ചു: 'സുഹൃത്തേ! ദയവായി ഇറങ്ങി വരാമോ? എന്നെക്കൂടി ഈ പ്രഭാതഗീതം പഠി പ്പിക്കാമോ?'

'ഓ! അതിനെന്താ? എനിക്ക് സന്തോഷമേയുള്ളു. അല്പം ആലോചിച്ചശേഷം പൂവൻ കോഴി പറഞ്ഞു: 'പക്ഷേ, വാതിൽ പുറത്തുനിന്നും പൂട്ടിയിരിക്കുകയാണ്. എന്റെ പോർട്ടർ താഴെ മുറിയിൽ ഉറങ്ങുന്നുണ്ട്. അയാളെ വിളിച്ചുണർത്തിയാലേ കാര്യം നടക്കു'.

അതു കേട്ട് മരത്തിനു ചുറ്റും നടക്കാൻ തുടങ്ങിയ കുറുക്കന്റെമേൽ നായ ചാടിവീഴുകയും അതിനെ കടി ച്ചുകീറുകയും ചെയ്തു.

*(ശത്രുവിനെ വകവരുത്താൻ തന്നെക്കാൾ പ്രാപ്തനും ശത്രുവിനെക്കാൾ ശക്തനുമായ ആളെ അയച്ച് ബുദ്ധി മാന്മാർ ആപത്ത് ഒഴിവാക്കുന്നു.)*

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. ദശാംശം വാങ്ങിയതായി ബൈബിളിൽ കാണുന്ന ആദ്യ വ്യക്തി ആര്?
2. ഏശാവിന്റെ മറ്റൊരു പേരാണ് ഏദോം എന്നാൽ അത് എങ്ങനെ ലഭിച്ചു?
3. വെളിപ്പാടിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പുതിയ യെരുശലേമിന് എത്ര ഗോപുരമുണ്ടായിരുന്നു?
4. പുതിയ നിയമത്തിൽ രോഗസൗഖ്യത്തിനു പ്രസിദ്ധ മായ ഒരു പുണ്യകുളം ഉണ്ട്. അത് ഏത്?
5. ജനസംഖ്യയെടുപ്പിനു പുതിയ നിയമത്തിൽ മറ്റൊരു പദമാണ് ഉപയോഗിച്ചിരുന്നത്. ആ പദം ഏത്?
6. വേദപുസ്തകത്തിൽ കാണുന്ന ആദ്യ ഹെൽമറ്റ് ആരു ടേതാണ്?
7. ഏറ്റവും കൂടുതൽ പ്രാർത്ഥനകൾ ഉള്ള ബൈബിൾ ഗ്രന്ഥം ഏത്
8. യേശുവിന്റെ കാലത്തെ ഒരു പ്രസിദ്ധ പട്ടണമായി രുന്നു കഫർന്നഹൂം. അത് ഏതു തടാകത്തിന്റെ തീര ത്തായിരുന്നു?
9. യേശുവിന്റെ ഏതു ഉപമയിലാണ് എണ്ണ കാണുന്നത്?
10. ഒരു രാജാവിനോട് സുവിശേഷം പ്രസംഗിച്ച അപ്പോ സ്തോലൻ ബൈബിളിലുണ്ട്. ആര്?

**സെപ്തംബർ മാസത്തിലെ ഉത്തരങ്ങൾ**

1. ഹന്നാ (ശമുവേൽ 1:11)
2. യിസ്രായേല്യർ (പുറപ്പാട് 16:31)
3. 20 സംവത്സരം (ന്യായാധിപന്മാർ 15:20)
4. ഉസ്സീയാവ് (2 ദിനവൃത്താന്തം 26:21)
5. സങ്കീർത്തനം 92
6. 17 ശേക്കൽ വെള്ളി യിരെമ്യാവ് 32:9
7. അരിമത്ഥ്യയിലെ യോസേഫ് (ലൂക്കോസ് 23:50-52)
8. സെബദിയുടെ മകൻ യാക്കോബ്, അൽഫായുടെ മകൻ യാക്കോബ് (മത്താ. 10:2-3)
9. സുഖാർ (യോഹന്നാൻ 4:5)
10. ലൂക്കോസ് (ലൂക്കോസ് 1:1)

## ശുഭചിന്തകൾ

**ജീവിതത്തിൽ ഒരു ലക്ഷ്യമോ ഉദ്ദേശ്യമോ ഇല്ലെങ്കിൽ നാം ഒറ്റപ്പെട്ടതായി നമുക്കു തന്നെ തോന്നും. അതുകൊണ്ടു തന്നെ ജീവിതത്തിന് വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടായിരിക്കട്ടെ.**

**അടക്കിവെച്ച മനസ്സറിയാൻ തുറന്നുവെച്ച കണ്ണുകൾ മതി. ഒതുക്കിവച്ച സങ്കടംമാറാൻ ക്ഷമനിറഞ്ഞ രണ്ടു കാതുകൾ മതി. മുറിവേറ്റ മനസ്സുണങ്ങാൻ പുഞ്ചിരിക്കുന്ന ഒരു മുഖംമതി... കരുതൽ ബന്ധങ്ങളെ ദൃഢമാക്കും.**

## 3 –ാം ചരമ വാർഷികം

30 – 10 – 2022



# ബാബു സ്കറിയ

മൂലേത്തറയിൽ ഹൗസ്,
വന്മഴി, പാണ്ടനാട് പി. ഒ.,
ചെങ്ങന്നൂർ

*സ്നേഹസ്മരണകളോടെ*
*ഭാര്യ: എൽസിക്കുട്ടി ബാബു*
*സഹോദരങ്ങൾ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O

## 5th Death Anniversary

18 – 09 – 2022



**JAINAMMA KURIAN(W/o K. K. Kurian)**

**Kailathu House**
**Meenthalakara, Manjadi P.O.,**
**Thiruvalla**

By Sorrowing Family

Advt -O

## 1 –ാം ചരമവാർഷികം

08 – 10 – 2022



**കെ. എ. തോമസ് (തോമാച്ചൻ)**

**കോവൂർ, റാന്നി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

ഭാര്യ – ലീലാമ്മ തോമസ്
മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



## 3nd Birthday in Heaven

15 – 09 – 2022

# കെ. എ. കുറിയാക്കോസ്

# (ബാബു)

## കക്കുഴിയിൽ, തോട്ടമൺ, റാന്നി

## (ഫിലാഡെൽഫിയ)

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

Treasured in our hearts you'll stay unit
we meet again someday

By Sorrowing family

Advt - O



## 25 – ാം ചരമ വാർഷികം

29 – 10 – 2022

# ജേക്കബ് തോമസ് (തങ്കച്ചൻ)

## കുട്ടോത്ര, പുനലൂർ

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 30th Death Anniversary
11-10-2022



**P.C. JOSEPH (Kunjumon)**
**Palantharamalayil**
Eraviperoor

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 3rd Death Anniversary
30-09-2022



**പുന്നൂസ് മാത്യു (കുട്ടച്ചൻ) (Rtd. DTO)**
**നെടുങ്ങാട്ടേത്ത്, അടൂർ**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



## 3nd Death Anniversary
09-10-2022

**Raju Zacharia**
**Ettonnil (House)**
**Kulasekharam**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1 – ാം ചരമവാർഷികം

27 – 10 – 2022



## റ്റി.ഐ ചാക്കോ (81)

(കുഞ്ഞച്ചൻ)

**തച്ചേരികുന്നേൽ, വെൺപാല**

'കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 40 – ാം ചരമദിനം

19 – 10 – 2022



## പി. എം. എബ്രഹാം (അവറാച്ചൻ)

പുത്തൻപറമ്പിൽ, കുഴിമറ്റം
കോട്ടയം

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



## 40 – ാം ചരമദിനം

17 – 10 – 2022

## P. C. Kuriakose (Babu)

**(St. George Sawmill, Karunnattuvala)**

**Pathinanchil House**
**Neelamperoor, Kurichy**

"ഈ മനോഹര തീരത്ത് തരുമോ
ഇനിയൊരു ജന്മം കൂടി....."

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R



# മല്പാനോടു ചോദിക്കാം

# ഫോട്ടോ വയ്ക്കുന്നത് വിഗ്രഹാരാധനയോ?

യേശുവിന്റെയോ, വിശുദ്ധന്മാരുടെയോ ഫോട്ടോകൾ, Icon കൾ ദൈവാലയങ്ങളിലും ഭവനങ്ങളിലും വയ്ക്കുന്നത് ക്രൈസ്തവ വിശ്വാസത്തിനു വിരുദ്ധവും വിഗ്രഹാരാധനയും അല്ലേ എന്ന് ചോദിക്കുന്നവരുണ്ട്. മനുഷ്യജീവിതത്തിൽ ആശയങ്ങൾ പ്രകടമാക്കുവാൻ അടയാളങ്ങളും പ്രതീകങ്ങളും ഉപയോഗിക്കുക സാധാരണമാണ്. പരിചിതർ തമ്മിൽ കാണുമ്പോൾ പരസ്പരം നോക്കി ചിരിക്കുന്നതും കൈ കൊടുക്കുന്നതും ഒക്കെ സ്നേഹപ്രകടനത്തിന്റെ അടയാളങ്ങളാണ്. ആയതുപോലെ വിശ്വാസവും ഭക്തിയും ഒക്കെ പ്രകടമാക്കുവാൻ ഫോട്ടോയും Icon ഉം ഉപയോഗിക്കാറുണ്ട്. ആരാധനയുടെ ഭാഗമായി ഫോട്ടോ ഉപയോഗിക്കുന്നത് യേശുവിനെയോ വിശുദ്ധരെയോ സ്മരിക്കുന്നതിനും മനസ്സിനെ ഏകാഗ്രമാക്കുന്നതിനും വേണ്ടിയാണ്. അല്ലാതെ ഫോട്ടോയെ ആരും ആരാധിക്കുന്നില്ല.

യഹോവയായ ദൈവം മോശ മുഖാന്തിരം ഇസ്രായേൽ ജനത്തിനു കൊടുത്ത കല്പനകളിൽ 'ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുതെന്നും മേൽ ആകാശത്തിലോ താഴെ ഭൂമിയിലോ വെള്ളത്തിലോ ഉള്ള യാതൊന്നിന്റെയും രൂപം ഉണ്ടാക്കി അതിനെ ആരാധിക്കരുത് എന്നും കല്പിച്ചു (പുറ. 20:3-5, ആവ. 5:7-9, 4:15-18). ഈ കല്പന അക്ഷരാർത്ഥത്തിൽ പാലിച്ചാൽ സ്വന്തം ഫോട്ടോ എടുക്കാനോ അത് ഫ്രെയിം ചെയ്ത് വയ്ക്കുവാനോ പാടില്ല. കാരണം ഫോട്ടോയിൽ നമ്മുടെ സ്വരൂപവും സാദൃശ്യവും ഉണ്ട്. ദമ്പതികൾ ദാമ്പത്യധർമ്മം നിർവ്വഹിച്ച് മക്കൾക്ക് ജന്മം നൽകാനും പാടില്ല. കാരണം ജനിക്കുന്ന ശിശുക്കൾക്ക് മാതാപിതാക്കളുടെ രൂപസാദൃശ്യം ഉണ്ടാകും.

ദൈവവചനത്തെ വ്യാഖ്യാനിക്കുമ്പോൾ അതു പറഞ്ഞ സാഹചര്യവും, അതിന്റെ ഉദ്ദേശ്യവും മനസ്സിലാക്കി വ്യാഖ്യാനിക്കണം. ഇവിടെ ദൈവം മോശമുഖാന്തിരം യിസ്രായേലിനോടു പറഞ്ഞത് യഹോവയുടെ സ്ഥാനത്ത് മറ്റു രൂപങ്ങൾ ഉണ്ടാക്കി അതിനെ ദൈവമായി കണ്ട് ആരാധിക്കരുത് എന്നാണ്. ഒന്നിന്റെയും പ്രതിമ ഉണ്ടാക്കരുത് എന്നു പറഞ്ഞ ദൈവം അതിനുശേഷം പ്രതിമകളും രൂപങ്ങളും ഉണ്ടാക്കുവാൻ കല്പിച്ചു. സമാഗമന കൂടാരത്തിൽ അതിവിശുദ്ധ സ്ഥലത്ത് സ്വർണ്ണം കൊണ്ട് കൃപാസനം ഉണ്ടാക്കുവാനും അതിനു മുകളിൽ രണ്ടു കെരൂബുകളുടെ രൂപം ഉണ്ടാക്കി അവയുടെ ചിറക് കൃപാസനത്തെ മൂടത്തക്കവിധം മുകളിലേക്ക് വിരിച്ച് അവ മുഖാമുഖം നിൽക്കത്തക്കവിധം സ്ഥാപിക്കുവാൻ കല്പിച്ചു (പുറ. 25:17-22). ശലോമോൻ യരുശലേം ദൈവാലയം പണിതപ്പോൾ ദൈവാലയത്തിന്റെ കതകുകളിലും പടികളിലും കെരൂബുകൾ, ഈന്തപ്പന വിടർന്ന പുഷ്പങ്ങൾ, സിംഹം, കാള എന്നിവയുടെ രൂപങ്ങൾ കൊത്തിവച്ചു. 12 കാളകളുടെ രൂപം ഉണ്ടാക്കി ജലസംഭരണി അവയുടെ മുകളിൽ സ്ഥാപിച്ചു (1 രാജ. 6:18, 23-35, 7: 23-25).

ഇസ്രായേൽ ജനത്തിന്റെ മരുഭൂയാത്രയിൽ സീൻ മരുഭൂമിയിൽവച്ച് ജനത്തിന് അഗ്നിസർപ്പത്തിന്റെ കടിയേറ്റപ്പോൾ പരിഹാരമായി പിത്തളസർപ്പത്തെ പാളയമദ്ധ്യത്തിൽ ഉയർത്തുവാൻ കല്പിച്ചത് യഹോവയാണ് (സഖ്യ. 21:89). എന്നാൽ പിൽക്കാലത്ത് യിസ്രായേൽ പിത്തളസർപ്പത്തിന് 'നെഹുഷ്ടാൻ' എന്നു പേരിട്ട് ധൂപം വച്ച് അതിനെ ആരാധിച്ചപ്പോൾ ഹെസക്കിയ രാജാവ് അതു തകർത്തുകളഞ്ഞു. (2 രാജ. 18:4).

അപ്പോൾ ഒന്നിന്റെയും രൂപം ഉണ്ടാക്കരുത് എന്നു കല്പിച്ച ദൈവം പിന്നീട് രൂപം ഉണ്ടാക്കുവാൻ പറഞ്ഞു എങ്കിൽ രൂപം ഉണ്ടാക്കുന്നതല്ല തെറ്റ് പ്രത്യുത അതിനെ ദൈവമായി കണ്ട് ആരാധിക്കുന്നതാണ് തെറ്റ് എന്നു മനസ്സിലാക്കാം. അനശ്വരനായ ദൈവത്തിന്റെ മഹത്വത്തെ നശ്വരനായ മനുഷ്യന്റേയും, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ സാദൃശ്യങ്ങളായ വിഗ്രഹങ്ങൾ ഉണ്ടാക്കി അതിനെ ആരാധിക്കുമ്പോൾ ബിംബാരാധനയായി മാറുന്നു. (അപ്പോ. 17:29, റോമർ 1:23-25). മോശയോടു ദൈവം പറഞ്ഞു "വെള്ളി കൊണ്ടും, സ്വർണ്ണം കൊണ്ടും എനിക്കൊപ്പം ദേവന്മാരെ ഉണ്ടാക്കരുത്" (പുറ.20:37). അപ്പോൾ വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ച് അതിനെ ദൈവമായി കണ്ട് ആരാധിക്കുന്നതാണ് വിഗ്രഹാരാധന.

പുരോഹിതനായ അഹറോൻ ജനസമ്മർദ്ദത്താൽ കാളക്കുട്ടിയെ ഉണ്ടാക്കിക്കൊടുക്കുകയും ജനം അതിനെ ദൈവമായി കണ്ട് ആരാധിച്ചപ്പോൾ അത് ബിംബാരാധനയായി. എന്നാൽ ശലോമോന് ജല സംഭരണി വയ്ക്കാനായി കാളക്കുട്ടികളെ ഉണ്ടാക്കിയപ്പോൾ അതു വിഗ്രഹാരാധനയായി മാറിയില്ലെന്നോർക്കുക.

ഇസ്രായേൽ രാജാവായ യരോബയാം ജനം ജറുശലേമിൽ ആരാധനയ്ക്ക് പോകാതിരിക്കാൻ സ്വർണ്ണം കൊണ്ട് രണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി ഒന്നിനെ ദാനിലും മറ്റേതിനെ ബഥേലിലും സ്ഥാപിച്ചിട്ട് നിങ്ങളെ മിസ്രയീമിൽനിന്നുകൊണ്ടുവന്ന ദൈവം എന്നു പറഞ്ഞ് അതിനെ ആരാധിക്കാൻ പറഞ്ഞപ്പോൾ അതു വിഗ്രഹാരാധനയായി. (1.രാജ. 12:28-29).

ശലോമോൻ സിദോന്യരുടെ ദേവിയായ അസ്താർത്തെയേയും അമേന്യരുടെ മ്ലേച്ഛ വിഗ്രഹമായ മിൽക്കോമിനേയും ആരാധിച്ചു ജറുശലേമിനു കിഴക്കുള്ള മലയിൽ മോവാബ്യരുടെ വിഗ്രഹമായ മോളെക്കിനും പൂജാഗിരികളും നിർമ്മിച്ചു യഹോവയ്ക്ക് അനിഷ്ടമായതു പ്രവർത്തിച്ചപ്പോൾ അത് വിഗ്രഹാരാധനയായി. (1.രാജ. 11:5-7).

വിഗ്രഹങ്ങൾ മനുഷ്യസൃഷ്ടിയാകയാൽ സൃഷ്ടിയാൽ നിർമ്മിക്കപ്പെടുന്ന സൃഷ്ടിയാണ്. എന്നാൽ മനുഷ്യൻ ദൈവ സൃഷ്ടിയാണ്. അതുകൊണ്ട് മനുഷ്യൻ തന്റെ സൃഷ്ടിയെയല്ല പ്രത്യുത സൃഷ്ടാവായ ദൈവത്തെയാണ് ആരാധിക്കേണ്ടത്.

പഴയനിയമത്തിൽ ദൈവത്തിനു രൂപമില്ല. ഹോറേബിൽ വച്ച് അഗ്നിയുടെ നടുവിൽ മോശയോടു സംസാരിച്ചു. (ആവ.4:15). എന്നാൽ പുതിയ നിയമത്തിൽ ദൈവം മനുഷ്യ ശരീരം സ്വീകരിച്ച് മനുഷ്യനു കാണപ്പെട്ടു. അതുകൊണ്ട് വിശുദ്ധ യോഹന്നാൻ ശ്ലീഹ പറയുന്നു. "ഞങ്ങൾ കണ്ടതും, കേട്ടതും, തൊട്ടതുമായ ജീവന്റെ വചനത്തെ അറിയിക്കുന്നു. (1.യോഹ. 9:1-1).

ചുരുക്കത്തിൽ ആരാധനയ്ക്ക് ദൈവത്തെയോ, വിശുദ്ധരെയോ ഓർക്കുന്നതിനും മനസ്സിനെ ഏകാഗ്രമാക്കുന്നതിനും ഫോട്ടോകൾ ഉപയോഗിച്ചാൽ അതു തെറ്റല്ല. എന്നാൽ ദൈവം എന്നു കണ്ട് അതിനെ ആരാധിച്ചാൽ അതു വിഗ്രഹാരാധനയാകുന്നു. യേശുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള സംഭവങ്ങൾ നാം അക്ഷരങ്ങളാൽ വായിച്ച് മനസ്സിലാക്കുന്നു. ഈ കാര്യങ്ങൾ ഒരു കവിക്കു ലഭിച്ചാൽ അദ്ദേഹം അതെല്ലാം കവിതയാക്കുന്നു. കലാകാരൻ നാടകമായി അവതരിപ്പിക്കുന്നു. ശില്പി അത് ശില്പങ്ങളായി മാറ്റുന്നു. അങ്ങനെ ഓരോരുത്തരും അവരവരുടെ കഴിവും കലാബോധവും അനുസരിച്ച് സത്യങ്ങളെ അവതരിപ്പിച്ചതുകൊണ്ട് അതു പാപം ആകുന്നില്ല. എന്നാൽ കലാരൂപങ്ങളെ ദൈവമായി കണ്ട് അവയെ ആരാധിച്ചാൽ അതു പാപമാകുന്നു.

*പുസ്തകപരിചയം*

# സൂര്യനെ അണിഞ്ഞ സ്ത്രീ

**ഫാ. ജിനു കുരുവിള കിഴക്കേമുട്ടത്തിൽ**

വെളിപാട് പുസ്തകം 12-ാം അദ്ധ്യായത്തിലെ 12 നക്ഷത്രങ്ങളെ ശിരസ്സിൽ കിരീടമാക്കിയ സൂര്യനെ അണിഞ്ഞ സ്ത്രീയെ തലക്കെട്ടാക്കി ആഞ്ഞിലിമൂട്ടിൽ ബഹു. എ. പി. ജേക്കബ് കശ്ശീശ രചിച്ച തന്റെ 12-ാമത്തെ പുസ്തകമാണ് 'സൂര്യനെ അണിഞ്ഞ സ്ത്രീ'. സുറിയാനി പാരമ്പര്യത്തിൽ സകല വിശുദ്ധന്മാരെയും കാൾ ഉപരിയായ സ്ഥാനമാണ് വി.ദൈവമാതാവിന് നൽകുന്നത്. സുറിയാനി പാരമ്പര്യത്തിലുള്ള എല്ലാ സഭകളും ഏഴിലധികം പെരുന്നാളുകൾ വി. ദൈവമാതാവിന്റെ ബഹുമാനാർത്ഥം കൊണ്ടാടുന്നു.

17 നൂറ്റാണ്ടുകൾക്ക് മുൻപ് വി. സഭ പൊതുസുന്നഹദോസുകളിലൂടെ പ്രഖ്യാപിച്ചതാണ് ഭൂമിയിലെ സകല വംശങ്ങളിൽ നിന്ന് ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളായ മറിയാം നിത്യകന്യകയും വിശുദ്ധയും ദൈവമാതാവുമാണെന്ന വിശ്വാസം. ഈ സത്യവിശ്വാസത്തെ വിശ്വാസികളുടെ മനസിൽ അരക്കിട്ട് ഉറപ്പിക്കുവാൻ ഈ ഗ്രന്ഥത്തിലൂടെ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്.

ദൈവജനനിയായ വി.കന്യകമറിയാമിനെക്കുറിച്ചുള്ള പരിശുദ്ധ സുറിയാനി സഭയുടെ കാഴ്ചപ്പാട്, വി.ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലും സഭാപിതാക്കന്മാരുടെ പഠിപ്പിക്കലിന്റെ വെളിച്ചത്തിലും ആരാധനാ പാരമ്പര്യങ്ങളിൽ നിറഞ്ഞു നിൽക്കുന്നു അത് ലളിതമായ രീതിയിൽ വിശ്വാസികളുടെ മുൻപാകെ അവതരിപ്പിക്കുവാൻ സാധിച്ചു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ശ്രേഷ്ഠത.



**ഫാ. എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ രചിച്ച 12-ാമത്തെ പുസ്തകം 'സൂര്യനെ അണിഞ്ഞ സ്ത്രീ' 1-9-2022-ൽ കല്ലിശ്ശേരി സെന്റ് മേരീസ് വലിയ പള്ളിയിൽ വച്ച് സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പ്രകാശനം ചെയ്തു.**

മനുഷ്യൻ പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടമാക്കിയപ്പോൾ തന്നെ രക്ഷയെക്കുറിച്ചുള്ള വാഗ്ദാനവും നൽകപ്പെട്ടിരുന്നു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന വാഗ്ദാനത്തെ ആദ്യപുസ്തകത്തിൽ എഴുതുവാൻ പ്രേരിപ്പിച്ച ദൈവത്തിന്റെ ആത്മാവ് തന്നെയാണ് വി.യോഹന്നാന്റെ സുവിശേഷത്തിൽ കന്യകമറിയാമിനെ സ്ത്രീ എന്ന് വിളിച്ചതായി രേഖപ്പെടുത്തിയതും. അടയാളങ്ങളുടെ ആരംഭമായി യേശു വെള്ളത്തെ വീഞ്ഞാക്കിയപ്പോഴും തന്റെ പരസ്യശുശ്രൂഷയുടെ അവസാനം വീഞ്ഞിനെ തിരുരക്തമാക്കി വിശ്വാസികൾക്ക് നൽകുന്നതിനുവേണ്ടി കാൽവരിയിലെ ബലി അർപ്പണ വേളയിലും തന്റെ മാതാവിനെ സ്ത്രീ എന്ന് വിളിച്ചത് വാഗ്ദാനങ്ങളുടെ പൂർത്തീകരണമായിരുന്നു എന്ന് തിരിച്ചറിയണമെങ്കിൽ ദൈവാത്മാവിന്റെ പ്രവർത്തനം ഉണ്ടാകണം. വി.ലൂക്കോസിന്റെ സുവിശേഷത്തിൽ ഉത്ഥിതനായ ക്രിസ്തു തിരുവെഴുത്തുകൾ അവർ തിരിച്ചറിയുവാൻ തക്കവണ്ണം അവരുടെ ബോധത്തെ തുറന്നതായി കാണുന്നു (ലൂക്കോ.24:43). ഈ തുറവിയുടെ അനന്തര ഫലമാണ് സൂര്യനെ അണിഞ്ഞ സ്ത്രീ എന്ന ഗ്രന്ഥം.

ഈ പുസ്തകത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ പ്രവാചകന്മാരിലൂടെ മുൻകൂട്ടി അരുളിച്ചെയ്ത വാഗ്ദാനങ്ങൾ കാലത്തിന്റെ സമ്പൂർണ്ണതയിൽ കന്യക മറിയാമിൽ എങ്ങനെ നിറവേറി എന്ന് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. പത്താം അദ്ധ്യായത്തിൽ കന്യക മറിയാമിന്റെ ജീവചരിത്രം വിവരിച്ചിരിക്കുന്നു. വി. മറിയാമിന്റെ ജീവചരിത്രത്തെ പ്രതിപാദിക്കുന്ന അനേക പുസ്തകങ്ങൾ ഉണ്ടെങ്കിലും ഈ ഗ്രന്ഥം സുറിയാനി മൂലകൃതികളിൽ നിന്ന് ഉള്ളതാകയാൽ പരി.സുറിയാനിസഭയുടെ അംഗമായിരിക്കുന്ന ഏതൊരു വിശ്വാസിയും നിർബന്ധമായി വായിച്ചിരിക്കേണ്ടതാണ് ഈ ഗ്രന്ഥം.

ക്നാനായ ഫാമിലി ഡയറക്ടറേറ്റിന്റെ സ്ഥാപക ഡയറക്ടറും അറിയപ്പെടുന്ന ഗ്രന്ഥകാരനും ഫാമിലി കൗൺസിലറും വിഖ്യാത ട്രയിനറും മലങ്കര സഭയെ സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസത്തിൽ നിലനിർത്തുന്നതിന് നേതൃത്വം നൽകിയ മഹാനായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ പിൻതലമുറക്കാരനുമായ ആഞ്ഞിലിമൂട്ടിൽ ബഹു. എ.പി.ജേക്കബ് കശ്ശീശായുടെ തൂലികയിലെ കിരീടത്തെ അലങ്കരിക്കുന്ന 12-ാമത്തെ നക്ഷത്രമാണ് സൂര്യനെ അണിഞ്ഞ സ്ത്രീ എന്ന ഈ ഗ്രന്ഥം. (ക്നാനായ ബുക്ക് സെന്ററിൽ ഈ പുസ്തകം ലഭ്യമാണ്.

## വെങ്കല മെഡൽ കരസ്ഥമാക്കി



ഭൂവനേശ്വരിൽ നടന്ന 48-ാ മത് ദേശീയ ജൂനിയർ നീന്തൽ മത്സരത്തിൽ ഗ്രൂപ്പ് 1 ആൺകുട്ടികളുടെ 200 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ വെങ്കല മെഡൽ നേടിയ (2:27:19) കെവിൻ ജിനുവിന് അഭിനന്ദനങ്ങൾ. ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ കോഴിമറ്റം തോട്ടത്തിൽ ജിനു മാത്യു, റിൻസി ജിനുവിന്റെ (പാലാ) മകൻ ആണ് കെവിൻ.

## മലങ്കര സുറിയാനി ക്നാനായ വനിതാ സമാജം 28-ാ മത് കേന്ദ്ര വാർഷിക സമ്മേളനം

മലങ്കര സുറിയാനി ക്നാനായ വനിതാ സമാജം 28-ാ മത് കേന്ദ്ര വാർഷിക സമ്മേളനം 2022 ഡിസംബർ 2 വെള്ളിയാഴ്ച കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളിയിൽ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യും. റവ.ഫാ. ജിസൺപോൾ വേങ്ങശ്ശേരിൽ മുഖ്യപ്രഭാഷണം നടത്തുന്നതാണ്. ക്നാനായ അതിഭദ്രാസനത്തിലെ എല്ലാ ഇടവകകളിൽനിന്നും ബഹു. വൈദികരേയും, സുവിശേഷകരേയും വനിതാസമാജം അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.






## മൂന്നാം റാങ്ക് കരസ്ഥമാക്കി



കേരള Architecture പ്രവേശന പരീക്ഷയിൽ (Keam B. Arch 2022) മൂന്നാം റാങ്ക് **ലോറ തോമസ്** കരസ്ഥമാക്കി.

തിരുവനന്തപുരം കോളജ് ഓഫ് എഞ്ചിനീയറിംഗ് (CET) യിൽ B Arch ന് ചേർന്നു പഠിക്കുന്നു. തുരുത്തിക്കാട് തോട്ടത്തിൽ സെന്റ് മേരീസിൽ അഡ്വ. തോമസ് സ്ക്കറിയയുടെയും (തിരുവനന്തപുരം) ഡോ. ദീപ തോമസിന്റെയും (മെഡിക്കൽ ഓഫീസർ ECHS, മിലിട്ടറി സ്റ്റേഷൻ, പാങ്ങോട്, തിരുവനന്തപുരം) മകളാണ്. സഹോദരി Natasha Thomas പോണ്ടിച്ചേരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (PIMS) രണ്ടാം വർഷ MBBS വിദ്യാർത്ഥിയാണ്

### S.S.L.C Full A+



**Maria Elizabeth Laiju**
D/o ലൈജു കുറിയാക്കോസ്
കാരിക്കോട്ട്
മോർ ഇഗ്നാത്തിയോസ്പള്ളി
കുറിച്ചി

### + 2 Full A+



**Pritty Abraham**
D/o ഒ. എ. ഏബ്രഹാം
ഉറുമ്പിക്കുന്നേൽ
സെന്റ് ജോൺസ് ക്നാനായ
പള്ളി, തുരുത്തിക്കാട്






## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, എറണാകുളം**

---

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**
പരി.ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, എറണാകുളം**

---

**വി. ശെമവൂൻ ശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. ശെമവൂൻ ശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, എറണാകുളം**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി**

---

**പരിശുദ്ധ ദൈവമാതാവിന്റെ ഉപകാരസ്മരണ**
പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഒരു വിശ്വാസി**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, വാകത്താനം**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
**ഒരു വിശ്വാസി യു.എസ്.എ.**
**ഒരു വിശ്വാസി, കുറിച്ചി**
**ഒരു വിശ്വാസി, കോട്ടയം**

## നീതിമാനായ നോഹ

**അഫ്റി റോബി പാലക്കുടി, കഴിമറ്റം**

നീതിമാനായൊരു നോഹയന്ന്
ദൈവത്തിൽ കല്പന കേട്ടുനന്നായ്
പേടകമുണ്ടാക്കി ഉള്ളിലാക്കി
പക്ഷി മൃഗാദികൾ ജോഡികളായ്
ഹൃത്തിൽ അഹങ്കാരം മൂത്തൊരുനാൾ
ബാബേലിൽ ഗോപുരം നിർമ്മിച്ചതാം
മർത്യരെ ദൈവം ചിതറിച്ചപോൽ
ധിക്കാരം നമ്മെയും ചിതറിച്ചീടും
മക്കളാം നമ്മൾതൻ പാപങ്ങൾ
ദൈവത്തെ വേദനിപ്പിച്ചീടും
ദൈവത്തിൽ നിന്നുമകന്നാലോ
സോദരരന്യരായ് തീർന്നിടും
പാപങ്ങൾ ചെയ്തെന്റെ താതനെ
വേദനിപ്പിക്കില്ലൊരിക്കലും ഞാൻ
വേദനിപ്പിക്കില്ലൊരിക്കലും ഞാൻ
ദൈവത്തിൻ സംപ്രീതി നേടിടും ഞാൻ
ദൈവത്തിൻ സംപ്രീതി നേടിടും ഞാൻ

## KNANAYA MERIT AWARD 2022

Applications are invited from eligible candidates for the above

Eligibility criteria
S.S.L.C. & +2 Distinction & Above
Degree & Post graduation 1st Class & Above
PHD, M.Phil etc.. eligible candidates

Eligible canndidates please submit the copy of Mark list attested by Vicar with full Address & Mobile Number to the Samudaya Office, Chingavanam.

For any clarification please Contact conveners
Jacob Thomas, Mattakattu - 9447356050
T.C. Thomas, Thoppil - 9847427709
Villy Vadamattom - 9447286716
Alichen Aronnil - 9447207280

# ക്നാനായദീപം മാസിക വരിസംഖ്യ, പരസ്യനിരക്കുകൾ

പ്രിയ വായനക്കാരെ,

കോവിഡ് കാലത്തിനുശേഷം സെപ്തംബർ ലക്കം മുതൽ വിദേശത്തേയ്ക്ക് ക്നാനായദീപം മാസിക അയയ്ക്കുവാൻ തുടങ്ങിയിട്ടുണ്ട്. വിദേശത്ത് മാസിക കിട്ടാത്തവർ ക്നാനായ ദീപത്തിന്റെ Whats app no. 8547584440 ൽ ബന്ധപ്പെടുക. കോവിഡിനു ശേഷം പേപ്പറിന് 60% ത്തിനു മേൽ വർദ്ധനവ് ഉണ്ടായതിനാൽ ക്നാനായ ദീപത്തിന്റെ അച്ചടി അനുബന്ധ ചിലവുകൾ ഗണ്യമായി വർദ്ധിച്ചതിനാൽ **2022 ഡിസംബർ ലക്കം മുതൽ പരസ്യനിരക്കിലും 2023 ജനുവരി മുതൽ വരിസംഖ്യനിരക്കിലും** ചെറിയ ഒരു വർദ്ധനവ് വരുത്തുകയാണ്. വിദേശത്തുള്ളവർ ദയവായി കുടിശിഖ അടയ്ക്കണം. അല്ലാത്തപക്ഷം മാസിക അയക്കുകയില്ല.

വർദ്ധനവ് നിരക്കുകൾ ഈ ലക്കം മാസികയിൽ ചേർക്കുന്നു. ഇന്ത്യയിലും വരിസംഖ്യ പിരിക്കുന്നതിന് ഇപ്പോൾ സാധിക്കുന്നില്ല. കേരളത്തിലും, കേരളത്തിനു പുറത്തുള്ളവർക്കും കുടിശ്ശിഖയുണ്ട്.

ക്നാനായ ദീപത്തിന്റെ വാട്ട്സ് അപ്പ് നമ്പരായ 8547584440 ൽ അഡ്രസ് അയച്ചാൽ കുടിശിഖ അറിയിക്കുന്നതായിരിക്കും. ഓൺലൈനായി ബാങ്ക് അക്കൗണ്ടുകളിൽ കുടിശിഖയും പരസ്യചാർജുകളും അയയ്ക്കാവുന്നതാണ്. എല്ലാവരുടേയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു

എന്ന്,

**മാനേജിംഗ് എഡിറ്റർ**
Ph: 9447563240, 8547584440
Email: kna.deepam@gmail.com

**Ac/No. 57004254154**
**Chief Editor andMg Editor**
**Knanaya deepam**
**SBI Chingavanam**
**IFSC SBIN 0070128**

**Knanayadeepam**
**Ac/No. 12990200001178**
**Federal Bank**
**Chingavanam**
**IFSC FDRL 0001299**

## ക്നാനായദീപം പുതുക്കിയ പരസ്യനിരക്ക്

| | | പുതുക്കിയ നിരക്ക് |
|---|---|---|
| **ക്നാനായദീപം വരിസംഖ്യ** | | |
| ഒരുവർഷം | – | 200 |
| പത്തുവർഷം | – | 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | – | 4000 |
| **പരസ്യനിരക്ക്** | | |
| ഉപകാരസ്മരണ | – | 450 |
| പേര് മാത്രം | – | 350 |
| മാട്രിമോണിയൽ | – | 750 |
| **ബ്ലായ്ക്ക്& വൈറ്റ്** | | |
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | – | 1000 |
| കാൽപേജ് | – | 2000 |
| അരപേജ് | – | 4000 |
| ഫുൾപേജ് | – | 6000 |
| **കളർ പരസ്യനിരക്ക്** | | |
| കാൽപേജ് | – | 5000 |
| അരപേജ് | – | 7500 |
| ഫുൾ പേജ് | – | 12000 |
| കവർ ഇൻസൈഡ് | – | 15000 |
| ബായ്ക്ക് കവർ | – | 17500 |




# വിൻസ്റ്റൺ ചർച്ചിൽ

## Never, Never, Never give up

എബി

ഒരിക്കൽ ഒരു പ്രധാനമന്ത്രി ബ്രിട്ടീഷ് യൂണിവേഴ്സിറ്റിയിൽ മുഖ്യപ്രഭാഷകനായി ക്ഷണിക്കപ്പെട്ടു. കൃത്യമായ സമയനിഷ്ഠ പാലിക്കുന്ന ആളാണെങ്കിലും വാഹനത്തിന് തകരാറു സംഭവിച്ചതിനാൽ സമ്മേളനത്തിൽ എത്താൻ വൈകി. മീറ്റിംഗ് തീരുന്നതിന് അഞ്ചുമിനിറ്റ് മുമ്പാണ് അവിടെ എത്തിച്ചേരാൻ സാധിച്ചത്. സദസ്യർ ക്ഷമയോടെ അദ്ദേഹത്തിനു വേണ്ടി കാത്തിരിക്കയായിരുന്നു. ഒരു സന്ദേശം നൽകണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു. മഹാനായ പ്രധാനമന്ത്രി മൂന്നു വാക്കുകളിൽ തന്റെ പ്രസംഗം ചുരുക്കി:



Never give up. (ഒരിക്കലും വിട്ടുകളയരുത്, പിന്മാറരുത്). അല്പനേരത്തെ നിശബ്ദതയ്ക്കു ശേഷം ആവർത്തിച്ചു. Never, Never give up. ഒരിക്കലും ഒരിക്കലും പിന്മാറരുത്. സദസ്യരുടെ കൈയ്യടിഘോഷം ഉച്ചത്തിൽ ഉയർന്നു. അപ്പോൾ പ്രസംഗകൻ അതിലും ഉച്ചത്തിൽ തുടർന്നു. Never, Never, Never give up. മൂന്നു വാക്കിൽ ഒരുങ്ങുന്ന പ്രശസ്തമായ ആ സന്ദേശം നൽകിയ വ്യക്തിയാണ് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിൽ.

"പിന്മാറാതെ മുന്നേറുക" അതായിരുന്നു അദ്ദേഹത്തിന്റെ ജീവിതമന്ത്രം.

നോബേൽ സമ്മാനം നേടിയ എഴുത്തുകാരനാണെങ്കിലും ഉറച്ച ഒരു ഭരണാധികാരി എന്ന നിലയിലാണ് വിൻസ്റ്റൺ ചർച്ചിൽ ഇടം നേടിയത്. ജർമ്മനിക്കെതിരെയുള്ള ബ്രിട്ടീഷ് ജനതയുടെ പ്രതിരോധത്തിന്റെ പ്രതീകമായി അദ്ദേഹം കണക്കാക്കപ്പെടുന്നു.

ചർച്ചിലിന്റെ യഥാർത്ഥ പേര് വിൻസ്റ്റൺ ലിയോനാർഡ് സ്പെൻസർ ചർച്ചിൽ. റാൻഡോൾഫ് ചർച്ചിൽ & ജെന്നി സ്പെൻസർ ചർച്ചിൽ ഇവരായിരുന്നു മാതാപിതാക്കൾ. 1874 നവംബർ 30 യു. കെ. യിലെ ബ്ലെൻഹിം പാലസിലായിരുന്നു ഡ്യൂക്കിന്റെ മകനായ ചർച്ചിലിന്റെ ജനനം. ഹാരോ സ്കൂളിലും ഹോവ് ബ്രൗൺസ്വിക് സ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം നേടി.

പഠന കാര്യത്തിൽ വലിയ മികവൊന്നും പുലർത്തിയിരുന്നില്ലെങ്കിലും നല്ല ചുറുചുറുക്കുള്ള വിദ്യാർത്ഥിയായിരുന്നു ചർച്ചിൽ. പിന്നീട് റോയൽ മിലിട്ടറി കോളജിൽ ചേർന്നു പഠിച്ചു. 6 വർഷം ബ്രിട്ടീഷ് ആർമിയിൽ സേവനമനുഷ്ഠിച്ചു.

1908 ൽ ക്ലെമിന്റിനെ വിവാഹം കഴിച്ചു. ആദ്യഭാര്യ കാതറിനുമായി തെറ്റിപ്പിരിഞ്ഞതിനുശേഷമായിരുന്നു അത്. 56 വർഷം ആ ബന്ധം നീണ്ടുനിന്നു.അതിലുണ്ടായ കുട്ടികളാണ് റാൻ ഡോൾഫ്, ഡയാനാ, മാരിഗോൾഡ്, സാറാ.

1911 ൽ ചർച്ചിൽ കപ്പൽ സൈന്യ മന്ത്രിസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. ബ്രിട്ടന്റെ കപ്പൽ സേനയെ അദ്ദേഹം ആധുനീകരിച്ചു. 1940 ൽ ചർച്ചിൽ ബ്രിട്ടന്റെ പ്രധാന മന്ത്രിയായി. രണ്ടാം ലോകമഹായുദ്ധത്തിൽ ഇംഗ്ലീഷ് ചാനൽ കടന്ന് ബ്രിട്ടനിലേയ്ക്ക് കടക്കാനുള്ള ജർമ്മനിയുടെ ശ്രമത്തെ ചർച്ചിലിന്റെ നേതൃത്വത്തിലുള്ള റോയൽ എയർ തകർത്ത് തരിപ്പണമാക്കി. അത് ചർച്ചിലിന്റെ കിരീടത്തിൽ ഒരു പൊൻതൂവലായി. 1945 ലെ തിരഞ്ഞെടുപ്പിൽ ചർച്ചിലിന്റെ കൺസർവേറ്റീവ് പാർട്ടി പരാജയപ്പെട്ടെങ്കിലും 1951 ൽ ചർച്ചിൽ വീണ്ടും പ്രധാനമന്ത്രിയായി. ചർച്ചിൽ പറഞ്ഞു:-

വിജയം അന്തിമമല്ല. പരാജയം ദുരന്തവുമല്ല. മുന്നേറാനുള്ള ധൈര്യമാണ് പ്രധാനം. സ്വന്തം ജീവിതത്തിൽ അദ്ദേഹമതു തെളിയിച്ചു.

വിജയത്തെ സൂചിപ്പിക്കാൻ രണ്ടു വിരലുകൾ ഇംഗ്ലീഷ് അക്ഷരമായ 'V' (Victory) യുടെ ആകൃതിയിൽ കാണിക്കുന്ന രീതി ചർച്ചിലിന്റെ സംഭാവനയാണ്.

1940 മെയ് 13 ന് പ്രധാനമന്ത്രിയായി ആദ്യം ബ്രിട്ടീഷ് പാർലമെന്റിൽ ചർച്ചിൽ ചെയ്ത പ്രസംഗം പ്രസിദ്ധമാണ്. 'രക്തവും, കണ്ണീരും, വിയർപ്പും, കഠിനാദ്ധ്വാനവുമല്ലാതെ മറ്റൊന്നും നിങ്ങൾക്കു തരാൻ എനിയ്ക്കില്ല".

റഷ്യയുടെ ഇരുമ്പുമറ (Iron Curtain) എന്ന പ്രയോഗവും വിൻസ്റ്റൺ ചർച്ചിലിന്റേതാണ്.

